
ബൈബിൾ തീർത്ഥാടനം 7

MAR LOUIS PUBLICATIONS

# സംഖ്യ



ഡോ. മൈക്കിൾ കാരിമറ്റം



ഡോ. മൈക്കിൾ കാരിമറ്റം

തലശ്ശേരി അതിരൂപതയിലെ വൈദികൻ. 1942ൽ ജനനം. 1968ൽ റോമിൽവച്ച് പൗരോഹിത്യം സ്വീകരിച്ചു. 1979ൽ റോമിലെ പൊന്തിഫിക്കൽ ബൈബിൾ ഇൻസ്റ്റിറ്റ്യൂട്ടിൽനിന്ന് ബൈബിളിൽ ഡോക്ടറേറ്റ് കരസ്ഥമാക്കി. ഇപ്പോൾ മേരിമാതാ മേജർ സെമിനാരിയിൽ പ്രൊഫസറായി സേവനമനുഷ്ഠിക്കുന്നു.

# സംഖ്യ

സംഖ്യാ പുസ്തകത്തിലെ വിവരണങ്ങളെല്ലാം തന്നെ ഒരു യാത്രയുടെ ചട്ടക്കൂട്ടിൽ ഒതുക്കിയിരിക്കുന്നു. ജനസംഖ്യ, പാളയസംവിധാനം, യാത്രയുടെ ക്രമങ്ങൾ മുതലായവയെ സംബന്ധിച്ച നിയമങ്ങളെല്ലാം സുദീർഘവും ക്ലേശകരവുമായ ഒരു പടനീക്കത്തിന്റെ ശൈലിയിൽ അവതരിപ്പിക്കുന്നു. ഐതിഹാസികമായ ഒരു യാത്രയുടെ ചരിത്രം വിവരിക്കുക എന്നതല്ല സംഖ്യ പുസ്തകത്തിന്റെ മുഖ്യലക്ഷ്യം. വാഗ്ദത്തഭൂമി എന്ന വിശുദ്ധമായ ലക്ഷ്യത്തെ മുൻനിറുത്തി ജനം മരുഭൂമിയിലൂടെ നടത്തിയ തീർത്ഥാടനമാണിത്. ലോകജനതകൾക്കു മുഴുവൻ ആദ്ധ്യാത്മികമായ ആഹാരവും മാർഗ്ഗനിർദ്ദേശവും നല്കുന്നതിനാണ് ഇവ രേഖപ്പെടുത്തിയിരിക്കുന്നത്.

ISBN 978-81-945351-2-6

9 788194 535126

Mar Louis Publications
Broadway, Ernakulam, Kochi - 682 031
Ph: 0484 - 2352110
website:www.marlouiskochi.com
e-mail:mlbookcentre@gmail.com
e-mail:mlpekam@gmail.com

ബൈബിൾ തീർത്ഥാടനം – 8

# സംഖ്യ

മൈക്കിൾ കാരിമറ്റം

BIBLE PILGRIMAGE - 8 NUMBERS

(Malayalam)

Author : Michael Karimattam

Printed and Published by :

The Department of Bible Apostolate, P.B. 70, Tellicherry 670 101

DTP : Cauvery Creations, Calicut - 1

Printed at : Assisi Press

Bharananganam - 686 578, Ph : 048218/487

First Published : April 1994

Reprint : October 1995

Copy Right : The AuthorPrice : Rs. 15.00

All rights reserved

No part of this book may be reproduced in any manner without

the written permission of the author

# ഉള്ളടക്കം


**ആമുഖം**

പേര് - ഗ്രന്ഥകർത്താവ് - കാലം - ഘടന - പ്രധാന ആശയങ്ങൾ - പ്രസക്തി - വിഭജനം

## I യാത്രയ്ക്ക് ഒരുക്കം 1, 1–10, 10

1.ജനസംഖ്യ 1, 1–4, 49

പന്ത്രണ്ടു ഗോത്രങ്ങളുടെ ജനസംഖ്യ - ലേവ്യരുടെ ദൗത്യം - പാളയസംവിധാനം - പുരോഹിതന്മാരും ലേവ്യരും.

2. വിവിധ നിയമങ്ങൾ 5, 1–6, 27

അശുദ്ധരെ അകറ്റുക - നഷ്ടപരിഹാരം - പാതിവ്രത്യശങ്ക - നസീർവ്രതം - പുരോഹിതന്റെ ആശീർവ്വാദം

3. കാഴ്ചകളും സമർപ്പണവും 7, 1–10, 10

ഗോത്രത്തലവന്മാരുടെ കാഴ്ചകൾ - ദീപസജ്ജീകരണം - ലേവ്യരുടെ സമർപ്പണം - പെസഹാ ആഘോഷം - വഴി നടത്തുന്ന ദൈവം - കാഹളം.

## II യാത്ര 10, 11 – 22, 1 32

1. സീനായ് മുതൽ കാദേശ് വരെ 10, 1–12, 16

സീനായ് വിടുന്നു - ആഹാരം, അധികാരം മിരിയാമിനു ശിക്ഷ

2. അലച്ചിലിന്റെ തുടക്കം 13, 1–14, 45

ദേശനിരീക്ഷണം - കലാപം - മോശയുടെ മാധ്യസ്ഥ്യം - മാപ്പും ശിക്ഷയും

3. നേതൃത്വവും നിയമങ്ങളും 15, 1–19, 22

കാഴ്ചകൾ - നേതൃത്വത്തിനുവേണ്ടി കലാപം - ചില നിയമങ്ങൾ

4. മൊവാബു സമതലത്തിലേക്ക് 20, 1-22, 1 60

മോശയുടെ പാപം - മാർഗ്ഗതടസ്സം - അഹറോന്റെ മരണം - പിച്ചളസർപ്പം - വിജയത്തിന്റെ തുടക്കം -

**III വാഗ്ദത്തഭൂമിയുടെ പടിവാതില്ക്കൽ 22-36 70**

1. ബാലാമിന്റെ പ്രവചനങ്ങൾ 22-24 71

ബാലാക്കും ബാലാമും - ദൂതന്മാരും ബാലാമിന്റെ പ്രതികരണവും ബാലാമും കഴുതയും - നാലു പ്രവചനങ്ങൾ.

2. വിവിധ സംഭവങ്ങളും നിയമങ്ങളും 25 - 36 82

വിജാതീയസ്ത്രീകളുടെ സ്വാധീനം - രണ്ടാമത്തെ ജനസംഖ്യ - പിന്തുടർച്ചാവകാശം - നേതൃത്വം ജോഷ്വായ്ക്ക് - ബലികളും തിരുനാളുകളും - നേർച്ചകളുടെ സാധുത - മിദിയാനെതിരേ യുദ്ധം - വാഗ്ദത്തഭൂമിക്കു പുറത്ത് അവകാശം - യാത്രയിലെ താവളങ്ങൾ - ലേവ്യരുടെ പട്ടണങ്ങൾ - അവകാശിനിയുടെ വിവാഹം.

# ആമുഖം

## 1. പുസ്തകത്തിന്റെ പേര്

ബൈബിളിലെ നാലാമത്തെ പുസ്തകം സംഖ്യ എന്ന പേരിൽ അറിയപ്പെടുന്നു. ഹെബ്രായഭാഷയിൽ എഴുതപ്പെട്ട ബൈബിൾ ഗ്രീക്കിലേയ്ക്ക് വിവർത്തനം ചെയ്തവരാണ് ഈ പേരു നല്കിയത്. അരിത്മോയ് (Arithmoi) എന്ന ഗ്രീക്കു പദമാണ് "സംഖ്യ" (Numbers) എന്നു വിവർത്തനം ചെയ്യുന്നത്.

പുസ്തകത്തിന്റെ ആരംഭത്തിലും (1, 20-46) അവസാനത്തിലും (26, 1-51) ജനസംഖ്യാകണക്കെടുക്കുന്നതായി വിവരിക്കുന്നതിനാലാണ് "സംഖ്യ" എന്ന പേരു നല്കപ്പെട്ടത്. ഇതിനു പുറമെ, ലേവ്യരുടെ എണ്ണം (3, 14-51; 26, 57-62); നേതാക്കന്മാരുടെ പട്ടികകൾ (1, 5-15) ഗോത്രത്തലവന്മാർ നല്കിയ കാഴ്ചകളുടെ കണക്ക് (7, 10-83); ദേശം ഒറ്റു നോക്കാൻ അയച്ച് ചാരന്മാരുടെ പേരുവിവരം (13, 4-15), തിരുനാൾ ദിവസങ്ങളിൽ ബലിയർപ്പിക്കുന്ന മൃഗങ്ങളുടെ എണ്ണം (28, 1-23), യുദ്ധത്തിൽ കൊള്ളയായി ലഭിച്ച മനുഷ്യരുടെയും മൃഗങ്ങളുടെയും അംഗസംഖ്യ (31, 25-52) എന്നിങ്ങനെ കൃത്യമായ എണ്ണത്തിനു പ്രാധാന്യം നല്കുന്ന അനേകം പട്ടികകൾ ഈ പുസ്തകത്തിൽ കാണുന്നതും "സംഖ്യ" എന്ന പേരു നല്കുന്നതിന് കാരണമായിട്ടുണ്ടാവും. എന്നാൽ ഇതുകൊണ്ടു മാത്രം പുസ്തകത്തിന്റെ ഉള്ളടക്കം വ്യക്തമാവുകയില്ല.

ഹീബ്രു ബൈബിളിൽ, പുസ്തകത്തിന്റെ ആദ്യവാക്യത്തിലെ അഞ്ചാമത്തെ വാക്കായ "ബ്മിദ്ബാർ" എന്ന പദമാണ് പുസ്തകത്തിന്റെ പേരായി ഉപയോഗിച്ചിരിക്കുന്നത്. "മരുഭൂമിയിൽ" എന്നാണ് ഈ പേരിന്റെ അർത്ഥം. ഇസ്രായേൽ ജനം വാഗ്ദത്തഭൂമി ലക്ഷ്യം വച്ച് മരുഭൂമിയിലൂടെ നടത്തിയ യാത്രയാണ് പുസ്തകത്തിൽ പ്രതിപാദിക്കുന്നത് എന്നു സൂചിപ്പിക്കാൻ ഈ പേര് കൂടുതൽ പര്യാപ്തമാണ്. എന്നാൽ ഇതും ഉള്ളടക്കത്തെ മുഴുവനായി പ്രകടിപ്പിക്കുന്നില്ല എന്നു സമ്മതിക്കണം.

## 2. ഗ്രന്ഥകർത്താവ് – കാലം

പഞ്ചഗ്രന്ഥത്തിലെ മറ്റു പുസ്തകങ്ങളെപ്പോലെ തന്നെ “സംഖ്യ”യും മോശ എഴുതിയതായി കരുതപ്പെട്ടിരുന്നു. ഈ ഗ്രന്ഥത്തിൽ വിവരിക്കുന്ന സംഭവങ്ങളിലെ മുഖ്യനേതാവ് മോശയാണ്. മോശ വഴി ദൈവം നല്കിയ നിയമങ്ങളും ചട്ടങ്ങളുമാണ് ഇതിൽ രേഖപ്പെടുത്തിയിരിക്കുന്നത്. നൂറ്റാണ്ടുകളിലൂടെ കൈമാറിവന്ന വിവിധ പാരമ്പര്യങ്ങൾ സംയോജിപ്പിച്ച് ഇന്നു ലഭിച്ചിരിക്കുന്ന രീതിയിൽ പുസ്തകമായി എഴുതപ്പെട്ടത് ബി. സി. അഞ്ചാം നൂറ്റാണ്ടിലായിരിക്കണം. സംഭവങ്ങളുടെ വിവരണങ്ങൾ അധികപങ്കും യാഹ്വിസ്റ്റ് – ഏലോഹിസ്റ്റ് (J-E) രചനയും വിവിധ പട്ടികകൾ, നിയമസംഹിതകൾ മുതലായവ പുരോഹിതരചനയും (P) ആണെന്നു കരുതപ്പെടുന്നു.


## 3. ഘടന

ഇസ്രായേൽജനം മരുഭൂമിയിലൂടെ ചെയ്ത യാത്രയുടെ വിവരണമാണ് സംഖ്യാപുസ്തകത്തിൽ രേഖപ്പെടുത്തിയിരിക്കുന്നത്. ഏകദേശം നാല്പതു വർഷം ദീർഘിച്ച ഈ യാത്രയിലെ വിവിധ താവളങ്ങളെ കുറിച്ചു വിവരിക്കുന്നുണ്ടെങ്കിലും കൃത്യമായ ഒരു യാത്രാവിവരണമാണിതെന്നു പറയാനാവില്ല. യാത്രയുമായി ബന്ധപ്പെട്ട ചുരുക്കം സംഭവങ്ങളേ രേഖപ്പെടുത്തിയിട്ടുള്ളൂ. അവതന്നെ യാത്രയുടെ ഏതു ഘട്ടത്തിലാണ് നടന്നതെന്നു വ്യക്തവുമല്ല. സീനായ്, കാദെശ്, മൊവാബ് സമതലം എന്നീ മൂന്നു താവളങ്ങളെ കേന്ദ്രമാക്കിയാണ് വിവരണങ്ങൾ നല്കിയിരിക്കുന്നത്. യാത്രാവിവരണങ്ങൾക്കു മധ്യേ വിവിധങ്ങളായ നിർദ്ദേശങ്ങളും നിയമങ്ങളും രേഖപ്പെടുത്തിയിരിക്കുന്നു.

ജനസംഖ്യ, പാളയസംവിധാനം, പൗരോഹിത്യം, നേതൃത്വം എന്നിവയെ സംബന്ധിച്ച നിയമങ്ങൾ യാത്രാവിവരണത്തിന്റെ സാഹചര്യങ്ങളുമായി ബന്ധപ്പെട്ടു പോകുന്നു. എന്നാൽ മറ്റു നിയമങ്ങൾക്ക് വിവരണങ്ങളുമായി പ്രത്യേക ബന്ധമൊന്നുമില്ല. ഇവയിൽ പലതും പുറപ്പാട്, ലേവ്യർ പുസ്തകങ്ങളിൽ കണ്ട നിയമങ്ങളുടെ വിശദീകരണങ്ങളോ വ്യത്യസ്തങ്ങളായ അവതരണങ്ങളോ ആണ്. എന്തു

കൊണ്ട് ഈ നിയമനിർദ്ദേശങ്ങൾ യാത്രാവിവരണങ്ങൾക്കു മധ്യേ ചേർത്തിരിക്കുന്നു എന്നു വ്യക്തമല്ല. യാത്രാവിവരണം സംഭവങ്ങളുടെ വസ്തുനിഷ്ഠവും ക്രമാനുഗതവുമായ ഒരു വിവരണമല്ല. ഗ്രന്ഥകർത്താവ് എടുത്തുകാട്ടാൻ ആഗ്രഹിക്കുന്ന ചില നിയമങ്ങളുടെ പ്രാധാന്യം വ്യക്തമാക്കുകയാണ് ഈ വിവരണങ്ങളുടെ ലക്ഷ്യം എന്നു തോന്നും.

കൽദായരുടെ ഊറിൽ (ഉൽ 11, 31) ആരംഭിച്ച് കാനാൻദേശത്തു ചെന്നവസാനിക്കുന്ന സുദീർഘമായ യാത്രയുടെ ഒരു ഭാഗം മാത്രമാണ് സംഖ്യാപുസ്തകത്തിൽ അവതരിപ്പിക്കുന്നത്. ഈ യാത്രയുടെ പ്രധാന ഘട്ടങ്ങളും അവയിൽ സംഖ്യാപുസ്തകത്തിലെ വിവരണങ്ങളുടെ സ്ഥാനവും താഴെ കൊടുത്തിരിക്കുന്ന രേഖാചിത്രത്തിൽ നിന്നും മനസ്സിലാക്കാം.




ബാബേലിൽ വച്ച് ചിതറിപ്പോയ മനുഷ്യസമൂഹത്തെ വീണ്ടും ഒരുമിച്ചു കൂട്ടാനുള്ള ദൈവികപദ്ധതിയാണ് ഈ യാത്രയിലൂടെ ചുരുളഴിയുന്നത്. ഊർ മുതൽ ഈജിപ്തുവരെയുള്ള യാത്രയുടെ ചരിത്രം ഉൽപത്തി പുസ്തകത്തിൽ അവതരിപ്പിച്ചു. ഈജിപ്തിൽ നിന്നു പുറപ്പെട്ട് സീനായ് മലയുടെ അടിവാരത്തിൽ പാളയമടിക്കുന്നതു വരെയുള്ള യാത്ര പുറപ്പാടു പുസ്തകത്തിന്റെ ആദ്യഭാഗത്തു വിവരിക്കുന്നു. പുറപ്പാട് 19-40, ലേവ്യർ, സംഖ്യ 1-10 എന്നീ ബൈബിൾ ഭാഗങ്ങൾ സീനായ്മലയിൽ വച്ചു ദൈവം നല്കിയ നിയമങ്ങളും നിർദ്ദേശങ്ങളും രേഖപ്പെടുത്തുന്നു. സീനായ്മലയിൽ നിന്നു പുറപ്പെട്ട ജനം കാദെശിലും പിന്നീട് മൊവാബുസമതലത്തിലും ചെന്നെത്തുന്നതിന്റെ

ചരിത്രമാണ് സംഖ്യാ പുസ്തകത്തിൽ വിവരിക്കുന്നത്. മൊവാബു സമതലത്തിൽ വച്ചു മോശ ജനത്തോടു ചെയ്ത പ്രസംഗങ്ങൾ നിയമാവർത്തന പുസ്തകത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു. മൊവാബിൽ നിന്നു പുറപ്പെട്ട് കാനാൻദേശം കൈയ്യടക്കുന്നതിന്റെ വിവരണം ജോഷ്വായുടെ പുസ്തകത്തിൽ കാണാം. ഇസ്രായേൽ ജനം കാനാൻദേശം സ്വന്തമാക്കുന്നതോടെയാണ് ദൈവം അബ്രാഹത്തിനു ഭൂമിയെ സംബന്ധിച്ചു നല്കിയ വാഗ്ദാനം പൂർത്തിയാകുന്നത്.

## 4. പ്രധാന ആശയങ്ങൾ

കണക്കുകൂട്ടലുകളുടെയും നിയമസംഹിതകളുടെയും ബാഹുല്യത്തിൽ ശ്രദ്ധിക്കപ്പെടാതെ പോയേക്കാവുന്ന സംഖ്യാ പുസ്തകത്തിലെ ചില പ്രധാന ആശയങ്ങൾ അറിഞ്ഞിരിക്കുന്നത് പുസ്തകത്തിന്റെ പൊതുവായ സന്ദേശം ഗ്രഹിക്കാൻ സഹായകമാകും.

**a. യാത്ര** : സംഖ്യാ പുസ്തകത്തിലെ വിവരണങ്ങളെല്ലാം തന്നെ ഒരു യാത്രയുടെ ചട്ടക്കൂട്ടിൽ ഒതുക്കിയിട്ടിരിക്കുന്നു. ജനസംഖ്യ, പാളയ സംവിധാനം, യാത്രയിൽ പാലിക്കേണ്ട ക്രമങ്ങൾ മുതലായവയെ സംബന്ധിച്ച നിയമങ്ങളെല്ലാം സുദീർഘവും ക്ലേശകരവുമായ ഒരു പടനീക്കത്തിന്റെ ശൈലിയിൽ അവതരിപ്പിക്കുന്നു. വാഗ്ദത്തഭൂമി എന്ന വിശുദ്ധമായ ലക്ഷ്യത്തെ മുന്നിൽ കണ്ടുകൊണ്ട് ജനം മരുഭൂമിയിലൂടെ നടത്തിയ തീർത്ഥാടനമാണിത്.

**b. ജനത്തിന്റെ രൂപീകരണം** : മോശയുടെ നേതൃത്വത്തിൽ ഈജിപ്തിൽ നിന്നു പുറപ്പെട്ടത് വ്യത്യസ്തമായ ആശയങ്ങളും താൽപര്യങ്ങളുമുള്ള ഒരു ആൾക്കൂട്ടമായിരുന്നു. യാക്കോബബിന്റെ സന്തതികളു ഇതര ജനതകളും ആ കൂട്ടത്തിലുണ്ടായിരുന്നു. വിശ്വാസം, ആചാരങ്ങൾ, പ്രതീക്ഷകൾ, സ്വഭാവസവിശേഷതകൾ എന്നിവയിലെല്ലാം വൈവിധ്യമാർന്നതായിരുന്നു ഈ ആൾക്കൂട്ടം. സീനായ്മലയുടെ അടിവാരത്തു വച്ച് ഉടമ്പടിയിലൂടെ അവർ ദൈവജനമായി തിരഞ്ഞെടുക്കപ്പെട്ടു. വിശുദ്ധജനമായി തുടരാൻ ആവശ്യമായ നിയമസംഹിതകൾ അവിടെവച്ചു നല്കപ്പെട്ടു. എപ്രകാരമാണ് അവർ വ്യത്യാസങ്ങളെയും വൈവിധ്യശ്ര്ശ്രളെയും അതിജീവിച്ച് ഒരു ജനമായിത്തീർന്നത് എന്ന് സംഖ്യാപുസ്തകത്തിൽ വിവരിക്കുന്നു.

അനേകം പരീക്ഷണങ്ങളിലൂടെയും പ്രലോഭനങ്ങളിലൂടെയും കട ന്നാണ് അവർ ''ദൈവജനം'' എന്ന പേരിന് അർഹരായിത്തീർന്നത്.

മരുഭൂമിയുടെ സർവ്വകാഠിന്യവും അവർ അറിഞ്ഞു. വിശപ്പും ദാഹവും അവരെ വലച്ചു. പാർക്കാൻ സ്വന്തമായൊരിടമില്ലാതെ പര ദേശികളായി അവർ അലഞ്ഞു. ജനവാസമുള്ള ഇടങ്ങളിൽ പെരുവ ഴിയിലൂടെ നടന്നുപോകാൻ പോലും അവർക്ക് അനുവാദം ലഭിച്ചില്ല. ചെന്നെത്തിയിടത്തെല്ലാം തദ്ദേശവാസികൾ അവരെ വെറുത്തു, ആട്ടിയോടിച്ചു. ശക്തമായ സൈന്യങ്ങൾ അവരെ പിന്തുടർന്നു. ഇങ്ങനെ മരുഭൂമിയിൽ കഴിയേണ്ടിവന്ന നാല്പതു വർഷം ഇസ്രായേ ലിന്റെ ശൈശവമായിരുന്നു. ദൈവജനത്തിന്റെ രൂപീകരണത്തിന്റെ ആദ്യഘട്ടമായിരുന്നു അത്. ഈ കാലഘട്ടത്തെ അനുസ്മരിച്ചുകൊ ണ്ടാണ് ''ജനിച്ച ദിവസം തന്നെ നീ വെറുക്കപ്പെടുകയും വെളിമ്പ്രദേ ശത്ത് ഉപേക്ഷിക്കപ്പെടുകയും ചെയ്തു'' എന്ന് എസെക്കിയേൽ പ്രവാ ചകൻ പറയുന്നത് (എസെ 16, 5). അടിമത്തത്തിൽ നിന്നു തങ്ങളെ മോചിപ്പിച്ച്, നിരന്തരം നയിച്ചുകൊണ്ടിരിക്കുന്ന കർത്താവായ ദൈവത്തെ വിശ്വസിക്കാനും അവനിൽ മാത്രം ആശ്രയിക്കാനും ജനത്തെ പരിശീലിപ്പിക്കുന്ന വലിയ പരീക്ഷണങ്ങളായിരുന്നു ഇത്. സ്വാർത്ഥപരവും ഗോത്രപരവുമായ താൽപര്യങ്ങൾ വെടിഞ്ഞ് ഒരു ജനതയായി, ദൈവത്തിന്റെ സഭയായി വളരുന്നതിന്റെ ചിത്രമാണിത്.

ജനത്തിന്റെ പിറുപിറുപ്പും ദൈവത്തിന്റെ പ്രതികരണവും ശ്രദ്ധേ യമാണ്. അഞ്ചുഘട്ടങ്ങളായിട്ടാണ് ഈ പ്രമേയം അവതരിപ്പിക്കുന്ന ത്. 1. പിറുപിറുപ്പ്. തങ്ങൾ ആഗ്രഹിക്കുന്ന എന്തെങ്കിലും ലഭി ക്കാതെ വരുമ്പോൾ ജനം അസ്വസ്ഥരാവുകയും ദൈവത്തിനും അവി ടുന്നു നിയോഗിച്ച നേതാക്കന്മാർക്കും എതിരേ പ്രതിഷേധിക്കുകയും ചെയ്യുന്നു. 2. ശിക്ഷ. മുറുമുറുക്കുന്ന ജനത്തെ അഗ്നി, സർപ്പങ്ങൾ, മഹാമാരികൾ മുതലായവ അയച്ച് ദൈവം കഠിനമായി ശിക്ഷിക്കു ന്നു. 3. പശ്ചാത്താപം. ശിക്ഷയനുഭവിക്കുമ്പോൾ ജനം മനസ്സു തിരിഞ്ഞ് മാപ്പിരക്കുന്നു. ശിക്ഷ അകറ്റിക്കിട്ടണം എന്നതാണ് അവ രുടെ ആവശ്യം. 4. മാധ്യസ്ഥ്യം. ജനത്തിന്റെ ക്ലേശങ്ങളിൽ മനസ്സ ലിയുന്ന മോശ ദൈവത്തിന്റെ മുമ്പിൽ അവർക്കുവേണ്ടി മാധ്യസ്ഥ്യം വഹിക്കുന്നു. 5. മാപ്പ്. മോശയുടെ മാധ്യസ്ഥ്യം സ്വീകരിച്ച് ദൈവം

ജനത്തോടു ക്ഷമിക്കുകയും ശിക്ഷ പിൻവലിക്കുകയും ചെയ്യുന്നു. സംഖ്യാ പുസ്തകത്തിൽ അനേകം തവണ ആവർത്തിക്കുന്ന ഈ മാതൃക ബൈബിളിലെ മറ്റു പുസ്തകങ്ങളിലും കാണാം. (ഉദാ : ന്യായാ. 3, 7-11). ദൈവമനുഷ്യബന്ധങ്ങളിൽ നിരന്തരം ആവർത്തിക്കപ്പെടുന്ന ഒരു പ്രക്രിയയാണിത്.

**c. വാഗ്ദത്തഭൂമി** : സംഖ്യാപുസ്തകത്തിലെ മറ്റൊരു പ്രധാന പ്രമേയമാണ് വാഗ്ദത്ത ഭൂമി. പിതാക്കന്മാർക്കു വാഗ്ദാനം ചെയ്ത കാനാൻദേശം ദൈവം ജനത്തിനു സൗജന്യമായി നല്കുന്ന ദാനമാണ്. അതിൽ പ്രവേശിച്ച് സ്ഥിരമായി വസിക്കാൻ ദൈവത്തോടു വിശ്വസ്തത പാലിക്കണം; അവിടുത്തെ ഉടമ്പടി അനുസരിച്ചു ജീവിക്കണം. ദൈവത്തിന്റെ വാഗ്ദാനത്തിൽ വിശ്വസിച്ചുകൊണ്ട് ധീരമായി യുദ്ധം ചെയ്യാൻ സന്നദ്ധരാകുന്നവർക്കു മാത്രമേ വാഗ്ദത്തഭൂമിയിൽ പ്രവേശനമുള്ളൂ. ഭീരുക്കളും അവിശ്വസ്തരും അതിൽ പ്രവേശിക്കുകയില്ല. ദൈവത്തിന്റെ പ്രത്യേക സാന്നിധ്യവും സംരക്ഷണവും വഴി വിശുദ്ധമാക്കപ്പെട്ടതാണ് വാഗ്ദത്തഭൂമി. അവിടെ കർത്താവായ ദൈവത്തെ മാത്രമേ ആരാധിക്കാവൂ. അന്യദൈവങ്ങളെ ആരാധിക്കുന്നതും അധാർമ്മികമായി ജീവിക്കുന്നതും വാഗ്ദത്തഭൂമി നഷ്ടപ്പെടാൻ ഇടയാക്കും.

**d. നേതൃത്വം** : യഥാർത്ഥമായ നേതൃത്വത്തിന്റെ വിവിധ വശങ്ങൾ മോശയുടെ ചിത്രീകരണത്തിൽ പ്രകടമാക്കുന്നു. ദൈവം തിരഞ്ഞെടുത്തു നിയോഗിക്കുന്നവനാണ് നേതാവ്. അയാൾ ദൈവത്തിനും ജനത്തിനുമിടയിൽ മധ്യസ്ഥനായി വർത്തിക്കുന്നു. ദൈവത്തെയും ജനത്തെയും സ്നേഹിക്കുന്നു. ദൈവത്തിന്റെ വചനമാണ് അയാൾക്കു മാർഗ്ഗദർശി. പ്രതിസന്ധികളും ക്ലേശങ്ങളും മൂലം ജനത്തിന്റെ മനസ്സിടിയുകയും അടിമത്തത്തിന്റെ സുരക്ഷിതത്വം സ്വാതന്ത്ര്യത്തിന്റെ സാഹസികതയെക്കാൾ അഭികാമ്യമായി അവർക്കനുഭവപ്പെടുകയും ചെയ്യുമ്പോഴും, നേതാവ് പതറാതെ, ലക്ഷ്യബോധം നഷ്ടപ്പെടാതെ ഉറച്ചു നില്ക്കുന്നു. ജനം മുഴുവനുമെതിരെ ഒറ്റയ്ക്കു നില്ക്കുകയും അവരെ ശാസിക്കുകയും ശകാരിക്കുകയും ചെയ്യുമ്പോഴും നേതാവ് അവരെ സ്നേഹിക്കുന്നു. വിനയവും എളിമയുമുള്ളവനാണ് നേതാവ്. തന്റെ നേതൃത്വം നഷ്ടപ്പെട്ടേക്കും എന്ന ഭീതി

യല്ല, ജനത്തിനു വാഗ്ദത്തഭൂമി നഷ്ടമാകും എന്ന ബോധ്യമാണ് അവരെ എതിർക്കാനായി നേതാവിനെ പ്രേരിപ്പിക്കുന്നത്. ജനത്തിന്റെ പാപങ്ങൾക്കു മാപ്പിരക്കുകയും പരിഹാരം അനുഷ്ഠിക്കുകയും ചെയ്യുന്നവനാണ് നേതാവ്. വാഗ്ദത്തഭൂമിയിൽ തനിക്കു പ്രവേശനം നഷ്ടപ്പെട്ടിട്ടും ജനത്തെ അങ്ങോട്ടു നയിക്കാൻ തയ്യാറാവുകയും അവർ അവിടെ പ്രവേശിക്കും എന്ന അറിവിൽ ആനന്ദം കൊള്ളുകയും ചെയ്യുന്നു.

## 5. പ്രസക്തി

മൂവായിരത്തിൽപരം വർഷങ്ങൾക്കു മുമ്പ് ഇസ്രായേൽ ജനം മരുഭൂമിയിലൂടെ നടത്തിയ ഐതിഹാസികമായ ഒരു യാത്രയുടെ ചരിത്രം വിവരിക്കുക എന്നതല്ല സംഖ്യ പുസ്തകത്തിന്റെ മുഖ്യലക്ഷ്യം. ആ യാത്രയുടെ ചരിത്രം മുഴുവൻ ഇവിടെ അവതരിപ്പിക്കുന്നുമില്ല. തിരഞ്ഞെടുത്ത ചില സംഭവങ്ങൾ മാത്രമേ പ്രതിപാദ്യവിഷയമാകുന്നുള്ളൂ. ലോകജനതകൾക്കു മുഴുവൻ ആദ്ധ്യാത്മികമായ ആഹാരവും മാർഗ്ഗനിർദ്ദേശവും നല്കുന്നതിനു വേണ്ടിയാണ് ഇവ രേഖപ്പെടുത്തിയിരിക്കുന്നത്. 1 കോറി 10, 1-13ൽ വി. പൗലോസ് ഇതിനെക്കുറിച്ചു വിശദമായി പ്രതിപാദിക്കുന്നുണ്ട്. മരുഭൂമിയിലൂടെയുള്ള യാത്ര പ്രതീകാത്മകമായ രണ്ടു തലങ്ങൾ ഉൾക്കൊള്ളുന്നു. a. സഭാത്മകം b. വ്യക്തിപരം.

**a. സഭാത്മകപ്രതീകം:** മോശയുടെ നേതൃത്വത്തിൽ ഈജിപ്തിലെ അടിമത്തത്തിൽ നിന്നു പുറപ്പെട്ട്, വാഗ്ദത്തഭൂമിയെ ലക്ഷ്യംവച്ച്, മരുഭൂമിയിലൂടെ നീങ്ങുന്ന ഇസ്രായേൽജനം യേശുക്രിസ്തുവിന്റെ നേതൃത്വത്തിൽ, പാപത്തിൽ നിന്നു മോചനം നേടി, ദൈവരാജ്യത്തെ ലക്ഷ്യമാക്കി യാത്ര ചെയ്യുന്ന സഭയുടെ പ്രതീകമാണ്. നിരവധിയായ പ്രലോഭനങ്ങൾക്കും പരീക്ഷണങ്ങൾക്കും ക്ലേശങ്ങൾക്കും നടുവിലൂടെയുള്ള യാത്ര ഈ ഭൂമുഖം നവീകരിക്കപ്പെടുകയും ഒരു പുതിയ ആകാശവും പുതിയ ഭൂമിയും സംജാതമാവുകയും ചെയ്യുന്നതുവരെ തുടരും.

**b. വ്യക്തിതലം** : സഭാസമൂഹത്തിന്റെ മാത്രമല്ല, ഓരോ വ്യക്തിയുടെയും ആദ്ധ്യാത്മികജീവിതവും മരുഭൂമിയിലൂടെയുള്ള ഒരു യാത്ര

യാണ്. പിതൃഭവനമാകുന്ന വാഗ്ദത്തഭൂമിയിൽ പ്രവേശിച്ച് നിത്യം വസിക്കാൻ വ്യക്തികളെ ഒരുക്കുന്ന അവസരങ്ങളാണ് ക്ലേശങ്ങളും പ്രലോഭനങ്ങളും. ഇസ്രായേൽ ജനത്തിന്റെ അനുഭവങ്ങൾ ഓരോ മനുഷ്യവ്യക്തിക്കും പാഠമാകണം. ഇവിടെ വിവരിക്കുന്ന ഓരോ സംഭ വവും വായിച്ചു വിശകലനം ചെയ്യുമ്പോൾ ഞാൻ എന്ന വ്യക്തിക്കും ഞാൻ ഉൾപ്പെടുന്ന സഭയ്ക്കും എന്തുപാഠമാണ് ഇതിലൂടെ ലഭിക്കു ന്നതെന്ന് ഓരോരുത്തരും ചോദിക്കണം.

**6. വിഭജനം :** പുസ്തകം മൂന്നു ഭാഗമായി തിരിച്ചിരിക്കുന്നു.

1. യാത്രയ്ക്ക് ഒരുക്കം 1, 1-10, 10
2. യാത്ര 10, 11-21, 36
3. വാഗ്ദത്തഭൂമിയുടെ പടിവാതില്ക്കൽ 22, 1-36, 13

# I യാത്രയ്ക്ക് ഒരുക്കം 1, 1–10, 10

സീനായ് മലയുടെ അടിവാരത്തു വച്ചുണ്ടായ ശക്തമായ ദൈവാനുഭവത്തിൽ നിന്നു കരുത്താർജ്ജിച്ച ജനം വാഗ്ദത്തഭൂമി കൈവശപ്പെടുത്താൻ വേണ്ടി പുറപ്പെടുന്നതിനാവശ്യമായ ഒരുക്കങ്ങളാണ് ഈ അധ്യായങ്ങളിൽ വിവരിക്കുന്നത്. ഈ ഭാഗം മുഴുവൻ തന്നെ പുരോഹിത രചനയായി കരുതപ്പെടുന്നു. രാജ്യം നഷ്ടപ്പെട്ട് ബാബിലോണിൽ പ്രവാസികളായി കഴിയുന്ന ജനത്തിന് പ്രത്യാശ നൽകുകയാണ് പുരോഹിതഗ്രന്ഥകാരന്റെ പ്രധാന ലക്ഷ്യം. വാഗ്ദത്തഭൂമിയിലേക്കു യാത്ര ചെയ്യുന്ന ഇസ്രായേൽ ജനം മരുഭൂമിയിൽ കഴിയുന്നതുപോലെയാണ് പ്രവാസികൾ ബാബിലോണിൽ കഴിയുന്നത്. മരുഭൂമിയിലെ കൂടാരത്തിൽ വസിക്കുകയും ജനത്തിനു വഴി കാട്ടുകയും ചെയ്ത ദൈവം പ്രവാസികളുടെ മധ്യേ വസിക്കുന്നുണ്ടെന്നും അവിടുന്നുതന്നെ അവരെ വീണ്ടും വാഗ്ദത്ത ഭൂമിയിലേക്കു നയിക്കുമെന്നും ഈ വിവരണങ്ങളിലൂടെ ഉറപ്പു നൽകുന്നു.

## I ജനസംഖ്യ 1, 1–4, 49

സീനായ് മലയുടെ അടിവാരത്തുനിന്നു പുറപ്പെടുന്നതിന് ഒരുക്കമായി ആദ്യമേ ജനസംഖ്യാകണക്കെടുക്കുന്നതിന്റെ വിവരണമാണ് ഈ അധ്യായങ്ങളിലുള്ളത്. ലേവീഗോത്രത്തിൽപ്പെട്ടവരുടെ പ്രത്യേക കടമകളെ പരിഗണിച്ച് അവരുടെ ജനസംഖ്യാകണക്ക് പ്രത്യേകം നൽകിയിരിക്കുന്നു. ദൈവിക ശുശ്രൂഷയ്ക്കായി വേർതിരിക്കപ്പെട്ട ലേവീഗോത്രം സൈനിക സേവനത്തിൽ നിന്ന് ഒഴിവാക്കപ്പെട്ടിരുന്നു. അവർക്കു വാഗ്ദത്തഭൂമിയിൽ സ്വന്തമായി സ്ഥലം നൽകുന്നതുമില്ല. അതിനാൽ ജോസഫിന്റെ ഗോത്രത്തെ എഫ്രെം, മനാസ്സെ എന്ന രണ്ടു ഗോത്രങ്ങളായി കണക്കാക്കിയാണ് പന്ത്രണ്ടുഗോത്രങ്ങൾ എന്ന സംഖ്യ തികയ്ക്കുന്നത്. ഈ പന്ത്രണ്ടു ഗോത്രങ്ങളുടെ അംഗസംഖ്യ 1–ാം അധ്യായത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു. യാത്രാമധ്യേ ഓരോ ഗോത്രവും പാളയമടിക്കേണ്ട ക്രമമാണ് 2–ാം അധ്യായത്തിലെ പ്രതിപാദ്യം. 3–4 അധ്യായങ്ങളിൽ ലേവ്യരുടെ പ്രത്യേക കടമകളും അംഗസംഖ്യയും വിവരിക്കുന്നു.

**a. പന്ത്രണ്ടു ഗോത്രങ്ങളുടെ ജനസംഖ്യ 1, 1-46**

കർത്താവിന്റെ കൽപനയനുസരിച്ചാണ് യാത്രയുടെ ഓരോ വിശദാംശവും ക്രമീകരിക്കപ്പെടുന്നത് എന്ന് ആദ്യമേതന്നെ വ്യക്തമാക്കുന്നു. കാലത്തെയും സ്ഥലത്തെയും കുറിച്ചു 1, 1ൽ നൽകുന്ന സൂചന തുടർന്നു വിവരിക്കുന്ന സംഭവങ്ങളെ പുറപ്പാടെടു സംഭവവുമായി ബന്ധിപ്പിക്കുന്നു. ഈജിപ്തിൽ നിന്നു പുറപ്പെട്ടതിന്റെ മൂന്നാം മാസം ഒന്നാം ദിവസം അവർ സാനായ് മലയുടെ മുമ്പിൽ പാളയമടിച്ചു എന്ന് പുറ 19, 1 ലും രണ്ടാംവർഷം രണ്ടാം മാസം 20-ാം ദിവസം സീനായിൽ നിന്നു പുറപ്പെട്ടുവെന്ന് സംഖ്യ 10, 11ലും രേഖപ്പെടുത്തിയിരിക്കുന്നു. ഏകദേശം ഒരു വർഷക്കാലം കർത്താവിന്റെ മലയുടെ അടിവാരത്തു വസിച്ച ജനം അവസാനത്തെ മാസത്തിൽ ചെയ്യാനായി നിർദ്ദേശിക്കപ്പെട്ട കാര്യങ്ങളാണ് 1-10 അധ്യായങ്ങളിൽ വിവരിക്കുന്നത്.

വാഗ്ദത്തഭൂമി പിടിച്ചടക്കുന്നതിന് വേണ്ടിയുള്ള പടനീക്കത്തിന് ഒരുക്കമെന്നോണം യുദ്ധം ചെയ്യാൻ കഴിവുള്ളവരെ മാത്രമേ എണ്ണുന്നുള്ളു. ഇരുപതു വയസു പൂർത്തിയാക്കിയ സകല പുരുഷന്മാരേയും സൈന്യത്തിൽ ചേർക്കുകയും അവരുടെ എണ്ണം കൃത്യമായി തിട്ടപ്പെടുത്തുകയും ചെയ്യുന്നതിലൂടെ ജനത്തിന്റെ സൈനികശക്തി വ്യക്തമാകുന്നു. ഇരുപതിനു മേൽ പ്രായമുള്ള 603550 പുരുഷന്മാർ ഉണ്ടെങ്കിൽ, ലേവ്യരും സ്ത്രീകളും കുഞ്ഞുങ്ങളും അടക്കം ആ സമൂഹത്തിൽ ഇരുപതു ലക്ഷത്തിൽപരം ആളുകൾ ഉണ്ടായിരിക്കും. ബൈബിളിലെ തന്നെ പല പരാമർശങ്ങളും ഈ സംഖ്യ അതിശയോക്തിയാണെന്നു വ്യക്തമാക്കുന്നു. (പുറ. 23, 27 - 30; നിയ 7, 7). ന്യായാധിപന്മാരുടെ കാലത്ത് ദാൻഗോത്രത്തിൽ 600 പടയാളികളാണ് ഉണ്ടായിരുന്നത് എന്ന ന്യായാ 18, 11 ലെ പരാമർശം സംഖ്യ 1, 39ൽ കൊടുത്തിരിക്കുന്ന 62,700 എന്ന സംഖ്യയുമായി താരതമ്യം ചെയ്യുന്നത് ഉപകാരപ്രദമാണ്. ബി. സി. രണ്ടാം സഹസ്രാബ്ദത്തിലെ മധ്യപൗരസ്ത്യദേശത്തെ വൻശക്തികളായിരുന്ന ഈജിപ്ത്, ബാബിലോൺ മുതലായ സാമ്രാജ്യങ്ങൾക്കുപോലും ഇത്ര വലിയൊരു സൈന്യത്തെ അണിനിരത്താൻ കഴിഞ്ഞിരുന്നില്ല എന്നതും ശ്രദ്ധേയമത്രെ.

ഇസ്രായേലിന്റെ സൈനികശക്തിയെ സംബന്ധിച്ച വിവരണങ്ങൾക്കു പല വിശദീകരണങ്ങൾ നല്കാറുണ്ട്. ദാവീദിന്റെ കാലത്ത് എടുത്ത ജനസംഖ്യാ കണക്ക് (2 സാമു 24, 1-9; ദിന 21, 1-6) മരുഭൂമിയിലെ ജനസംഖ്യയായി വി. ഗ്രന്ഥകാരൻ വ്യാഖ്യാനിച്ചതാണെന്ന് ചിലർ കരുതുന്നു. "ആയിരം" എന്നു വിവർത്തനം ചെയ്യുന്ന "ഏലെഫ്"എന്ന ഹീബ്രുവാക്കിന്റെ അർത്ഥം തെറ്റിദ്ധരിച്ചതാണ് ഇത്ര വലിയ സംഖ്യയുടെ കാരണം എന്നു മറ്റുചിലർ വ്യാഖ്യാനിക്കുന്നു. ഒരു സൈന്യവിഭാഗം ദളം എന്നും ഏലെഫ് എന്നും വിവർത്തനം ചെയ്യാമത്രെ. അതിൽപ്രകാരം റൂബെൻ ഗോത്രത്തിൽ 46,5000 പേരല്ല 46 ദളങ്ങളിലായി 500 പടയാളികളാണുള്ളത്. ഇസ്രായേലിൽ മൊത്തം 598 ദളങ്ങളും 5550 പടയാളികളുമായിരിക്കും ഉണ്ടായിരിക്കുക. ഈ കണക്ക് വസ്തുതകൾക്ക് കൂടുതൽ നിരക്കുന്നതായി കരുതാനാവും.

ജനസംഖ്യയെക്കുറിച്ചുള്ള വിശദീകരണം എന്തുതന്നെ ആയാലും ഒളിച്ചോടുന്ന ഭീരുക്കളോ ദുർബ്ബലരായ അഗതികളോ ആയിട്ടല്ല, സമരസന്നദ്ധമായ സൈന്യനിരയായിട്ടാണ് ഇസ്രായേൽക്കാർ വാഗ്ദത്ത ഭൂമിയിലേക്കു യാത്ര ചെയ്തത്. എന്നാൽ അവരുടെ വിജയം അംഗസംഖ്യയെയല്ല, കർത്താവിനോടുള്ള വിശ്വസ്തതയെ ആശ്രയിച്ചിരിക്കുന്നു. ഇസ്രായേലിന്റെ നിരവധിയായ വിജയങ്ങളും പരാജയങ്ങളും ഈ സത്യമാണ് പഠിപ്പിക്കുക.

വിചിന്തനം : ലക്ഷങ്ങളെ അണിനിരത്തി ശക്തി പ്രകടനം നടത്താനുള്ള പ്രലോഭനത്തെ നേരിടുന്നവർക്ക് ഇസ്രായേലിന്റെ അനുഭവം ഒരു പാഠമായിരിക്കണം (ന്യായാ 7, 2). സഭയിലും സന്യാസ സമൂഹങ്ങളിലും അംഗസംഖ്യ വർദ്ധിപ്പിക്കാൻ ശ്രമിക്കുകയും അംഗങ്ങളുടെ സംഖ്യ എടുത്തുകാട്ടി അഭിമാനിക്കുകയും ചെയ്യുന്നതിനേക്കാൾ, കർത്താവിനോടും അവിടുത്തെ പ്രമാണങ്ങളോടും വിശ്വസ്തത പുലർത്തുന്ന വിശ്വാസികളെ വാർത്തെടുക്കാൻ ശ്രമിക്കുന്നതല്ലേ ക്രിസ്തീയ ചൈതന്യത്തിനു കൂടുതൽ യോജിച്ചത് എന്നു ചിന്തിക്കണം.

**b. ലേവ്യരുടെ ദൗത്യം 1, 47-54.** പൊതുവായ കാനേഷുമാരിയിൽപ്പെടുത്താതെ ലേവീഗോത്രത്തെമാറ്റി നിർത്തുകയും അവർക്കു പ്രത്യേക

ചുമതലകൾ ഏൽപ്പിക്കുകയും ചെയ്തതായി ഈ വാക്യങ്ങൾ സൂചിപ്പിക്കുന്നു. 3-4 അധ്യായങ്ങളിൽ ഇതു കൂടുതൽ വിശദമായി പ്രതിപാദിക്കുന്നുണ്ട്. ഇസ്രായേൽ മുഴുവനും ദൈവജനമാണെങ്കിലും അവരിൽ നിന്ന് ഒരു ഗോത്രത്തെ ദൈവശുശ്രൂഷയ്ക്കായി പ്രത്യേകം തിരഞ്ഞെടുത്തു മാറ്റി നിർത്തിയിരിക്കുന്നു. ജനമധ്യേ ദൈവിക സാന്നിധ്യം പ്രകടമാക്കുന്ന സാക്ഷ്യകൂടാരവും അതുമായി ബന്ധപ്പെട്ട ഉപകരണങ്ങളും ശുശ്രൂഷകളുമെല്ലാം ലേവീഗോത്രത്തെയാണ് ഏൽപിച്ചിരിക്കുന്നത്. പാളയ സംവിധാനത്തിലും ഈ പ്രത്യേകത കാണാം. ദൈവത്തിന്റെ വിശുദ്ധിയെ കുറിച്ചും വിശുദ്ധമായി ജീവിക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ചും ജനങ്ങളിൽ അവബോധം ഉണർത്താനും ദൈവത്തോടുള്ള ആദരവും ഭക്തിയും വർദ്ധിപ്പിക്കാനും ഈ സംവിധാനങ്ങൾ സഹായിക്കുന്നു.


**c. പാളയസംവിധാനം 2, 1-34**

ഇസ്രായേലിലെ പന്ത്രണ്ടു ഗോത്രങ്ങൾ പാളയമടിക്കേണ്ട ക്രമം ഈ അധ്യായത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു. ഓരോ ഗോത്രവും അതതിന്റെ പതാകയിൻ കീഴിൽ പാളയമടിക്കണം എന്നു നിർദ്ദേശിച്ചിരിക്കുന്നു. ഗോത്രത്തിന്റെ അടയാളംകൊത്തിയ പലകയോ ശിലാഫലകമോ ആണ് പതാക എന്നതുകൊണ്ട് വിവക്ഷിക്കുന്നത്. ലേവിഗോത്രം പാളയമടിക്കേണ്ട ക്രമം അടുത്ത അധ്യായത്തിൽ വിവരിക്കുന്നു. (3, 14-39).

അതിവിശാലമായൊരു സമചതുരമായിട്ടാണ് പാളയം വിഭാവനം ചെയ്തിരിക്കുന്നത്. പാളയത്തിന്റെ ഏകദേശരൂപം താഴെ കൊടുത്തിരിക്കുന്ന രേഖാചിത്രത്തിൽ നിന്ന് മനസ്സിലാക്കാം.

ഓരോ ഗോത്രത്തിന്റെയും പ്രാധാന്യം അനുസരിച്ചാണ് പാളയത്തിൽ സ്ഥാനം നല്കിയിരിക്കുന്നത്. സീനായ്മലയ്ക്കു കിഴക്കു സ്ഥിതി ചെയ്യുന്ന കാനായിലേക്കു യാത്ര ചെയ്യുമ്പോൾ മുമ്പേ നീങ്ങുന്നത് ഏറ്റം ശക്തമായ യൂദാഗോത്രമായിരിക്കണം. മരണശയ്യയിൽ വച്ച് യാക്കോബു നല്കിയ അനുഗ്രഹത്തിൽ യൂദായ്ക്കു പ്രമുഖ സ്ഥാനം നല്കിയിരിക്കുന്നു. (ഉൽപ. 49, 8-12). പില്ക്കാലത്ത് യൂദാ ഇസ്രായേലിലെ ഏറ്റം ശക്തമായ ഗോത്രമായി വളർന്നു. ദാവീദു

മുതലുള്ള രാജാക്കന്മാർ മാത്രമല്ല ലോകരക്ഷകനായ യേശുക്രിസ്തുവും യൂദാ ഗോത്രത്തിലാണല്ലോ ജനിച്ചത്. പ്രാധാന്യത്തിൽ രണ്ടാം സ്ഥാനമുള്ള, ജോസഫിന്റെ മക്കളായ, എഫ്രേം, മനാസ്സേ ഗോത്രങ്ങളും, സഹോദരൻ ബഞ്ചമിന്റെ ഗോത്രവും പടിഞ്ഞാറ്, ഏറ്റം പിന്നിൽ പാളയമടിക്കുന്നു.




ഇസ്രായേൽ ജനത്തിനും സാക്ഷ്യകൂടാരത്തിനും മധ്യേ ലേവിയുടെ ഗോത്രം പാളയമടിക്കുന്നത് മധ്യസ്ഥ്യരെന്ന അവരുടെ നില വ്യക്തമാക്കുന്നു. ദൈവത്തിന്റെ പരിശുദ്ധമായ സാന്നിദ്ധ്യത്തിലേക്ക് അശുദ്ധരായ ആരും അശ്രദ്ധമായി കടന്നുവരാതിരിക്കാൻ ഒരു പ്രതിരോധനിരയായി അവർ വർത്തിക്കുന്നു. കിഴക്ക് മോശയും അഹറോനും അഹറോന്റെ പുത്രന്മാരായ പുരോഹിതരും നിലയുറപ്പിക്കുന്നു; മറ്റു വശങ്ങളിൽ ലേവീഗോത്രത്തിൽപ്പെട്ട മൂന്നു കുലങ്ങളും.

പാളയത്തിന്റെ നടുവിലാണ് സാക്ഷ്യകൂടാരത്തിന്റെ സ്ഥാനം. ഫറവോ റാമ്സേസ് രണ്ടാമന്റെ പാളയത്തിന്റെയും പടനീക്കങ്ങളുടെയും മാതൃകയാണ് ഇവിടെ സ്വീകരിച്ചിരിക്കുന്നത് എന്ന് ചിത്രകാരന്മാർ കരുതുന്നു. പാളയത്തിനു നടുവിലാണ് രാജാവിന്റെ കൂടാരം. ചുറ്റിലും പടകുടീരങ്ങൾ. കർത്താവായ ദൈവമാണ് ഇസ്രായേലിന്റെ രാജാവെന്ന് ഈ പാളയസംവിധാനം സൂചിപ്പിക്കുന്നു.

**വിചിന്തനം** : മരുഭൂമിയിലെ സാക്ഷ്യകൂടാരം യേശുവിൽ പൂർത്തിയാകാനിരുന്നതിന്റെ ഒരു മുന്നോടിയും സാദൃശ്യവുമായിരുന്നു. "വചനം മാംസമായി, നമ്മുടെ ഇടയിൽ കൂടാരമുറപ്പിച്ചു" (യോഹ. 1, 14) എന്ന തിരുവചനത്തിൽ ഈ പ്രതീകത്തിന്റെ പൂർത്തീകരണം കാണാം. മനുഷ്യരുടെ മധ്യേ മനുഷ്യനായി വസിക്കുന്ന ദൈവമാണ് എമ്മാനുവേൽ എന്നു വിളിക്കപ്പെടുന്ന യേശു. അവിടുത്തെ സജീവ സാന്നിദ്ധ്യമാണല്ലോ ഇന്നു ദേവാലയങ്ങളിൽ നാം അനുഭവിക്കുക. ജനത്തിന്റെയും വ്യക്തികളുടെയും ജീവിതത്തിന്റെ കേന്ദ്രം ദൈവമായിരിക്കണം എന്ന് ഈ പാളയസംവിധാനവും ഇടവകസംവിധാനവും അനുസ്മരിപ്പിക്കുന്നു.

## d. പുരോഹിതന്മാരും ലേവ്യരും 3, 1–4, 49

യാത്രയ്ക്കുള്ള ഒരുക്കത്തിന്റെ ഭാഗമായി ലേവ്യരുടെ കടമകളും അവരുടെ ജനസംഖ്യയും ഈ അദ്ധ്യായങ്ങളിൽ രേഖപ്പെടുത്തിയിരിക്കുന്നു. പുരോഹിതന്മാരും ലേവ്യരും തമ്മിലുള്ള വ്യത്യാസവും ഓരോരുത്തരുടെയും കടമകളും പ്രത്യേകം എടുത്തു കാട്ടുന്നുണ്ട്.

"അഹറോന്റെയും മോശയുടെയും വംശാവലി" എന്ന മുഖവുരയോടെ തുടങ്ങുന്ന 3, 1–4 വാക്യങ്ങളിൽ അഹറോന്റെ പുത്രന്മാരുടെ പട്ടിക മാത്രമേ അവതരിപ്പിക്കുന്നുള്ളൂ. പുരോഹിതന്മാരെക്കുറിച്ചുള്ള വിവരണമായതിനാൽ അഹറോന്റെ പേര് മോശയുടേതിനു മുമ്പേ ചേർത്തിരിക്കുന്നു. "വംശാവലി" എന്നു വിവർത്തനം ചെയ്യുന്ന "തൊളേദോത്ത്" (Toledot) എന്ന ഹീബ്രുവാക്ക് ഉൽപത്തി പുസ്തകത്തിൽ പത്തു തവണ കണ്ടതാണ് (തീർത്ഥാടനം 2, പേജ് 19). ഈ പദത്തിന്റെ ആവർത്തനത്തിലൂടെ മരുഭൂമിയിലെ തീർത്ഥാടനത്തെയും അതിനു നേതൃത്വം വഹിക്കുന്ന പുരോഹിതരെയും സൃഷ്ടിയുടെയും പൂർവ്വപിതാക്കന്മാരുടെയും ചരിത്രവുമായി ബന്ധിപ്പിക്കുന്നു.

അഹറോന്റെ നാലു മക്കളിൽ ആദ്യത്തെ രണ്ടു പേരുടെ മരണം ലേവ്യർ 10, 1–2ൽ വിവരിച്ചിട്ടുണ്ട്. ശേഷിച്ച രണ്ടു പേരിൽ നിന്നാണ് ഇസ്രായേലിലെ പുരോഹിതവംശം രൂപം കൊണ്ടത്. ദാവീദിന്റെ

കാലത്ത് പുരോഹിതന്മാരായിരുന്ന സാദോക്ക് എലെയാസറിന്റെയും, അബിയാഥർ ഇത്താമാറിന്റെയും വംശത്തിൽപ്പെട്ടവരായിരുന്നു (2 സാമു 8, 17; 1 ദിന 18, 19; 24, 1-4). അദോനിയായുടെ വിപ്ലവത്തിൽ പങ്കുചേരുകയാൽ അബിയാഥറിനു സ്ഥാനം നഷ്ടപ്പെടുകയും സോള മനോടു ചേർന്നു നിന്ന സദോക്ക് പ്രധാന പുരോഹിതനാവുകയും ചെയ്തു (1 രാജാ 1-2). സാദോക്കിന്റെ വംശജർ പില്ക്കാലത്ത് സദു ക്കായർ എന്ന പേരിൽ അറിയപ്പെട്ടു. പുതിയ നിയമകാലത്ത് അവ രിൽ നിന്നു മാത്രമാണ് പ്രധാനാചര്യനും പുരോഹിതപ്രമുഖന്മാരും തിരഞ്ഞെടുക്കപ്പെട്ടിരുന്നത്.

ലേവീഗോത്രത്തിൽ അഹറോന്റെ വംശം ഒഴികെ ബാക്കിയു ള്ളവരെല്ലാം "ലേവ്യർ" എന്ന പേരിൽ അറിയപ്പെടുന്നു. അവരെ ദൈവത്തിനുള്ള ശുശ്രൂഷയിൽ അഹറോന്റെ പുത്രന്മാരായ പുരോ ഹിതന്മാരെ സഹായിക്കാൻ നിയോഗിച്ചിരിക്കുന്നു (3, 5-10). പ്രധാന പുരോഹിതൻ, പുരോഹിതന്മാർ, ലേവ്യർ എന്നിങ്ങനെ മൂന്നു പടിക ളുള്ള ഒരു വിശുദ്ധ അധികാരശ്രേണി (ഹയരാർക്കി) രൂപം കൊള്ളു ന്നതായി കാണാം. സേവനമനുഷ്ഠിക്കുക എന്ന ലേവ്യരുടെ കർത്തവ്യം രണ്ടു തരം ജോലികളെ സൂചിപ്പിക്കുന്നു. ജനം വിശുദ്ധ കൂടാരത്തെ സമീപിക്കാതിരിക്കാൻ കാവൽ നില്ക്കുന്നതാണ് ഒരു ജോലി. ജറുസലെം ദേവാലയത്തിൽ ലേവ്യരുടെ ഒരു മുഖ്യകടമയാ യിരുന്നു ഇത്. അതിരുകൾ ഭേദിച്ച് അടുത്തു വരുന്നവരെ കൊന്നു കളയാനും ഈ കാവൽസൈന്യത്തിന് അധികാരമുണ്ടായിരുന്നു. രണ്ടാമത്തെ ജോലിയെക്കുറിച്ച് നാലാം അധ്യായത്തിൽ വിശദമായി പ്രതിപാദിക്കുന്നുണ്ട്.

ആദ്യജാതന്മാരെ കുറിച്ചുള്ള പ്രതിപാദനം (3, 11-13) പുറപ്പാടു സംഭവത്തിലേക്ക് (പുറ 12, 29; 13, 1. 11-16) ശ്രദ്ധ തിരിക്കുന്നു. ആദ്യ ഫലം ദൈവത്തിനു സമർപ്പിക്കുന്നത് മുഴുവൻ സമർപ്പിക്കുന്നതിന്റെ പ്രതീകമാണ്. ഇതരഗോത്രങ്ങളിലെ ആദ്യജാതന്മാർക്കു പകരം ലേവ്യരെ തിരഞ്ഞെടുത്തുകൊണ്ട് ഇസ്രായേൽജനം മുഴുവൻ ദൈവ ത്തിന്റേതാണെന്ന് പ്രഖ്യാപിക്കുന്നു. 3, 40-51ൽ ഇതു വീണ്ടും പ്രതി പാദ്യ വിഷയമാകുന്നുണ്ട്.

3, 14–39 ലേവീഗോത്രത്തിലെ മൂന്നു കുലങ്ങളായ ഗെർഷോൻ, കൊഹാത്ത്, മൊറാറി എന്നിവരുടെ ജനസംഖ്യയും പാളയത്തിൽ അവർക്കുള്ള സ്ഥാനവും വിവരിക്കുന്നു. ജനസംഖ്യയെ സംബന്ധിച്ച് രണ്ടാം അധ്യായത്തിൽ കണ്ട കാര്യങ്ങൾ ഇവിടെ പ്രസക്തമാണ്. ഇരുപത്തീരായിരം എന്നതിന് ഇരുപത്തിരണ്ടു ദളങ്ങൾ അഥവാ ഗണങ്ങൾ എന്നായിരിക്കും അർത്ഥം.

4, 1–33ൽ ലേവീ ഗോത്രത്തിലെ മൂന്നു കുലങ്ങളിൽ ഓരോന്നിനുമുള്ള പ്രത്യേക ജോലികൾ നിശ്ചയിക്കുന്നു. മുപ്പതിനും അമ്പതിനും മധ്യേ പ്രായമുള്ളവരെ മാത്രമാണ് ശുശ്രൂഷയ്ക്കായി നിയോഗിക്കുന്നത്. യാത്രയിൽ വിശുദ്ധ കൂടാരവും ഉപകരണങ്ങളും ചുമന്നുകൊണ്ടുപോവുകയാണ് അവരുടെ കടമ. ഏല്പിക്കപ്പെടുന്ന ദൗത്യത്തിൽനിന്ന് കൊഹാത്യർക്ക് ഏറ്റവും കൂടുതൽ പ്രാധാന്യം നല്കുന്നതായി കാണാം. സമാഗമ കൂടാരത്തിലെ വിശുദ്ധ വസ്തുക്കളാണ് അവർ വഹിക്കേണ്ടത്. മോശയുടേയും അഹറോന്റെയും പിതാവായ അമ്രാം കൊഹാത്യനായതിനാലാവാം കൊഹാത്തിന്റെ കുലത്തിൽ മുൻഗണന നല്കിയിരിക്കുന്നത്. സാക്ഷ്യപേടകത്തിന്റെ കുലത്തിൽ മുൻഗണന നല്കിയിരിക്കുന്നത്. സാക്ഷ്യപേടകത്തിന്റെ പുറത്തെ ആവരണം ചുവന്നതായിരിക്കണം എന്നു നിർദ്ദേശിക്കുന്നത് ഇതര വസ്തുക്കളിൽ നിന്ന് അതിനെ വേർതിരിച്ചറിയാൻ വേണ്ടിയാണ്.

ജോലിയ്ക്കായി തിരഞ്ഞെടുക്കപ്പെട്ടവരുടെ അംഗസംഖ്യ 4, 34–49ൽ വിവരിക്കുന്നു. സൈനിക സേവനത്തിന് 20 വയസായവരെ നിശ്ചയിച്ചിരിക്കുന്നു. എന്നാൽ ദേവാലയശുശ്രൂഷയ്ക്കു മുപ്പതു വയസായവരെ മാത്രമേ സ്വീകരിക്കുന്നുള്ളൂ.

വിചിന്തനം വി. കൂടാരത്തിനും ഉപകരണങ്ങൾക്കും നല്കുന്ന വലിയ പ്രാധാന്യം ദൈവത്തോടുള്ള ഭയവും ഭക്തിയും പ്രകടമാക്കുന്നു. എന്നാൽ കൂടാരമോ ഉപകരണങ്ങളോ അല്ല, അവയെ വിശുദ്ധമാക്കുന്ന ദൈവികസാന്നിധ്യമാണ് പ്രധാനം (മത്താ. 23, 16–22). ദൈവം ജനമധ്യേ വസിക്കുകയും അവരെ നയിക്കുകയും അവരോടൊത്തു യാത്ര ചെയ്യുകയും ചെയ്യുന്നു.

സാക്ഷ്യകൂടാരത്തിനു കാവൽ നില്ക്കുന്ന ലേവ്യർ ജനത്തെ

പാപത്തിൽ നിന്നകറ്റി നിർത്താൻ കടപ്പെട്ടവരാണ്. മാതാപിതാക്കൾ മക്കളെയും, അധ്യാപകർ വിദ്യാർത്ഥികളെയും, സഹോദരങ്ങൾ സഹ ജീവികളെയും ദൈവപ്രമാണങ്ങളനുസരിച്ചു ജീവിക്കുന്നതിനു പ്രേരിപ്പിക്കാൻ കടപ്പെട്ടിരിക്കുന്നു. ദൈവശുശ്രൂഷയ്ക്കായി പ്രത്യേകം തിരഞ്ഞെടുത്തു നിയോഗിക്കപ്പെട്ടിരിക്കുന്ന വൈദികരുടെയും സന്യസ്തരുടെയും ഒരു മുഖ്യകർത്തവ്യമാണിത്.

ഇസ്രായേലിലെ ആദ്യജാതന്മാർക്കു പകരം ലേവ്യരെ തിരഞ്ഞെടുക്കുന്നത് ലോകജനതകൾക്കു മുഴുവൻ പകരമായി ദൈവത്തിന്റെ ഏകജാതൻ മാറ്റിനിർത്തപ്പെട്ടതിന്റെ പ്രതീകമാണ്. പാപികളായ മനുഷ്യരുടെ മേൽ പതിയ്ക്കേണ്ട ശിക്ഷ അവിടുന്ന് സ്വയം ഏറ്റെടുത്തു. ഇത് ഓരോ ക്രൈസ്തവനും പാഠമാകണം. സഹോദരങ്ങൾക്കു പകരം നില്ക്കാനും അവർക്കു വേണ്ടി മാധ്യസ്ഥ്യം വഹിക്കാനും ക്രൈസ്തവൻ തയ്യാറാകണം, പ്രത്യേകിച്ചും ദൈവികശുശ്രൂഷയ്ക്കു വേണ്ടി മാറ്റി വയ്ക്കപ്പെട്ടിരിക്കുന്നവർ.

## ചോദ്യങ്ങൾ

1. ജനത്തിന്റെ അംഗസംഖ്യയെക്കുറിച്ച് നിങ്ങൾക്ക് എന്തു പറയാനുണ്ട്?

2. പാളയസംവിധാനം വിവരിക്കുക. എന്തു സന്ദേശമാണ് ഈ സംവിധാനത്തിൽ നിന്നു ലഭിക്കുന്നത്.

3. ആരാണ് ലേവ്യർ? പുരോഹിതരും ലേവ്യരും തമ്മിലുള്ള ബന്ധമെന്ത്?

4. ആദ്യജാതന്മാർക്കു പകരം ലേവ്യരെ സമർപ്പിക്കണം എന്ന കല്പനയ്ക്ക് ഇന്ന് എന്തു പ്രസക്തിയുണ്ട്.

## ചർച്ചയ്ക്ക് :-

1. സമർപ്പിതരും ദൈവജനവും തമ്മിൽ ഏതു തരത്തിലുള്ള ബന്ധം നിലനിൽക്കണം എന്നാണ് ഈ വിവരണങ്ങളിലൂടെ നിർദ്ദേശിക്കുന്നത്? ഇതു പ്രാവർത്തികമാക്കാൻ നിങ്ങൾക്ക് എന്തു ചെയ്യാൻ കഴിയും?

2. അംഗസംഖ്യയെ കുറിച്ചുള്ള വ്യഗ്രത ഏതെല്ലാം തലങ്ങളിലാണ് പ്രകടമാകുന്നത്. ദൈവവചനത്തിന്റെ വെളിച്ചത്തിൽ ഇതിനെ വില യിരുത്തുക.

**പ്രാർത്ഥന** : 33-ാം സങ്കീർത്തനം ഉപയോഗിച്ചു പ്രാർത്ഥിക്കുക.

## 2. വിവിധ നിയമങ്ങൾ 5, 1-6, 27

യാത്രയുമായി നേരിട്ടു ബന്ധപ്പെടാത്ത ചില നിയമങ്ങളാണ് ഈ അധ്യായത്തിൽ വിവരിക്കുന്നത്. ലേവ്യപുസ്തകത്തിലെ നിയമ ങ്ങളുമായി ഇവയ്ക്കു സാമ്യമുണ്ട്. ദൈവികസാന്നിധ്യത്തിന് അനു യോജ്യമായ വിശുദ്ധി പാലിക്കാൻ സഹായിക്കുന്ന നിയമങ്ങളാണി വ.

### a. അശുദ്ധരെ അകറ്റുക 5, 1-4

ആരോഗ്യപരവും അതിലുപരി ആരാധനാസംബന്ധിയുമായ പരി ഗണനകളാണ് ഈ നിയമങ്ങളിലുള്ളത്. കുഷ്ഠരോഗികളെ സംബ ന്ധിച്ച നിയമം ലേവ്യർ 13-ാം അധ്യായത്തിലും സ്രാവം മൂലം അശു ദ്ധരാകുന്നവരെക്കുറിച്ചുള്ള നിയമം ലേവ്യ 15-ാം അധ്യായത്തിലും വിശദമായി പ്രതിപാദിച്ചിട്ടുണ്ട്. മൃതശരീരം തൊട്ട് അശുദ്ധരാകുന്ന വരിൽനിന്ന് പുരോഹിതന്മാരെ വിലക്കിയിരുന്നു (ലേവ്യ 21, 1-11). ദൈവ സന്നിധിയിലേക്കു കടന്നുവരുന്നവരുടെ ശരീരവും മനസ്സും ആത്മാവും ശുദ്ധമായിരിക്കണം എന്ന് ഈ നിയമങ്ങൾ അനുസ്മരി പ്പിക്കുന്നു. അശുദ്ധരെ അകറ്റി നിർത്താനുള്ള കല്പനയിൽ സ്ത്രീകൾക്കും പുരുഷന്മാർക്കും തുല്യസ്ഥാനമാണ് നല്കിയിരിക്കു ന്നത്. അശുദ്ധമായ ഒന്നിനും ദൈവത്തിന്റെ വാസസ്ഥലമായ സ്വർഗ്ഗീയ ജറുസലെമിൽ പ്രവേശനമില്ലെന്ന് വെളി. 21, 27ൽ വ്യക്തമാക്കിയിട്ടു ണ്ട്.

വിശുദ്ധിയുടെ പ്രാധാന്യം ഊന്നിപ്പറയുന്നവയാണെങ്കിലും ഈ നിയമങ്ങൾ പില്ക്കാലത്ത് വളരെ കർശനമായി നടപ്പാക്കുകയും ഹത ഭാഗ്യരായ രോഗികൾ സമൂഹത്തിന്റെ പുറംപോക്കുകളിലേയ്ക്ക് വലി

ച്ചെറിയപ്പെടുകയും ചെയ്യുന്നു. യേശുവിന്റെ അടുക്കൽ വന്ന് മുട്ടു കുത്തിയ കുഷ്ഠരോഗിയും (മർക്കോ. 1, 40) അവിടുത്തെ വസ്ത്രാഞ്ചലത്തിൽ സ്പർശിച്ച രക്തസ്രാവക്കാരിയും (മർക്കോ. 5, 27) ഇപ്രകാരം പുറന്തള്ളപ്പെട്ടവരായിരുന്നു. അവരെ സ്വീകരിച്ച് ശുദ്ധീകരിച്ചുകൊണ്ട് വിശുദ്ധിയെ സംബന്ധിച്ച നിയമങ്ങളുടെ കാതൽ യേശു എടുത്തു കാട്ടി (മർക്കോ 7, 14-23). അശുദ്ധരെ അകറ്റി നിർത്തുകയല്ല, അടുത്തു ചെന്ന് ശുദ്ധീകരിക്കുകയാണ് ആവശ്യം എന്ന് അവിടുന്നു പഠിപ്പിച്ചു.

**b. നഷ്ടപരിഹാരം 5, 5-10**

നഷ്ടപരിഹാരത്തെ സംബന്ധിച്ച് ലേവ്യർ 6, 2-6ൽ നല്കിയ നിയമം ഇവിടെ കൂടുതൽ വിശദമാക്കിയിരിക്കുന്നു. നിയമത്തിന്റെ മുമ്പിൽ സ്ത്രീയും പുരുഷനും തുല്യരാണെന്ന് ഇവിടെയും എടുത്തു പറയുന്നുണ്ട്. മനുഷ്യൻ മനുഷ്യനെതിരെ ചെയ്യുന്ന ദ്രോഹവും വഞ്ചനയും ദൈവത്തോടുള്ള വിശ്വസ്തതയുടെ ലംഘനമാണ്. ആകയാൽ നഷ്ടപരിഹാരം 20% പലിശ സഹിതം നല്കുന്നതോടൊപ്പം പാപപരിഹാരബലിയും അർപ്പിക്കണം. നഷ്ടം സഹിച്ച വ്യക്തി പരിഹാരം സ്വീകരിക്കാൻ സാധിക്കാതെ മരിച്ചുപോയാൽ അയാളുടെ ഉറ്റബന്ധുവിനാണ് പരിഹാരം നല്കേണ്ടത് എന്ന നിയമം കുടുംബത്തിന്റെയും സമൂഹത്തിന്റെയും കൂട്ടായ്മയും കെട്ടുറപ്പും വർദ്ധിപ്പിക്കുന്നു. ബന്ധുക്കളാരും ഇല്ലെങ്കിൽ നഷ്ടപരിഹാരം കർത്താവിനു നല്കണം എന്നനുശാസിക്കുന്നതിലൂടെ വഞ്ചന വഴി ആരും സമ്പന്നരാകരുത് എന്നു പഠിപ്പിക്കുന്നു. സ്വന്തമായി ഭൂമി കൈവശം വയ്ക്കാൻ അവകാശമില്ലാത്ത പുരോഹിതരുടെ ജീവസന്ധാരണത്തിനാവശ്യമായവ ഉറപ്പു വരുത്തുന്ന പുരോഹിതരുടെ ജീവസന്ധാരണത്തിനാവശ്യമായവ ഉറപ്പു വരുത്തുന്ന നിയമമാണ് 9-10 വാക്യങ്ങളിൽ അവതരിപ്പിക്കുന്നത്. കർതൃശുശ്രൂഷയ്ക്കായി മാറ്റിവയ്ക്കപ്പെട്ടവർ ജനം കർത്താവിനു സമർപ്പിക്കുന്നവ കൊണ്ട് ഉപജീവനം കഴിക്കണം.

**വിചിന്തനം** : അന്യനർഹമായത് സ്വന്തമാക്കുക മോഷണമാണ്. അതു പലിശ സഹിതം തിരിച്ചുകൊടുക്കാൻ കടപ്പാടുണ്ട്. വേലക്കാർക്ക്

അർഹമായ കൂലി കൊടുക്കാതിരിക്കുന്നതും, വാങ്ങുന്ന കൂലിയ്ക്കുള്ള ജോലി ചെയ്യാതിരിക്കുന്നതും കരിഞ്ചന്ത, കൈക്കൂലി, അന്യായ പലിശ തുടങ്ങിയ തെറ്റായ മാർഗ്ഗങ്ങളിലൂടെ സ്വത്തു സമ്പാദിക്കുന്നതും പാപമാണ്. അതിനു പരിഹാരമനുഷ്ഠിച്ചേ മതിയാവൂ. വ്യക്തിതലത്തിൽ മാത്രമല്ല, സാമൂഹ്യവും രാഷ്ട്രീയവും അന്താരാഷ്ട്രീയവുമായ തലങ്ങളിലെല്ലാം ഈ നിയമത്തിന് എന്നെത്തേക്കാളേറെ ഇന്നു പ്രസക്തിയുണ്ട്. നീതിരഹിതമായ വ്യാപാരവ്യവസ്ഥകളും വ്യാവസായിക നിയമങ്ങളും മറ്റും വഴി വികസ്വരരാഷ്ട്രങ്ങളെ ചൂഷണം ചെയ്യുന്ന വികസിതരാജ്യങ്ങൾക്കും ഈ നിയമം ബാധകമാണ്.

**c. പാതിവ്രത്യശങ്ക 5, 11–31**

വ്യഭിചാരക്കുറ്റത്തിനു മരണശിക്ഷ കൽപ്പിക്കുന്ന നിയമങ്ങൾ ലേവ്യ 20, 10 : നിയ 22, 13–30 മുതലായ ബൈബിൾ ഭാഗങ്ങളിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഭാര്യയുടെ പാതിവ്രത്യത്തെക്കുറിച്ച് ഭർത്താവിനു സംശയമുണ്ടാവുകയും സാക്ഷികളില്ലാത്തതിനാൽ കുറ്റം തെളിയിക്കാൻ കഴിയാതെ വരികയും ചെയ്യുന്ന സാഹചര്യത്തിൽ സ്വീകരിക്കേണ്ട നിയമക്രമമാണ് ഇവിടെ വിവരിക്കുന്നത്. സമാന സാഹചര്യത്തിൽ ഇതരമതസമൂഹങ്ങൾ അനുവർത്തിച്ചിരുന്ന നടപടിയുമായി താരതമ്യം ചെയ്യുമ്പോൾ ഇത് വളരെ ലഘുവും കരുണാപൂർണ്ണവുമാണെന്നു കാണാം.

മൊസൊപ്പൊട്ടാമിയായിൽ നിലവിലിരുന്ന നിയമമനുസരിച്ച് വ്യഭിചാരക്കുറ്റം ആരോപിക്കുന്ന സ്ത്രീയെ നദിയിൽ എറിയുകയായിരുന്നു പതിവ്. അവൾ കുറ്റവാളിയാണെങ്കിൽ മുങ്ങിവരിക്കും, നിരപരാധിയാണെങ്കിൽ നദി തന്നെ അവളെ കരക്കടിപ്പിക്കും എന്നു കരുതപ്പെട്ടിരുന്നു. ഭാരതത്തിൽ നിലവിലിരുന്ന ''അഗ്നിപരീക്ഷ'' യും ഇപ്രകാരമുള്ള ഒരു നിയമമാണല്ലോ. പതിവ്രതയെങ്കിൽ സ്ത്രീക്കു പൊള്ളലേല്ക്കുകയില്ലെന്നാണ് സങ്കല്പം. എന്നാൽ ബൈബിളിലെ നിയമങ്ങൾ നദിയെയൊ അഗ്നിയെയൊ അല്ല, കർത്താവായ ദൈവത്തെയാണ് വിധിയാളനായി കാണുന്നത്. ഇവിടെ വിവരിക്കുന്ന ചടങ്ങുകൾ എല്ലാം കുറ്റമാരോപിക്കപ്പെടുന്ന സ്ത്രീയെ കർത്താവിന്റെ വിധിനിർണ്ണയത്തിന് ഏല്പിച്ചുകൊടുക്കുന്നതിന്റെ അടയാളമാണ്. പുരോ

ഹിതൻ മധ്യവർത്തിയായി നില്ക്കുന്നതേയുള്ളൂ.

ആഘോഷപൂർണ്ണവും ഭയാനകവുമായ ഒരു സത്യപ്രതിജ്ഞ യുടെ രീതിയിലാണ് ചടങ്ങുകൾ നിർദ്ദേശിച്ചിരിക്കുന്നത്. ''കർത്താവിന്റെ സന്നിധിയിൽ'' നിർത്തണം എന്നതുകൊണ്ട് സാക്ഷ്യകൂടാരത്തിനു മുമ്പിൽ എന്നാണ് അർത്ഥമാക്കുക. ബലിയർപ്പണവുമായി ബന്ധപ്പെട്ട ക്ഷാളനങ്ങൾക്കു വേണ്ടി സൂക്ഷിക്കുന്ന ജലമാണ് ''വിശുദ്ധജലം''. സാക്ഷ്യകൂടാരത്തിന്റെ തറയിൽ നിന്നെടുക്കുന്ന പൊടി കർതൃസാന്നിധ്യത്തിൽ വിശുദ്ധമാണ്. അതിനാൽ അതു കലർന്ന ജലവും വിശുദ്ധമായിത്തീരുന്നു. പ്രതി കുറ്റവാളിയെങ്കിൽ ജലം അവൾക്കു ദോഷം ചെയ്യും എന്നതിനാൽ അതിരെ ''കയ്പുനീർ'' എന്നു വിളിക്കുന്നു. സ്ത്രീയുടെ ശിരോവസ്ത്രം മാറ്റുന്നത് വ്യഭിചാരക്കുറ്റം വരുത്തിവയ്ക്കുന്ന ലജ്ജയുടെയും തന്മൂലമുണ്ടാകുന്ന അവഹേളനത്തിന്റെയും വിലാപത്തിന്റെയും അടയാളങ്ങളാണ്.

പുരോഹിതൻ ഉച്ചരിക്കുന്ന ശാപവനചങ്ങൾക്ക് സ്ത്രീ ''ആമ്മേൻ'' പറയുമ്പോൾ അപ്രകാരം തനിക്ക് ഭവിക്കട്ടെ എന്ന് അവൾ സമ്മതിക്കുന്നു. കുറ്റവാളിയെങ്കിൽ വന്ധ്യത്വവും വ്യഭിചാരം വഴി ഗർഭിണിയെങ്കിൽ ഗർഭഛിദ്രവും സംഭവിക്കട്ടെ എന്നതാണ് ശാപവചനങ്ങളുടെ ചുരുക്കം. സ്ത്രീകളെ സംബന്ധിച്ച് വന്ധ്യത്വം വലിയ ശാപമായി കരുതപ്പെട്ടിരുന്നു. ശാപവചനങ്ങൾ പലകയിൽ എഴുതിയതിനു ശേഷം അത് കഴുകിയ വെള്ളം കുടിപ്പിക്കുന്നത് ശാപത്തിന്റെ രൂക്ഷത വർദ്ധിപ്പിക്കുന്നു. സത്യം തെളിയിക്കാൻ വേണ്ടി അർപ്പിക്കുന്നതാകയാൽ ധാന്യബലിയിൽ എണ്ണയോ കുന്തുരിക്കമോ ചേർക്കുന്നില്ല.

പ്രതി നിരപരാധിയെങ്കിൽ അവൾക്കു ശാപമേല്ക്കുകയില്ല. കർത്താവു തന്നെ അവൾക്കു മോചനം നല്കുന്നു; കുറ്റവാളിയെങ്കിൽ ശിക്ഷയും. കുടുംബത്തിന്റെ ഭദ്രതയും സുരക്ഷിതത്വവും പിതാവിനെക്കാൾ മാതാവിനെ ആശ്രയിച്ചിരിക്കുന്നു എന്ന് ഈ നിയമങ്ങൾ സൂചിപ്പിക്കുന്നു. എങ്കിലും സ്ത്രീകൾ മാത്രമേ ഇപ്രകാരമുള്ള പരീക്ഷണങ്ങൾക്ക് വിധേയരാക്കപ്പെടുന്നുള്ളൂ. ഇവിടെ സ്ത്രീ - പുരുഷ തുല്യത അംഗീകരിക്കപ്പെടുന്നില്ല. അന്യായമായി കുറ്റമാരോപിച്ച

പുരുഷൻ നല്കപ്പെട്ടിരുന്ന രണ്ടാം സ്ഥാനത്തിന്റെ ഒരു ഉദാഹരണമാണ് ഈ നിയമം.

**d. നാസീർ വ്രതം 6, 1–21**

സ്വമനസ്സോടെ സ്വയം ദൈവത്തിനു സമർപ്പിക്കുന്നതിനായി ചെയ്യുന്ന വ്രതമാണ് നാസീർവ്രതം. മാറ്റിവയ്ക്കുക, ദൈവത്തിനു സമർപ്പിക്കുക എന്നൊക്കെ അർത്ഥമുള്ള നാസാർ (Nazar) എന്ന ക്രിയാധാതുവിൽ നിന്നാണ് നാസാർ എന്ന ഹീബ്രുവാക്കിന്റെ ഉദ്ഭവം. ദൈവത്തിനായി മാറ്റിവയ്ക്കപ്പെട്ടവൻ, വ്രതസ്ഥൻ എന്നാണ് ഇതിന്റെ അർത്ഥം. തുടക്കത്തിൽ ജീവിതകാലം മുവുവൻ ദീർഘിപ്പിക്കുന്നതായിരുന്നുനാസീർവ്രതം. സാംസൺ (ന്യായാ 13, 5) സാമുവേൽ (1 സാമു 1, 11) തുടങ്ങിയവർ ഉദാഹരണങ്ങളാണ്. പില്ക്കാലത്ത് ഒരു കാലയളവിലേയ്ക്കു മാത്രം പാലിക്കാനായി എടുക്കുന്ന വ്രതമായി അതു രൂപാന്തരപ്പെട്ടു. അതിനുള്ള നിയമങ്ങളാണ് ഇവിടെ വിവരിക്കുന്നത്. പുതിയ നിയമകാലത്തും നാസീർവ്രതം നിലവിലിരുന്നു. വി. പൗലോസ് ഇപ്രകാരമുള്ള വ്രതം എടുത്തുരുന്നതായി കാണാം. (അപ്പ. 18, 18ച 21, 23–26). എത്ര കാലത്തേയ്ക്കാണ് ഈ വ്രതം ദീർഘിക്കുക എന്നത് വ്രതം ചെയ്യുന്ന ആളിന്റെ തീരുമാനത്തെ ആശ്രയിച്ചിരിക്കുന്നു. എന്നാൽ പുതിയ നിയമകാലത്ത് സാധാരണയായി ഒരു മാസത്തേയ്ക്കായിരുന്നു വ്രതമെടുക്കുക. ഇന്ന് നാം അനുഷ്ഠിക്കാറുള്ള 25, 50 നോമ്പുകളോട് ഇതിനു സാമ്യമുണ്ട്. എന്നാൽ ആയുഷ്ക്കാലവ്രതത്തിന് സന്യസ്ഥരുടെ വ്രതത്തിനോടാണ് കൂടുതൽ സാമ്യമുള്ളത്.

നാസീർവ്രതത്തിന്റെ നിബന്ധനകളായി മൂന്നു നിയമങ്ങൾ നല്കിയിരിക്കുന്നു. 1. മുടി മുറിക്കരുത്. 2. ലഹരി പാനീയങ്ങളോ മുന്തിരിപ്പഴമോ പോലും കഴിക്കരുത്. 3. മൃതശരീരത്തെ സ്പർശിച്ച് അശുദ്ധരാകരുത്. ദൈവശുശ്രൂഷയ്ക്കു വേണ്ടി സ്വയം വിശുദ്ധരായി കാത്തുസൂക്ഷിക്കുന്നതിന്റെ ബാഹ്യമായ അടയാളങ്ങളാണിവ. ആകസ്മികമായി സംഭവിക്കുന്ന വ്രതഭംഗത്തിന് അനുഷ്ഠിക്കേണ്ട പ്രായശ്ചിത്തം 9–12 വാക്യങ്ങളിലും വ്രതം അവസാനിപ്പിക്കുമ്പോൾ അർപ്പിക്കേണ്ട ബലികളും കാഴ്ചകളും 13–21 വാക്യങ്ങളിലും വിവരി

ക്കുന്നു. ദഹനബലി, സമാധാനബലി, പാപപരിഹാരബലി, ധാന്യബലി, പാനീയബലി എന്നിങ്ങനെ ഇസ്രായേലിൽ നിലവിലിരുന്ന സകല ബലികളും (ലേവ്യർ 1-7) അർപ്പിച്ചുകൊണ്ടാണ് വ്രതകാലം സമാപിക്കുന്നത്. ഇതു വലിയ ചിലവുള്ള ചടങ്ങുകളായിരുന്നതിനാൽ കാലക്രമത്തിൽ വ്രതസ്തർക്കു വേണ്ടി ഈ ബലികളർപ്പിക്കാൻ സമ്പന്നർ സഹായം ചെയ്തിരുന്നു. വ്രതകാലം മുഴുവൻ മുടി വളർത്തുകയും അവസാനിക്കുമ്പോൾ മുടിവടിച്ചു ദൈവത്തിനു കാഴ്ച വയ്ക്കുകയും ചെയ്യുക നാസീർ വ്രതത്തിന്റെ ഭാഗമായിരുന്നു. സൗന്ദര്യത്തിന്റെയും ശക്തിയുടെയും പ്രതീകമാണ് മുടി. മുടി ദൈവത്തിനു സമർപ്പിക്കുക ഹൈന്ദവക്ഷേത്രങ്ങളിലും പതിവാണല്ലോ. പൗരോഹിത്യത്തിന്റെയും സന്യാസവ്രതത്തിന്റെയും ഭാഗമായി മുടി മുറിക്കാറുള്ളതും നാസീർ വ്രതത്തെ അനുസ്മരിപ്പിക്കുന്നു.

**വിചിന്തനം** : നോമ്പും സന്യാസവ്രതവും സ്വതന്ത്രമനസ്സോടെ വ്യക്തികൾ ദൈവത്തിനു നൽകുന്ന കാഴ്ചകളാണ്. ഇത് വ്യക്തിയുടെ ജീവിത വിശുദ്ധീകരണത്തിനു സഹായിക്കുക മാത്രമല്ല സമൂഹമധ്യത്തിൽ ദൈവിക മൂല്യങ്ങൾക്ക് സാക്ഷ്യമാവുകയും ചെയ്യുന്നു. ധനവും അതു നൽകുന്ന സുരക്ഷിതത്വവും സുഖസൗകര്യങ്ങളും സ്വാധീനങ്ങളും പ്രശസ്തിയും വെടിഞ്ഞ്, യേശുവിനെപ്പോലെ ദരിദ്രരായി ജീവിക്കുന്നവർ ലോകത്തിനു മുമ്പിൽ എന്നും മാർഗ്ഗദർശികളായി പ്രശോഭിക്കും. മറ്റുള്ളവർക്ക് അതൊരു വെല്ലുവിളി ആയിരിക്കുകയും ചെയ്യും. എന്നാൽ വ്രതസ്തർ തന്നെ ലൗകികമോഹങ്ങളുടെ സ്വാധീനത്തിൽപ്പെട്ടു പോകുന്നില്ലേ എന്ന് നിരന്തരം ആത്മപരിശോധന ചെയ്യേണ്ടതുണ്ട്. നാസീർവ്രതം സമയബന്ധിതമായിരുന്നു. മാമ്മോദീസായിലൂടെ ക്രിസ്തുവിനു സ്വയം സമർപ്പിക്കുന്ന വ്രതവും അതിന്റെതന്നെ തീവ്രഭാവമായ സന്യാസവ്രതവും ആകട്ടെ, ആയുഷ്ക്കാലം മുഴുവൻ നീണ്ടുനിൽക്കുന്നു. വ്രതഭംഗം വരുത്തുന്നവർക്ക് സാംസന്റെ അനുഭവം ഇന്നും ഒരു മുന്നറിയിപ്പും താക്കീതുമാണ്.

**e. പുരോഹിതന്റെ ആശീർവ്വാദം 6, 22-27**

മോശ വഴി ദൈവം കൽപിച്ചതനുസരിച്ച് പുരോഹിതന്മാർ ജനത്തെ അനുഗ്രഹിക്കുന്നത് മനോഹരമായ ഒരു പ്രാർത്ഥനയി

ലൂടെയാണ്. മൂന്നു തവണ കർത്താവിന്റെ പേരുവിളിച്ച് ജനത്തിന്മേൽ ഉച്ചരിക്കുന്ന അനുഗ്രഹവചസ്സുകൾ ആറ് ആശംസകൾ ഉൾക്കൊള്ളുന്നു. ഭാഷാഭംഗി പരിഗണിക്കാതെ അക്ഷരാർത്ഥത്തിൽ വിവർത്തനം ചെയ്യുന്നത് പ്രാർത്ഥനയുടെ അർത്ഥവും ധ്വനികളും മനസ്സിലാക്കാൻ സഹായിക്കും.

"കർത്താവ് നിന്നെ അനുഗ്രഹിക്കുകയും

നിന്നെ സംരക്ഷിക്കുകയും ചെയ്യട്ടെ.

കർത്താവ് തന്റെ മുഖം നിന്റെ മേൽ പ്രകാശിപ്പിക്കുകയും

നിന്നോടു കരുണ കാണിക്കുകയും ചെയ്യട്ടെ.

കർത്താവ് നിന്റെ നേർക്കു മുഖം ഉയർത്തുകയും

നിനക്കു സമാധാനം നൽകുകയും ചെയ്യട്ടെ".

യാഹ്വേ എന്ന പേരാണ് കർത്താവ് എന്നു വിവർത്തനം ചെയ്തിരിക്കുന്നത്. ഓരോരുത്തർക്കും വ്യക്തിപരമായി നൽകുന്ന ആശീർവാദമാണ് ഇതെന്ന് നീ - നിന്നെ എന്ന ഏകവചനം സൂചിപ്പിക്കുന്നു. അനുഗ്രഹിക്കട്ടെ - സൃഷ്ടികർമ്മത്തിൽ ദൈവം നൽകിയ അനുഗ്രഹമാണ് (ഉൽപ. 1, 28) ഇവിടെ പുരോഹിതൻ ആശംസിക്കുന്നത്. സംരക്ഷിക്കട്ടെ - അനുഗ്രഹത്തിന്റെ ഫലമാണ് സംരക്ഷണം. ദാരിദ്ര്യം പട്ടിണി, അപടകടങ്ങൾ, യുദ്ധങ്ങൾ തുടങ്ങി ജീവനു വിരുദ്ധമായി നിൽക്കുന്ന എല്ലാ തിന്മകളിലും നിന്ന് കാത്തു സൂക്ഷിക്കട്ടെ.

മുഖപ്രകാശം - കർത്താവു നിന്നിൽ സംപ്രീതനാകട്ടെ. ഇതിനു കടകവിരുദ്ധമാണ് മുഖം മറയ്ക്കുന്നത്. (എസെ 39, 57, 17).

കരുണ - മുഖപ്രസാദത്തിന്റെ ഫലമാണിത്. കർത്താവ് തനിയ്ക്ക് ഇഷ്ടമുള്ളവരോടു കരുണ കാണിയ്ക്കുന്നു (പുറ 33, 19; റോമാ 9, 15)

മുഖം ഉയർത്തട്ടെ - ഒരാളെ ശ്രദ്ധിക്കാൻ വേണ്ടിയാണ് അയാളുടെ നേരെ മുഖം ഉയർത്തുന്നത്. സ്നേഹത്തിന്റെയും കൂട്ടായ്മയുടെയും പ്രകടനമാണിത്. ദൈവം നിന്നെ സ്നേഹത്തോടെ സ്വീകരിക്കട്ടെ. സമാധാനം - മേൽ വിവരിച്ച എല്ലാ അനുഗ്രഹങ്ങളുടെയും സംഗ്രഹ

മാണിത്. ദൈവത്തോടും സഹജീവികളോടും പ്രപഞ്ചത്തോടുമുള്ള ഐക്യത്തിൽ എത്തുന്ന അവസ്ഥയെ സമാധാനം (ശാലോം) എന്നു വിളിക്കുന്നു.

നാമം ഉറപ്പിക്കട്ടെ. കർത്താവിന്റെ പേരിൽ അറിയപ്പെടുന്ന ജനം അവിടുത്തെ സ്വന്തമാണ്. ദൈവനാമത്തിന് അനുയോജ്യമാം വിധം ജീവിക്കാൻ പുരോഹിതന്മാർ ജനത്തെ പഠിപ്പിക്കുകയും പ്രേരിപ്പിക്കുകയും ചെയ്യണം. പുരോഹിതന്റെ ആശീർവ്വാദം ഫലമണിയണമെങ്കിൽ ജനം ദൈവത്തിനു പ്രീതികരമാം വിധം ജീവിക്കണം.

**വിചിന്തനം** : ദീർഘായുസും ആരോഗ്യവും സമ്പൽ സമൃദ്ധിയും ദൈവാമുഗ്രഹത്തിന്റെ അടയാളങ്ങളായി പഴയ നിയമത്തിൽ കരുതപ്പെട്ടിരുന്നു. എന്നാൽ ഇതെല്ലാം ദൈവപ്രീതിയുടെ അടയാളങ്ങളായിരിക്കണമെന്നില്ല, ഇവയുടെ അഭവം ദൈവ ശാപവുമല്ല എന്ന് "ദരിദ്രരേ നിങ്ങൾ ഭാഗ്യവാന്മാർ" (ലൂക്കാ 6, 20) എന്നുദ്ഘോഷിച്ച യേശു പഠിപ്പിച്ചു. ദാരിദ്ര്യത്തിലും രോഗത്തിലും അത്യാഹിതങ്ങളിലും അവഹേളനങ്ങളിലുമെല്ലാം ദൈവത്തിന്റെ കൃപാകടാക്ഷം കണ്ടെത്താൻ കഴിയണം. യേശുക്രിസ്തവിന്റെ നാമത്തിൽ അറിയപ്പെടുന്ന ക്രിസ്ത്യാനികളുടെ ജീവിതം അവിടത്തെ നാമത്തിന് അനുയോജ്യമായിരിക്കണം.

## ചോദ്യങ്ങൾ

1. അശുദ്ധരെ അകറ്റി നിർത്താൻ കൽപിച്ചത് എന്തുകൊണ്ട്? ഈ കൽപനയും യേശുവിന്റെ സമീപനരീതിയും തമ്മിൽ താരതമ്യം ചെയ്യുക.

2. നഷ്ടപരിഹാരം നൽകുന്നതിനു പുറമേ ബലിയർപ്പിക്കാൻ നിർദ്ദേശിച്ചിരിക്കുന്നതിന്റെ കാരണമെന്ത്?

3. പാതിവ്രത്യശങ്കയുണ്ടാകുമ്പോൾ ആരാണ് വിധി പ്രസ്താവിക്കുന്നത്? ഈ നിയമത്തെ മെസൊപ്പൊട്ടാമിയായിലും ഭാരതത്തിലും നിലവിലിരുന്ന നിയമങ്ങളുമായി താരതമ്യം ചെയ്യുക.

4. നാസീർവ്രതം എന്നാൽ എന്ത്? ഈ വ്രതത്തിന് ഇന്ന് എന്തു പ്രസക്തിയുണ്ട്?

5. പുരോഹിതന്റെ ആശീർവ്വാദത്തിലെ ആറു ഘടകങ്ങൾ ഏവ?

6. ജനത്തിന്റെ മേൽ കർത്താവിന്റെ നാമം ഉറപ്പിക്കട്ടെ എന്ന നിർദ്ദേശത്തിന്റെ അർത്ഥമെന്ത്?

**ചർച്ചയ്ക്ക്** :- 1. നഷ്ടപരിഹാരത്തെ സംബന്ധിച്ച നിയമങ്ങൾക്ക് നമ്മുടെ സമൂഹങ്ങളിലും, ദേശീയവും അന്തർദേശീയവുമായ തലങ്ങളിലും എന്തു പ്രസക്തിയുണ്ട്?

2. ഇന്നു വ്രതസ്തർ നേരിടുന്ന പ്രതിസന്ധികളും അപകടങ്ങളും ഏവ? അവയെ എങ്ങനെ നേരിടാനാവും?

**പ്രാർത്ഥന** സങ്കീ. 31, 1-5 ഉപയോഗിച്ചു പ്രാർത്ഥിക്കുക.

## 3. കാഴ്ചകളും സമർപ്പണവും 7, 1-10, 10

യാത്രയ്ക്കുള്ള ഒരുക്കത്തിന്റെ അവസാനഭാഗമായ ഈ അധ്യായങ്ങളിൽ സാക്ഷ്യകൂടാരവും ദൈവാരാധനയുമായി ബന്ധപ്പെട്ട ചില കാര്യങ്ങൾ വിവരിച്ചിരിക്കുന്നു. സീനായ്മലയുടെ അടിവാരത്തു സാക്ഷ്യകൂടാരം ഉയർത്തിയതിനെക്കുറിച്ച് പുറ 40-ാം അധ്യായത്തിൽ വിവരിച്ചതിന്റെ തുടർച്ചയായിട്ടാണ് ഈ അധ്യായങ്ങൾ അവതരിപ്പിച്ചിരിക്കുന്നത്.

### a. ഗോത്രത്തലവന്മാരുടെ കാഴ്ചകൾ 7, 1-89

ജനസംഖ്യാ കണക്കെടുക്കുന്നതിൽ നേതൃത്വം വഹിച്ച ഗോത്രത്തലവന്മാർ സാക്ഷ്യകൂടാരവുമായി ബന്ധപ്പെട്ട ശുശ്രൂഷികൾക്കു വേണ്ടി നല്കിയ കാഴ്ചകളെ രണ്ടു ഭാഗമായി തിരിച്ചിരിക്കുന്നു. 3-9 വാക്യങ്ങളിൽ കൂടാരവും അതിലെ സാമഗ്രികളും വഹിച്ചുകൊണ്ടുപോകുന്നതിനാവശ്യമായ വണ്ടികളും കാളകളും നല്കിയതിനെ വിവരിക്കുന്നു. കൂടാരത്തിന്റെ കൂടുതൽ ഭാരമുള്ള ഭാഗങ്ങൾ ചുമന്നുകൊണ്ടുപോകേണ്ടിയിരുന്ന ഗോത്രങ്ങൾക്കാണ് വണ്ടികളും കാളകളും നല്കപ്പെട്ടത്. സാക്ഷ്യപേടകം, തിരുപ്പാത്രങ്ങൾ മുതലായ ഏറ്റം വിശുദ്ധമായ ഉപകരണങ്ങൾ ചുമലിൽ തന്നെ വഹിക്കേണ്ടിയിരുന്നതിനാൽ കൊഹാത്യർക്കു വണ്ടികൾ നല്കിയില്ല. വിശുദ്ധ വസ്തു

ക്കളോടുള്ള ആദരവാണ് ഇതിലൂടെ പ്രകടമാകുന്നത്.

10-88 വാക്യങ്ങളിൽ ബലിയർപ്പണത്തിനാവശ്യമായ പാത്രങ്ങളും മൃഗങ്ങളും പ്രതിപാദ്യവിഷയമാകുന്നു. പന്ത്രണ്ടു ഗോത്രത്തലവന്മാരും നല്കിയത് ഒരേ എണ്ണത്തിലും അളവിലുമുള്ള കാഴ്ചകളായിരുന്നു. അവയെല്ലാം ഒരേ രീതിയിൽ പന്ത്രണ്ടു തവണ ആവർത്തിച്ചിരിക്കുന്നത് വളരെ വിരസമായിത്തോന്നാം. ബലിയർപ്പണത്തിനും ദേവാലയത്തിലെ ഇതരശുശ്രൂഷികൾക്കും പുരോഹിതന്മാരുടെയും ലേവ്യരുടെയും ജീവസന്ധാരണത്തിനും ആവശ്യമായവ ഉദാരമായി നല്കാൻ ഇസ്രായേൽ ജനത്തെ പ്രേരിപ്പിക്കുകയാണ് പൂർവ്വികരുടെ ഔദാര്യത്തെ കുറിച്ചുള്ള ദീർഘമായ ഈ വിവരണത്തിന്റെ ലക്ഷ്യം എന്നു കരുതപ്പെടുന്നു.

സാക്ഷ്യകൂടാരം ശൂന്യമായ ഒരു സ്ഥലമല്ല, അതിൽ ദൈവത്തിന്റെ സജീവസാന്നിധ്യം നിറഞ്ഞു നിൽക്കുന്നുവെന്നു സൂചിപ്പിക്കുന്നതാണ് കൃപാസനത്തിൽ നിന്നുയർന്ന ശബ്ദം (7, 89), സാക്ഷ്യപേടകത്തിനു മുകളിൽ വച്ചിരുന്ന അടിച്ചുപരത്തിയ സ്വർണ്ണത്തകിടാണ് കൃപാസനം. അതിന്റെ രണ്ടറ്റത്തും കെരൂബുകളെ സ്ഥാപിച്ചിരുന്നു (പുറ. 25; 17-21). ദൈവം മോശയോടു നേരിട്ടു സംസാരിച്ചു എന്ന് ഇവിടെ എടുത്തു പറയുന്നു.

വിചിന്തനം : പ്രപഞ്ചം മുഴുവനും നിറഞ്ഞു നില്ക്കുന്നവനാണ് ദൈവമെങ്കിലും അവിടുന്ന് ഒരു പ്രത്യേകസ്ഥലത്ത് തന്റെ സാന്നിധ്യം അനുഭവവേദ്യമാക്കാനും വചനത്തിലൂടെ തന്റെ ഹിതം വെളിപ്പെടുത്താനും തിരുമനസ്സായി. യേശു ക്രിസ്തുവിന്റെ ശരീരം സാക്ഷ്യപേടകത്തിന്റെയും ദേവാലയത്തിന്റെയും സ്ഥാനം ഏറ്റെടുത്തു. (യോഹ. 2, 21). ഇന്നു സ്വർണ്ണത്തളികകളും ബലിമൃഗങ്ങളുമല്ല, നമ്മെത്തന്നെ കാഴ്ചയായി സമർപ്പിക്കാൻ നാം വിളിക്കപ്പെട്ടിരുന്നു (റോമാ 12, 1). അതേസമയം, ദേവാലയ ശുശ്രൂഷയ്ക്കും ആരാധനയ്ക്കും ആവശ്യമായവ നല്കാനും വിശ്വാസികൾക്കു കടമയുണ്ട്.

### b. ദീപസജ്ജീകരണം 8, 1-4

ഏഴു ശാഖകളുള്ള വിളക്കുകാലിനെക്കുറിച്ച് പുറ 25, 31-40; 37, 17-24ൽ വിശദമായി പ്രതിപാദിച്ചിട്ടുണ്ട്. വിളക്കുകാലിന്റെ മുമ്പിൽ

വച്ചിരിക്കുന്ന തിരുസാന്നിധ്യ അപ്പത്തിന്റെ മേശയിൽ പ്രകാശം ചൊരിയത്തക്കവിധത്തിലാണ് വിളക്കുകൾ ക്രമീകരിക്കാൻ ആവശ്യപ്പെട്ടിരിക്കുന്നത്. മേശയിൽ വയ്ക്കുന്ന 12 അപ്പം ഇസ്രായേൽ ജനത്തിന്റെ പ്രതീകമാണ്. ദൈവത്തിന്റെ കൃപാകടാക്ഷവും സംരക്ഷണവും ജനത്തിന് എപ്പോഴും ലഭ്യമാകുന്നു എന്ന് ഈ ദീപസജ്ജീകരണം സൂചിപ്പിക്കുന്നു. സ്വർഗ്ഗീയ ദേവാലയത്തിൽ നമുക്കു വേണ്ടി നിരന്തരം മാധ്യസ്ഥ്യം വഹിക്കുന്ന നിത്യപുരോഹിതനും ലോകത്തിന്റെ പ്രകാശവുമായ യേശുവിന്റെ പ്രതീകമായിരുന്നു ഈ വിളക്കുകാൽ.

**c. ലേവ്യരുടെ സമർപ്പണം 8, 5–26**

ഇസ്രായേലിലെ ആദ്യജാതന്മാർക്കു പകരം ലേവ്യരെ കർത്താവിനു സമർപ്പിക്കണം എന്ന് സംഖ്യ 3, 40–47ൽ നൽകിയ നിർദ്ദേശങ്ങളുടെ വിശദീകരണമായിട്ടാണ് ഈ അധ്യായം അവതരിപ്പിച്ചിരിക്കുന്നത്. ജനം മുഴുവനും സമാഗമകൂടാരത്തിന്റെ മുമ്പിൽ സമ്മേളിച്ച് ലേവ്യരുടെ തലയിൽ കൈ വയ്ക്കുന്നത്, തങ്ങൾക്കു പകരം കർതൃശുശ്രൂഷയ്ക്കായി ലേവ്യരെ സമർപ്പിക്കുന്നു എന്നു സൂചിപ്പിക്കുന്നു.

സമർപ്പണത്തിന് മൂന്നു ഘട്ടങ്ങൾ നിർദ്ദേശിച്ചിരിക്കുന്നു. 1. ജനങ്ങളുടെ ഇടയിൽ നിന്നു വേർ തിരിക്കുക. 2. ശുദ്ധീകരിക്കുക. 3. സമർപ്പിക്കുക. ശുദ്ധീകരണത്തിനായി മൂന്നു ചടങ്ങുകളാണ് ആവശ്യപ്പെടുന്നത്. 1. പാപപരിഹാരജലം തളിക്കുക. 2. ശരീരം മുഴുവൻ ക്ഷൗരം ചെയ്യുക. 3. വസ്ത്രം അലക്കി കുളിക്കുക (പുറ 19, 14). ആന്തരികമായ വിശുദ്ധീകരണത്തിന്റെ അടയാളങ്ങളാണ് ബാഹ്യമായ ഈ ചടങ്ങുകൾ. ജനത്തിനിടയിൽ നിന്ന് ദൈവശുശ്രൂഷയ്ക്കായി വേർ തിരിച്ചു മാറ്റി നിർത്തുന്നവർ പൂർണ്ണമായും പുതിയ മനുഷ്യരായി മാറുന്നുവെന്നും വിശുദ്ധമായി ജീവിക്കാൻ കടപ്പെട്ടിരിക്കുന്നു എന്നും ഈ അടയാളങ്ങളിലൂടെ അനുസ്മരിപ്പിക്കുന്നു.

ലേവ്യർ 25–ാം വയസിൽ ജോലിയിൽ പ്രവേശിക്കുകയും 50–ാം വയസിൽ വിരമിക്കുകയും ചെയ്യണമെന്ന് 23–26 വാക്യങ്ങൾ നിർദ്ദേശിച്ചിരിക്കുന്നു. 4, 35ൽ ഈ പ്രായപരിധി 30–35 എന്നാണ് നിശ്ചയിച്ചിരിക്കുന്നത്. 20 വയസു മുതൽ ലേവ്യർ ജോലിയിൽ പ്രവേശിക്കുന്നതായി 1 ദിന 23, 24; 2 ദിന 31, 17; എസ്രാ 3, 8ൽ രേഖപ്പെടുത്തിയിട്ടു

ണ്ട്. വ്യത്യസ്ത കാലഘട്ടങ്ങളിൽ നിലവിലിരുന്ന നിയമങ്ങളാണ് ഈ വ്യത്യാസത്തിനു കാരണം എന്നു കരുതപ്പെടുന്നു. 50-ാം വയസിൽ ജോലിയിൽനിന്നു വിരമിക്കുന്നവരുടെ സേവനം ലേവ്യസമൂഹത്തിനു സ്വീകരിക്കാം എന്ന നിർദ്ദേശം മുതിർന്ന തലമുറയുടെ അനുഭവസമ്പത്തും പ്രായോഗിക പരിജ്ഞാനവും ഇളം തലമുറകൾക്കു മാർഗ്ഗദർശനം നല്കാനും അതേ സമയം പ്രായമായവർക്ക് ഉത്തരവാദിത്വങ്ങളിൽ നിന്ന് ഒഴിഞ്ഞു നില്ക്കാനും സഹായിക്കുന്നു.

**വിചിന്തനം** : പഴയ നിയമത്തിലെ ലേവ്യരുടെ സ്ഥാനം ഇന്നു സഭയിലെ സന്യസ്തർക്കാണ്. ജനത്തിൽ നിന്നും തിരഞ്ഞെടുത്തു വേർതിരിച്ച് ദൈവികശുശ്രൂഷയ്ക്കായി മാറ്റിവയ്ക്കപ്പെടുന്നവർ ദൈവത്തോടും ജനത്തോടും കടപ്പെട്ടിരിക്കുന്നു. ജനത്തിനു വേണ്ടി ദൈവതിരുമുമ്പിൽ മാധ്യസ്ഥ്യം വഹിക്കാനും ജനമധ്യത്തിൽ ദൈവികശുദ്ധിയുടെ സാക്ഷികളായിരിക്കാനും അവർക്കു കടപ്പാടുണ്ട്. ഇസ്രായേൽജനം തങ്ങൾക്കു പകരം ലേവ്യരെ സമർപ്പിച്ചതുപോലെയാണ് മാതാപിതാക്കൾ ഇന്നു മക്കളെ ദൈവികശുശ്രൂഷയ്ക്കായി വിട്ടുകൊടുക്കാൻ തയ്യാറാകുന്നത്. സന്യസ്തർക്കു ജനത്തോടും നേരേ മറിച്ചും ഉള്ള ഉത്തരവാദിത്വം അവഗണിക്കപ്പെടുന്നില്ലേ എന്നു ചോദിക്കേണ്ടിയിരിക്കുന്നു. ഞങ്ങൾക്കു മറ്റാരോടും ഉത്തരവാദിത്വമില്ല എന്നു സന്യസ്തരും നിങ്ങളെ ഞങ്ങൾക്ക് ആവശ്യമില്ല എന്നു ജനവും ചിന്തിക്കാൻ തുടങ്ങുന്നത് അപകടസൂചനയാണ്.

### d. പെസഹാ ആഘോഷം 9, 1-14

പെസഹാ ആചരണത്തെക്കുറിച്ച് പുറ 12, 1-51; ലേവ്യർ 23, 5-8 എന്നീ ബൈബിൾഭാഗങ്ങളിൽ പ്രതിപാദിച്ചു കഴിഞ്ഞു. മരുഭൂമിയിലൂടെ യാത്ര ചെയ്യുന്ന തീർത്ഥാടനസമൂഹത്തിന്റെ ആഘോഷമാണിത്. തങ്ങൾക്കു ലഭിച്ച വിമോചനത്തിന്റെ അനുസ്മരണവും ഇനിയും ലഭിക്കാൻ പോകുന്ന വാഗ്ദത്തഭൂമിയെക്കുറിച്ചുള്ള പ്രതീക്ഷയും ഈ ആഘോഷത്തിൽ ഉൾച്ചേർന്നിരിക്കുന്നു.

പ്രത്യേക കാരണങ്ങളാൽ നിശ്ചിത സമയത്ത് പെസഹാ ആചരിക്കാൻ കഴിയാതെ പോയവർക്ക് വേണ്ടിയുള്ള നിർദ്ദേശങ്ങൾ 6-11 വാക്യങ്ങളിൽ നല്കിയിരിക്കുന്നു. പെസഹാ ആചരണത്തെ സംബ

ഡിച്ച ചോദ്യവുമായി തന്നെ സമീപിച്ചവർക്ക് ഉടനെ ഉത്തരം നല്കാതെ മോശ കർത്താവിന്റെ മറുപടിക്കായി കാത്തിരുന്നു. സ്വന്തം തീരുമാനങ്ങളല്ല, കർത്താവിന്റെ ഹിതമാണ് മോശ ജനത്തെ അറിയിക്കുന്നത്.

രണ്ടാം മാസം പതിന്നാലാം ദിവസം പെസഹാ ആചരിക്കാമെന്ന ആനുകൂല്യം ഹെസെക്കിയാ രാജാവിന്റെ കാലത്ത് ഉപയോഗിച്ചതായി 2 ദിന 30, 1-22ൽ വിവരിച്ചിട്ടുണ്ട്. പെസഹാ ആഘോഷത്തിന് വ്യക്തിയുടെയും സമൂഹത്തിന്റെയും ജീവിതത്തിലുള്ള അതുല്യപ്രാധാന്യമാണ് ഈ ആനുകൂല്യം വെളിപ്പെടുത്തുന്നത്. പ്രവാസകാലത്തും അതിനു ശേഷവും ഇസ്രായേൽക്കാർ വിദൂരങ്ങളിൽ വസിക്കേണ്ടി വന്നപ്പോൾ യാത്രക്കാരെ സംബന്ധിച്ച ആനുകൂല്യം കൂടുതൽ പ്രസക്തമായി. കഴിയുമായിരുന്നിട്ടും മനഃപൂർവ്വം പെസഹാ ആചരണത്തിൽ പങ്കു ചേരാത്തത് മരണശിക്ഷയർഹിക്കുന്ന കുറ്റമായി 13-ാം വാക്യത്തിൽ ചിത്രീകരിക്കുന്നു. ഇസ്രായേൽക്കാരുടെ ഇടയിൽ പാർക്കുന്ന പരദേശികൾക്കും പെസഹാ ആചരണത്തിൽ പങ്കെടുക്കാം എന്ന് തുടർന്നു നിർദ്ദേശിക്കുന്നു.

**വിചിന്തനം** : ദൈവത്തോടു മുഖാഭിമുഖം സംസാരിച്ചിരുന്ന മോശയ്ക്കുപോലും കർത്താവിന്റെ വചനത്തിനു വേണ്ടി കാത്തിരിക്കേണ്ടി വന്നു. പ്രാർത്ഥനയിലൂടെ ദൈവഹിതം തേടാനും അത് അറിയുന്നതുവരെ കാത്തിരിക്കാനും ഏവർക്കും കടമയുണ്ട്.

**e. വഴി നടത്തുന്ന ദൈവം 9, 15-23**

പുറ 40, 34-38ൽ പറഞ്ഞു വച്ചതിന്റെ തുടർച്ചയാണ് ഇവിടെ വിവരിക്കുന്നത്. സാക്ഷ്യകൂടാരത്തെ ആവരണം ചെയ്ത മേഘം രാത്രി അഗ്നി പോലെ ജ്വലിച്ചു. ദൈവികസാന്നിധ്യത്തിന്റെ ദൃശ്യമായ അടയാളമാണ് ഈ മേഘവും അഗ്നിയും. ദൈവം ജനമധ്യത്തിൽ വസിക്കുന്നുവെന്നും മരുഭൂമിയിലൂടെ അവരെ നയിക്കുന്നുവെന്നും മേഘത്തിന്റെ സാന്നിധ്യവും നീക്കങ്ങളും സൂചിപ്പിക്കുന്നു. എവിടെ പാളയമടിക്കണം, എത്ര കാലം പാളയത്തിൽ പാർക്കണം, എപ്പോൾ യാത്ര തുടങ്ങണം, ഏതു വഴി നീങ്ങണം എന്നെല്ലാം മേഘത്തിലൂടെ ദൈവം വെളിപ്പെടുത്തി. കർത്താവിന്റെ കല്പന അനുസ

രിച്ചാണ് ജനം യാത്ര ചെയ്തതും വിശ്രമിച്ചതും എന്ന് ഈ വിവരണം എടുത്തു കാട്ടുന്നു. മേഘം വഴി ഇസ്രായേൽ ജനത്തെ മരുഭൂമിയിലൂടെ നയിച്ച ദൈവം ഇന്നു തന്റെ വചനത്തിലൂടെയാണ് നമ്മെ നയിക്കുന്നത്. (മത്താ. 17, 6). അവിടുത്തെ വചനത്തിനായി കാത്തിരിക്കാനും വചനം അനുസരിച്ചു യാത്ര ചെയ്യാനും തയ്യാറാകുന്നവരെ വാഗ്ദത്തഭൂമി അവകാശമാക്കൂ.

**f. കാഹളം 10, 1–10**

യാത്രയ്ക്കുള്ള ഒരുക്കത്തിലെ അവസാനത്തെ ഇനമാണ് അടിച്ചു പരത്തിയ വെള്ളി കൊണ്ടു നിർമ്മിച്ച രണ്ടു കാഹളങ്ങൾ. രണ്ടു ലക്ഷ്യങ്ങലാണ് കാഹളധ്വനിക്കുള്ളത്. 1. എന്തെങ്കിലും പ്രത്യേക കാര്യത്തിനായി ജനത്തെ സജ്ജമാക്കുക. 2. ദൈവം ജനത്തെ അനുസ്മരിക്കാൻ ഇടയാക്കുക. ജനത്തിന്റെ ഓരോ നീക്കവും ദൈവത്തിന്റെ കല്പനയനുസരിച്ചായിരിക്കണം എന്ന് ആദ്യത്തെ ലക്ഷ്യം സൂചിപ്പിക്കുന്നു; തങ്ങളുടെ ആവശ്യങ്ങൾ കർത്താവിനെ അറിയിക്കുകയും അവിടുത്തെ വാഗ്ദാനങ്ങളെ അനുസ്മരിച്ചു കൊണ്ടു പ്രാർത്ഥിക്കുകയും ചെയ്യണം എന്ന് രണ്ടാമത്തെ ലക്ഷ്യവും.

“ഞാൻ നിങ്ങളുടെ ദൈവമായ കർത്താവാണ്” എന്ന പ്രഖ്യാപനത്തോടെ യാത്രയ്ക്കുള്ള ഒരുക്കം സമാപിക്കുന്നു. ഈജിപ്തിൽ വച്ച് നിലവിളി കേട്ട് ഇറങ്ങി വന്ന്, ഇസ്രായേൽക്കാരെ മോചിപ്പിച്ച ദൈവമായ കർത്താവ് അവരെ വാഗ്ദത്തഭൂമനിയിലേക്കു നയിക്കുമെന്നും വഴിയിൽ ആവശ്യമായ സംരക്ഷണവും നിർദ്ദേശങ്ങളും നല്കി പാലിക്കുക മാത്രമല്ല, അവരുടെ കൂടെ യാത്ര ചെയ്യുമെന്നും ഈ പ്രഖ്യാപനം ഉറപ്പു നല്കുന്നു.

വിചിന്തനം : കാഹളധ്വനി കേൾക്കുമ്പോൾ അവിടുന്നു ജനത്തെ ഓർമ്മിക്കും എന്നു പറയുന്നത്, എന്തു വന്നാലും കർത്താവു കാത്തു കൊള്ളും എന്ന ധിക്കാരപരമായ നില വെടിഞ്ഞ്, വിനയത്തോടെ അവിടുത്തോടു മുട്ടിപ്പായി പ്രാർത്ഥിക്കണം എന്നു പഠിപ്പിക്കാൻ വേണ്ടിയാണ്. പഴയ നിയമത്തിലെ കാഹളധ്വനിയുടെ സ്ഥാനമാണ് ഇന്നു പള്ളിമണികൾക്കുള്ളത്. തീർത്ഥാടക സമൂഹത്തെ അതിന്റെ ലക്ഷ്യ

ത്തെക്കുറിച്ച് അനുസ്മരിപ്പിക്കാനും ആരാധിയ്ക്കാനായി ദേവാലയത്തിലേക്കു വിളിച്ചു കൂട്ടാനും മണിനാദം സഹായിക്കുന്നു. മരിച്ചവരെ വിളിച്ചുണർത്തുന്ന കാഹളധ്വനി (1 കോറി 15, 52) മുഴങ്ങുന്നതുവരെ ഈ മണിനാദത്തിനു നാം കാതോർക്കണം.

## ചോദ്യങ്ങൾ

1. നേതാക്കന്മാർ നല്കിയ കാഴ്ചകളുടെ ദീർഘമായ പട്ടിക അവതരിപ്പിക്കുന്നതിന്റെ ലക്ഷ്യമെന്ത്?

2. ലേവ്യരുടെ മേൽ ജനം കൈ വയ്ക്കുന്നതിന്റെ അർത്ഥമെന്ത്? ഇന്ന് അതിന് എന്തു പ്രസക്തിയുണ്ട്?

3. ലേവ്യരെ നീരാജനമായി അർപ്പിക്കണം എന്നതുകൊണ്ട് എന്താണ് അർത്ഥമാക്കുന്നത്?

4. പെസഹാ എന്നാൽ എന്ത്? പഴയ നിയമത്തിലെയും പുതിയ നിയമത്തിലെയും പെസഹായെ കുറിച്ചുള്ള കാഴ്ചപ്പാടുകൾ തമ്മിൽ താരതമ്യം ചെയ്യുക.

5. കൂടാരമുകളിലെ മേഘം എന്തിന്റെ പ്രതീകമാണ്? എന്താണ് അതിന്റെ പ്രാധാന്യം?

6. ഏതെല്ലാം സാഹചര്യങ്ങളിലാണ് കാഹളം മുഴക്കാൻ നിർദ്ദേശിച്ചിരിക്കുന്നത്? എന്തുനു വേണ്ടി?

**ചർച്ചയ്ക്ക് :-** ലേവ്യരെ ജനത്തിൽ നിന്നു വേർതിരിച്ച് വിശുദ്ധീകരിച്ചു സമർപ്പിക്കുന്നതിനുള്ള നിർദ്ദേശത്തിൽ നിന്ന് എന്തു പ്രായോഗിക പാഠമാണ് നിങ്ങൾക്കു ലഭിക്കുന്നത്?

**പ്രാർത്ഥന :** സങ്കീർത്തനം 73, 25-26 ഉപയോഗിച്ചു പ്രാർത്ഥിക്കുക.

# II യാത്ര 10, 11–22, 1

നാല്പതു വർഷം ദീർഘിച്ച മരുഭൂമിയിലൂടെയുള്ള യാത്രയുടെ ആദ്യത്തെ ഒരു വർഷത്തോളം സീനായ്മലയുടെ അടിവാരത്തും അവസാനത്തെ മാസങ്ങൾ ജോർദ്ദാനു കിഴക്കു മൊവാബു സമതലത്തിലും അവർ ചിലവഴിച്ചു. ഈ രണ്ടു താവളങ്ങൾക്കു മധ്യേ ഏകദേശം 38 വർഷത്തെ പ്രയാണങ്ങളുടെ ചരിത്രം ഇവിടെ വിവരിക്കുന്നു. മുഖ്യമായും കാദെശ്ബർണയായെ കേന്ദ്രമാക്കിയാണ് വിവരണങ്ങൾ നല്കിയിരിക്കുന്നത്.

സുദീർഘമായ ഈ കാലഘട്ടത്തിന്റെ ചരിത്രത്തിൽ നിന്ന് ചുരുക്കം സംഭവങ്ങൾ മാത്രം തിരഞ്ഞെടുത്ത് ഇവിടെ അവതരിപ്പിച്ചിരിക്കുന്നു. യാത്രയുടെ വിശദാംശങ്ങൾ വർണ്ണിക്കുകയല്ല, ഒരു തീർത്ഥാടനത്തിലൂടെ ദൈവജനത്തിനു ലഭിച്ച പരിശീലനത്തിന്റെ വിവിധ വശങ്ങൾ എടുത്തു കാട്ടി അനുവാചകർക്കു പ്രചോദനം നല്കുകയാണ് ഈ വിവരണങ്ങളുടെ പ്രധാന ലക്ഷ്യം. കർത്താവിന്റെ ശക്തമായ സംരക്ഷണത്തിലും നേതൃത്വത്തിലും വാഗ്ദത്തഭൂമിയിലേക്കു പടനീക്കം നടത്തിയ ജനം എന്തുകൊണ്ട് അവിടെ എത്താതെ ദീർഘകാലം മരുഭൂമിയിൽ ചുറ്റിത്തിരിയേണ്ടി വന്നു എന്ന ചോദ്യത്തിന് ഈ വിവരണങ്ങളിലൂടെ വി. ഗ്രന്ഥകാരൻ മറുപടി നല്കുന്നു.

കർത്താവു തന്നെ നിയോഗിച്ച മോശയുടെയും അഹറോന്റെയും നേതൃത്വത്തിൽ ധീരതയോടെ യുദ്ധം ചെയ്തു ഭൂമി കൈവശമാക്കുന്നതിനു പകരം അവർ ദുരാഗ്രഹങ്ങളിൽ മുഴുകി, ഭീരുക്കളായി പിന്മാറുകയും നേതാക്കൾക്കെതിരെ കലാപക്കൊടി ഉയർത്തുകയും ചെയ്തു. ക്ലേശങ്ങളെ നേരിടാനുള്ള വൈമുഖ്യവും സ്വയം നേതാക്കന്മാരാകാനുള്ള അഭിവാഞ്ഛയും മുറുമുറുപ്പിന്റെയും കലാപത്തിന്റെയും രൂപത്തിൽ പുറത്തു വന്നു. ജനക്കൂട്ടം മാത്രമല്ല, നേതാക്കളായ അഹറോനും മീരിയാമും മോശ പോലും ചില സാഹചര്യങ്ങളിൽ അവിശ്വസ്തരായിത്തീർന്നു. വാഗ്ദാനങ്ങളിൽ അവിശ്വസ്തരായ ജനത്തെ മുഖംനോക്കാതെ ശിക്ഷിച്ചുകൊണ്ട് അവർക്ക് വിശ്വാസത്തിലും വിശ്വസ്തതയിലും പരിശീലനം നല്കി. വാഗ്ദത്ത

ഭൂമിയെ ലക്ഷ്യംവച്ചു യാത്ര ചെയ്യുന്ന സകലർക്കും ഈ സംഭവങ്ങൾ മാതൃകാപാഠങ്ങളാണ്.

സംഭവങ്ങൾ വിവരിക്കുന്ന 10-14, 16, 20-21 അധ്യായങ്ങൾ മുഖ്യമായും യാഹ്‌വിസ്റ്റ്-ഏലോഹിസ്റ്റ് (J-E) രചനയും വിവിധ നിയമങ്ങളെയും അഹറോന്റെ നേതൃത്വത്തെയും കുറിച്ചു പ്രതിപാദിക്കുന്ന 15, 17-19 അധ്യായങ്ങൾ പുരോഹിതരചനയും (P) ആയി കരുതപ്പെടുന്നു. പഠനത്തിനുള്ള സൗകര്യത്തിനുവേണ്ടി ഈ ഭാഗത്തെ നാലായി തിരിക്കാം.

1. സീനായ് മുതൽ കാദെശ് വരെ (10, 11-12, 16)
2. അലച്ചിലിന്റെ തുടക്കം (13, 1-14, 45)
3. നിയമങ്ങളും നേതൃത്വവും (15, 1-19, 22)
4. മൊവാബു സമതലത്തിലേക്ക് (20, 1-22, 1)

## 1. സീനായ് മുതൽ കാദെശ് വരെ 10, 11-12, 16

### a. സീനായ് വിടുന്നു. 10, 11-36

ഈജിപ്തിൽ നിന്ന് പുറപ്പെട്ടതിന്റെ മൂന്നാം മാസം ഒന്നാം ദിവസം അവർ സീനായ് മലയുടെ അടിവാരത്തെത്തി (പുറ 19, 1). 11 മാസവും ഇരുപതു ദിവസവും അവിടെ വസിച്ചതിനുശേഷം വീണ്ടും യാത്ര പുറപ്പെട്ടു. കൂടാരത്തിൽ നിന്നു മേഘം ഉയർന്നത് യാത്ര തുടങ്ങാൻ ദൈവം നല്കിയ അടയാളമായിരുന്നു (9, 17). മേഘം പാരാൻ മരുഭൂമിയിൽ ചെന്നു നിന്നു എന്നല്ലാതെ സ്ഥലത്തെക്കുറിച്ച് കൃത്യമായ വിവരം നല്കുന്നില്ല. കാനാൻ ദേശത്തിനു തെക്കും സീനായ് മരുഭൂമിയ്ക്കു വടക്കും ആയുള്ള മരുപ്രദേശമാണ് പാരാൻ മരുഭൂമി. യാത്രാമധ്യേ (12, 16) ജനം പാരാൻ മരുഭൂമിയിൽ പാളയമടിച്ചു എന്നു രേഖപ്പെടുത്തിയിട്ടുണ്ട്. അതിനുമുമ്പേ അവർ കിബ്രോത്ത് ഹത്താവായിലും ഹസേറോത്തിലും പാളയമടിച്ചതായി സൂചിപ്പിച്ചിട്ടുണ്ട് (11, 34-35; 33, 16-17). പാരാൻ മരുഭൂമിയിൽ നിന്നാണ് കാനാൻ ദേശം ഒറ്റു നോക്കാനായി മോശ ചാരന്മാരെ അയച്ചത് (13, 3). എന്നാൽ ചാരന്മാർ തിരിച്ചു വരുന്നത് കാദേശിലേക്കാണ് (13, 26), മേൽപ

റഞ്ഞ സ്ഥലങ്ങളെല്ലാം പാരാൻ മരുഭൂമിയിലുള്ള മരുപ്പച്ചകളാണെന്ന് ഇതിൽ നിന്ന് അനുമാനിക്കാം. മേഘത്തിലൂടെ കർത്താവു നല്കിയ നിർദ്ദേശമനുസരിച്ച് ജനം യാത്ര ചെയ്തു എന്ന് പഠിപ്പിക്കുകയാണ് മേഘം പാരാൻ മരുഭൂമിയിൽ ചെന്നു നിന്നു എന്ന പ്രസ്താവനയുടെ ഉദ്ദേശ്യം.

2, 4 അധ്യായങ്ങളിൽ നിർദ്ദേശിച്ചിരിക്കുന്ന ക്രമത്തിലാണ് അവർ യാത്ര ചെയ്തത്. സാക്ഷ്യപേകടം, ബലിപീഠം മുതലായവ പ്രതിഷ്ഠിക്കാൻ ആദ്യമേ കൂടാരം തയ്യാറാക്കേണ്ടിയിരുന്നതിനാൽ കൂടാരസാമഗ്രികൾ വഹിക്കുന്ന ഗെർഷോൻ മെറാറി കുലങ്ങൾ കൊഹാത്യർക്കുമുമ്പേ യാത്ര ചെയ്തതായി രേഖപ്പെടുത്തിയിരിക്കുന്നു.

മോശയുടെ അമ്മായിയപ്പന്റെ പേര് ജെത്രോ ആണെന്നും റെവുവേൽ എന്നത് ഒരു സ്ഥാനപ്പേരോ ഗോത്രനാമമോ ആയിരിക്കാമെന്നും പുറ 3, 1ൽ നാം കണ്ടു കഴിഞ്ഞു. (തീർത്ഥാടനം 5, പേജ് 17). അളിയനായ ഹൊബാബിനെ മോശ ക്ഷണിക്കുന്നത് മുഖ്യമായും അയാൾക്കു മരുഭൂമിയിലുള്ള പരിചയത്തെ മുൻനിർത്തിയാണ്. മാർഗ്ഗദർശി എന്ന് 31-ാം വാക്യത്തിൽ വിവർത്തനം ചെയ്യുന്ന ഹീബ്രുവാക്കിന് "കണ്ണുകൾ" എന്നാണ് വാച്യാർത്ഥം. വഴിയോ ദിക്കു നിർണ്ണയിക്കാൻ മാർഗ്ഗങ്ങളോ ഇല്ലാത്ത മണൽക്കാട്ടിലൂടെ യാത്ര ചെയ്യാൻ പരിചയമുള്ള വഴികാട്ടി വേണം. ഇല്ലെങ്കിൽ മരീചികകളുടെ പിന്നാലെ അലഞ്ഞ്, ലക്ഷ്യത്തിലെത്താതെ നശിച്ചു പോകും. കർത്താവിന്റെ മേഘം ദിക്കു കാട്ടിയെങ്കിലും അവിടെ എത്താനുള്ള ശരിയായ വഴി കണ്ടുപിടിക്കാൻ തന്നാൽ കഴിയുന്നതെല്ലാം ചെയ്യാൻ മോശ ശ്രമിക്കുന്നു. ദൈവപരിപാലനയിൽ ആശ്രയിച്ചുകൊണ്ടുതന്നെ മനുഷ്യൻ തന്റെ ബുദ്ധിയും യുക്തിയും മറ്റു കഴിവുകളും പരമാവധി ഉപയോഗിക്കണം എന്ന് ഇതിലൂടെ പഠിപ്പിക്കുന്നു.

ഹൊബാബ് എന്തു തീരുമാനമെടുത്തു എന്ന് വി. ഗ്രന്ഥകാരൻ പറയുന്നില്ല. എന്നാൽ അയാൾ മോശയുടെ യാചനയ്ക്കു വഴങ്ങിയെന്ന് ന്യായാ 1, 16ൽ നിന്ന് അനുമാനിക്കാം. അബ്രാഹത്തിനു ദൈവം നല്കിയ വാഗ്ദാനങ്ങൾ അയാളുടെ സന്തതി പരമ്പരയ്ക്കു മാത്രമുള്ളതല്ല, ഉടമ്പടിയുടെ നിയമങ്ങൾ പാലിക്കുന്ന എല്ലാവർക്കും ലഭ്യ

മാണെന്ന് മോശയുടെ വാക്കുകൾ (10, 32) സൂചിപ്പിക്കുന്നു. കാനാനിലേക്കു കുടിയേറിയ ഇസ്രായേൽക്കാരുടെ കൂടെ അന്യ ജനതകളിൽപ്പെട്ടവരും ഉണ്ടായിരുന്നെന്നും ഇതിൽ നിന്ന് അനുമാനിക്കാം.

ജനത്തിനു വിശ്രമസ്ഥലം അന്വേഷിച്ചു കൊണ്ട് കർത്താവിന്റെ പേടകം അവർക്കു മുമ്പേ പോയിരുന്നു എന്ന പ്രസ്താവന അവിടുത്തെ കരുണയും കരുതലും എത്ര വലുതെന്നു വ്യക്തമാക്കുന്നു. യാത്ര തുടങ്ങുമ്പോഴും വിശ്രമിക്കുമ്പോഴുമുള്ള മോശയുടെ പ്രാർത്ഥന കർത്താവാണ് തങ്ങളെ നയിക്കുന്നതും സംരക്ഷിക്കുന്നതും എന്ന വിശ്വാസം ഏറ്റു പറയുന്നു. യുദ്ധത്തിനു പുറപ്പെടുമ്പോഴും വിജയിച്ചു തിരിച്ചു വരുമ്പോഴും ഇസ്രായേൽ ജനം ആലപിച്ചിരുന്ന കീർത്തനങ്ങളുടെ ഭാഗമാണിത് (സങ്കീ. 68, 1; 132, 8). ഒരു പോർ വിളിക്കും വിജയാട്ടഹാസത്തിനും തുല്യമാണ് ഈ പ്രാർത്ഥന. വാഗ്ദത്ത ഭൂമിയിലേക്കുള്ള യാത്രയെ ഒരു പടനീക്കമായി ഇതു ചിത്രീകരിക്കുന്നു.

**വിചിന്തനം** : മരുഭൂമിയിൽ ജനത്തിനു മുമ്പേ പോയ പേടകവും വഴി കാട്ടിയ ഹൊബാബും സ്വർഗ്ഗരാജ്യത്തിലേക്കു നയിക്കുന്ന വഴിയും വഴികാട്ടിയുമായ യേശുക്രിസ്തുവിന്റെ പ്രതീകങ്ങളാണ്. ജീവിത യാത്രയിൽ കർത്താവിന്റെ പ്രമാണങ്ങൾ അനുസരിക്കുകയും അവിടുത്തെ പരിപാലനയിൽ ആശ്രയിക്കുകയും ചെയ്യുന്നതോടൊപ്പം, അറിവും പരിചയവുമുള്ളവരുടെ ഉപദേശവും മാർഗ്ഗനിർദ്ദേശവും തേടുകയും വേണം.

### b. ആഹാരം - അധികാരം 11, 1-35

യാത്രാമധ്യേ അനേകം തവണ ആവർത്തിക്കുന്ന ജനത്തിന്റെ പിറുപിറുപ്പിന്റെയും അതിനു ദൈവം നല്കുന്ന ശിക്ഷയുടെയും ഒരു മാതൃകയാണ് 1-3 വാക്യങ്ങളിൽ വിവരിക്കുന്നത്. ഇതു തുടർന്നുള്ള വിവരണങ്ങൾക്ക് ഒരു ആമുഖമായി നില്ക്കുന്നു. ജനത്തിന്റെ പിറുപിറുപ്പ്, ദൈവത്തിന്റെ ശിക്ഷ, ജനത്തിന്റെ നിലവിളി, മോശയുടെ മധ്യസ്ഥപ്രാർത്ഥന, ശിക്ഷ പിൻവലിക്കൽ എന്നീ അഞ്ചു ഘടകങ്ങളും ഇവിടെ അവതരിപ്പിച്ചിരിക്കുന്നു. പാളയത്തിന്റെ ചില ഭാഗങ്ങൾ ദഹിപ്പിച്ച അഗ്നി കർത്താവിന്റെ ശിക്ഷാവിധിയുടെ പ്രത്യേകത വ്യക്തമാ

ക്കുന്നു. പാപിയെ നശിപ്പിക്കുയല്ല, മാനസാന്തരത്തിനു പ്രേരിപ്പിക്കുകയും പാപത്തിൽ നിന്നുപ ശുദ്ധീകരിക്കുകയുമാണ് ശിക്ഷയുടെ ലക്ഷ്യം. അഗ്നിയിൽ ദഹിപ്പിക്കുക എന്ന് അർത്ഥമുള്ള "ബാഅർ" എന്ന ഹീബ്രുവാക്കിൽ നിന്നാണ് തബേരാ എന്ന പേരിന്റെ ഉത്ഭവം. സ്ഥലപ്പേരുകളുടെ അർത്ഥം വ്യാഖ്യാനിക്കുന്ന അനേകം സംഭവങ്ങൾ ബൈബിളിൽ കാണാം. അടുത്തതായി വിവരിക്കുന്ന കിബ്രോത്ത് ഹത്താവായിലെ സംഭവം ഉദാഹരണമാണ്.

4-35 വാക്യങ്ങളിൽ ആഹാരത്തെയും അധികാരത്തെയും സംബന്ധിച്ച രണ്ടു പ്രമേയങ്ങൾ അവതരിപ്പിക്കുന്നു. അത്ഭുതകരമായി മന്നായും മാംസവും നല്കിയതും മോശയെ സഹായിക്കാനായി എഴുപതു നേതാക്കന്മാരെ നിശ്ചയിച്ചതും പുറ 16-ാം അധ്യായത്തിൽ വിവരിച്ചിട്ടുണ്ട് (തീർത്ഥാടനം 6, പേജ് 6-7). ഇവിടെ ജനത്തിന്റെയും മോശയുടെയും പരാതികളും അവയ്ക്കു ദൈവംനല്കുന്ന മറുപടിയും ഇടകലർത്തി പ്രതിപാദിക്കുന്നു. ഈ വാക്യങ്ങൾക്ക് വ്യക്തമായ ഒരു ഘടനയുണ്ട്.

**A. പരാതി ജനത്തിന്റെ പരാതി** - ആഹാരം 4-10

മോശയുടെപരാതി - അധീകാരം 14-15

**B കർത്താവിന്റെ വാഗ്ദാനം** മോശയ്ക്ക് പങ്കാളിത്തം 16-18

ജനത്തിന് മാംസാഹാരം 19-23

**C പൂർത്തീകരണം** എഴുപതു നേതാക്കന്മാർ 24-30

കാടപ്പക്ഷികൾ - മഹാമാരി 31-35

**ജനത്തിന്റെ പരാതി 11, 4-9**

പുറ 16, 1-3ൽ ആഹാരത്തെ സംബന്ധിച്ചുള്ള ജനത്തിന്റെ പരാതിക്കു ന്യായീകരണമുണ്ടായിരുന്നു. എന്നാൽ ഇവിടെ പരാതികൾ അത്യാഗ്രഹത്തിന്റെ പ്രകടനമായിട്ടാണ് അവതരിപ്പിച്ചിരിക്കുന്നത്. ദിനന്തോറും വയർ നിറയെ മന്നാ ലഭിച്ചിട്ടും തൃപ്തരാകാത്ത ജനം രുചികരമായ മാംസത്തിനുവേണ്ടിയാണ് ഇവിടെ ആവലാതിപ്പെടുന്നത്. ജനത്തിന്റെ കൂടെയുണ്ടായിരുന്ന അന്യവർഗ്ഗക്കാരാണ് പരാതി ആരം

ഭിച്ചതെങ്കിലും അതു ജനം മുഴുവനെയും അതിവേഗം സ്വാധീനിച്ചു.

**വിചിന്തനം** : ചുരുക്കം ചിലരുടെ ദുർമാതൃകയും ദുഷിച്ച ചിന്ത്ഗതികളും ജനസമൂഹത്തെ മുഴുവൻ സ്വാധീനിക്കാറുണ്ട്. ആഹാരം, പാർപ്പിടം, വസ്ത്രം തുടങ്ങിയ പ്രാഥമിക ആവശ്യങ്ങൾ നിറവേറ്റി തൃപ്തരായി കഴിയുന്ന ജനത്തിന്റെ ഇടയിലേക്ക് വിവിധങ്ങളായ പ്രചാരണ മാധ്യമങ്ങളിലൂടെ ആധുനിക സംസ്കാരം പ്രദാനം ചെയ്യുന്ന ഉല്പന്നങ്ങൾക്ക് വേണ്ടിയുള്ള ആഗ്രഹം കടത്തിവിടുന്നതിന്റെ ദോഷഫലങ്ങൾ ഇന്നു പരക്കെ, പ്രത്യേകിച്ചും വികസ്വരരാജ്യങ്ങളിലെ പാവപ്പെട്ടവരുടെ ഇടയിൽ, അനുഭവവേദ്യമായിക്കൊണ്ടിരിക്കുന്നു. "ഉള്ളതുകൊണ്ട് തൃപ്തിപ്പെടുന്നവന് ദൈവഭക്തി വലിയൊരു നേട്ടമാണ്. ഭക്ഷണവും വസ്ത്രവുമുണ്ടെങ്കിൽ അതുകൊണ്ടു നമുക്കു തൃപ്തിപ്പെടാം" (1 തിമോ 6, 6-8) എന്ന വി. പൗലോസിന്റെ ഉപദേശം ഇവിടെ ശ്രദ്ധേയമത്രേ. കഴിഞ്ഞ കാലത്തെ ക്ലേശങ്ങളും കർത്താവിൽ നിന്നു ലഭിച്ച അനുഗ്രഹങ്ങളും മറന്ന് അത്യാഗ്രഹങ്ങൾക്ക് അടിമയാകുന്നത് വലിയ നാശം വിളിച്ചുവരുത്തും.

**മോശയുടെ പരാതി 11, 10-15**

ആരോടെന്നില്ലാതെ ജനം ആവലാതി പറഞ്ഞപ്പോൾ മോശ ദൈവത്തോടാണ് തന്റെ പരാതികൾ ഉണർത്തിക്കുന്നത്. ജനത്തെ വാഗ്ദത്ത ഭൂമിയേല്ക്കു നയിക്കുക എന്ന ഭാരിച്ച ഉത്തരവാദിത്വം ദൈവമാണ് തന്നെ ഏല്പിച്ചതെന്നും, ഈ ഭാരം തന്റെ ശക്തിക്ക് അതീതമാണെന്നും ഉള്ള ബോധ്യം ഈ പരാതികളിൽ നിറഞ്ഞു നില്ക്കുന്നു. അമ്മയുടെയും കുഞ്ഞിന്റെയും ഉപമ നേതാവും ജനവും തമ്മിൽ ഉണ്ടായിരിക്കേണ്ട അടുത്ത സ്നേഹബന്ധത്തെ വ്യക്തമാക്കുന്നു. മറ്റു സാഹചര്യങ്ങളിലെല്ലാം ജനത്തിനു വേണ്ടി മാധ്യസ്ഥ്യം വഹിക്കുന്ന മോശ ഇവിടെ ജനത്തെ കുറിച്ച് ദൈവത്തോടു പരാതി പറയുന്നു എന്നതും ശ്രദ്ധയർഹിക്കുന്നു. തന്നെ ഏല്പിച്ചിരിക്കുന്ന ദൗത്യം നിർവ്വഹിക്കുന്നതിൽ പരാജയപ്പെടുന്നതിനെക്കാൾ മെച്ചം മരിക്കുകയാണ് എന്ന ബോധ്യമാണ് "കൃപ തോന്നി എന്നെ കൊന്നുകളയണമെ" എന്ന പ്രാർത്ഥനയായി ബഹിർഗമിക്കുന്നത്.

ദൈവത്തിന്റെ മുമ്പിൽ പരാതികൾ നിരത്തിവയ്ക്കുമ്പോഴും

താൻ അവിടുത്തെ ദാസൻ മാത്രമാണെന്ന് മോശ ഏറ്റു പറയുകയും ജനത്തെ നയിക്കുക എന്ന ഉത്തരവാദിത്വം ആത്യന്തികമായി അവർക്ക് ജന്മം നല്കിയ ദൈവത്തിന്റേതു തന്നെയാണെന്ന് അനുസ്മരിപ്പിക്കുകയും ചെയ്യുന്നു. ഇത് ഒരു പ്രാർത്ഥനയാണ്.

**വിചിന്തനം :** സന്തോഷത്തോടെ ദൈവത്തെ സ്തുതിക്കുന്നതു മാത്രമല്ല ദുഃഖങ്ങളും ക്ലേശങ്ങളും ഏറ്റുപറഞ്ഞ് ദൈവതിരുമുമ്പിൽ വിലപിക്കുന്നതും പ്രാർത്ഥന തന്നെ. ഏല്പിക്കപ്പെട്ടിരിക്കുന്ന ഉത്തരവാദിത്വങ്ങൾ നിറവേറ്റാൻ ക്ലേശം അനുഭവപ്പെടുമ്പോൾ ആദ്യമേ കർത്താവിന്റെ അടുക്കലേക്കാണ് തിരിയേണ്ടത്. ഹൃദയത്തിൽ നിറഞ്ഞു കവിയുന്ന ദുഃഖവും അമർഷവും അവിടുത്തെ തിരുമുമ്പിൽ ഒഴുക്കുമ്പോൾ ശക്തിയും പ്രചോദനവും ദൈവം തന്നെ നല്കും.

**കർത്താവിന്റെ വാഗ്ദാനം 11, 16-23** നേതൃത്വത്തെ സംബന്ധിച്ച് മോശ നിർദ്ദേശിച്ചേതിൽ നിന്നും തികച്ചും വ്യത്യസ്തമായൊരു പരിഹാരമാണ് കർത്താവു നല്കുന്നത്. അധികാരഭാരത്തിൻ കീഴിൽ തളർന്നു വിലപിക്കുന്ന മോശയിൽ നിന്ന് നേതൃത്വം മുഴുവനായി എടുത്തു മാറ്റുന്നതിനു പകരം സഹായികളെ നല്കിക്കൊണ്ട് ഭാരം ലഘൂകരിക്കുന്നു. എഴുപതുപേരുടെ നിയമനം പുറ 18, 13-27ൽ വേറൊരു വിധത്തിൽ അവതരിപ്പിച്ചതാണ്. സഹായികളായി മോശ തിരഞ്ഞെടുക്കുന്ന എഴുപതു പേരെ കർത്താവു തന്നെ നിയോഗിക്കുന്നു. മോശയിൽ പ്രവർത്തിക്കുന്ന ചൈതന്യത്തിന്റെ ഒരു ഭാഗം മറ്റു നേതാക്കന്മാർക്കു നല്കുന്നത് നേതൃത്വത്തിലുള്ള ഐക്യത്തെ സൂചിപ്പിക്കുന്നു. സഹായികൾ എല്ലാവരും മോശയുടെ കീഴിൽ ആയിരിക്കുമെന്നതിന്റെ സൂചനയും ഇതിൽ കാണാം.

നേതൃത്വത്തെ സംബന്ധിച്ച മോശയുടെ പരാതിയ്ക്കു മുപടി നല്കിയതിനു ശേഷം ജനത്തിന്റെ ആവലാതിയിലേക്കു ശ്രദ്ധ തിരിക്കുന്നു. അവർ ആവശ്യപ്പെട്ട മാംസാഹാരം ദൈവം അവർക്കു നല്കും. എന്നാൽ അതുതന്നെ അവർക്ക് ഒരു ശാപമായിത്തീരും എന്ന സൂചനയാണ് ''മൂക്കിലൂടെ പുറത്തുവന്ന് ഓക്കാനം വരുന്നതു വരെ ഒരു മാസത്തേക്ക് നിങ്ങൾ അതു തിന്നും'' (11, 20) എന്ന പ്രഖ്യാപനത്തിലുള്ളത്. കർ്തതാവു നല്കിയ പരിമിതവും, അതേസമയം

പര്യാപ്തവുമായ ജീവിതസൗകര്യങ്ങളാൽ തൃപ്തിപ്പെടാതെ സുഖ ഭോഗങ്ങൾക്കുവേണ്ടി വിലപിച്ചത് കർത്താവിനെയും അവിടുത്തെ രക്ഷാകരപദ്ധതിയെയും തിരസ്ക്കരിക്കുന്നതിനു തുല്യമാണ്. കർത്താ വിന്റെ വാഗ്ദാനത്തിൽ അവിശ്വാസം പ്രകടമാക്കുന്ന മോശയുടെ ചോദ്യത്തിന് ദൈവം നല്കുന്ന മറുപടി മനുഷ്യന്റെ ഭാവനയെപ്പോലും ഉല്ലംഘിക്കുന്നതാണ് അവിടുത്തെ ശക്തി എന്നു പഠിപ്പിക്കുന്നു. ''കൈയ്ക്കു നീളം കുറഞ്ഞു പോവുക'' എന്ന പ്രയോഗം ബലഹീന തയെ സൂചിപ്പിക്കുന്നു. തന്റെ വാക്കു നിറവേറ്റാൻ കഴിവുള്ള സർവ്വ ശക്തനാണ് ദൈവം എന്ന് അനേകം തവണ കണ്ടറിഞ്ഞ മോശയും ജനവും അതു വീണ്ടും അനുഭവിച്ചറിയും എന്ന പ്രഖ്യാപനത്തോടെ യാണ് വാഗ്ദാനം അവസാനിക്കുന്നത്.

**വിചിന്തനം** : ''ജനത്തിന്റെ ചുമതല നീ ഒറ്റയ്ക്കു വഹിക്കേണ്ടാ'' എന്ന കല്പന രാഷ്ട്രീയവും സംഭപരവും കുടുംബപരവുമായ എല്ലാ തല ങ്ങളിലും പ്രകടമാകാറുള്ള ഏകാധിപത്യപ്രവണതയ്ക്കെതിരെ ശക്ത മായ താക്കീതു നല്കുന്നു. അധികാരവും ഉത്തരവാദിത്വങ്ങളും എല്ലാം ഒരാളിൽ കേന്ദ്രീകരിക്കാതെ പങ്കു വയ്ക്കുമ്പോൾ ഭരണ കർത്താക്കൾക്കും ഭരണീയർക്കും ഒരുപോലെ എളുപ്പമാകും. അധി കാരഭാലത്തെക്കുറിച്ചു കേഴുന്നവർ ഏതു തരത്തിലുള്ളവരായാലും അവശ്യം പഠിക്കുകയും അനുവർത്തിക്കുകയും ചെയ്യേണ്ടതാണ് അധി കാരവികേന്ദ്രീകരണത്തെക്കുറിച്ചുള്ള ഈ പാഠം.

**വാഗ്ദാനപൂർത്തീകരണം 11, 24-35** നേതൃത്വത്തെ സംബന്ധിച്ച വാഗ്ദാ നത്തിന്റെ പൂർത്തീകരണമാണ് ആദ്യമേ വിവരിക്കുന്നത്. തിരഞ്ഞെ ടുക്കപ്പെട്ട നേതാക്കന്മാരിൽ കർത്താവ് ആത്മാവിനെ വർഷിച്ചു. ആത്മാവിനെ സ്വീകരിച്ചതിന്റെ അടയാളമായി അവർ പ്രവചിച്ചു എന്ന് പ്രത്യേകം രേഖപ്പെടുത്തിയിരിക്കുന്നു. അസാധാരണമായ ഉന്മാദാ വസ്ഥയിലാവുകയും അവ്യക്തമായ ശബ്ദങ്ങൾ പുറപ്പെടുവിക്കുകയും ചെയ്യുന്നതിനെയാണ് പ്രവചനമായി ആരംഭകാലത്തു കരുതിയിരു ന്നത് (1 സാമു 10, 11; 19, 23-24). ഇപ്രകാരം ഒരു പ്രതിഭാസമായിരി ക്കണം നേതാക്കന്മാരിൽ താലിക്കാലികമായി പ്രകടമായത്.

26-29 വാക്യങ്ങളിലെ എൽദാദും മെദാദും ആരെന്നോ അവർ

കൂടാരവാതിൽക്കൽ സമ്മേളിക്കാതിരുന്നതിനു കാരണം എന്തെന്നോ വി. ഗ്രന്ഥകാരൻ പറയുന്നില്ല. ഔദ്യോഗിക ചടങ്ങിൽ പങ്കെടുക്കാതെ തന്നെ ആത്മാവിനെ സ്വീകരിക്കുകയും തദ്ഫലമായി പ്രവചിക്കുകയും ചെയ്തവരെ വിലക്കണം എന്നു ശഠിച്ച ജോഷ്വായ്ക്ക് "കർത്താവിന്റെ ജനം മുഴുവനും പ്രവാചകന്മാരാവുകയും അവിടുന്നു തന്റെ ആത്മാവിനെ അവർക്കു നല്കുകയും ചെയ്തിരുന്നെങ്കിൽ എന്നു ഞാൻ ആശിക്കുന്നു" എന്ന് മോശ നല്കിയ മറുപടി ഒരു യഥാർത്ഥ നേതാവിന്റെ സ്വഭാവം വെളിപ്പെടുത്തുന്നു. തന്നിലൂടെ മാത്രമേ കർത്താവു പ്രവർത്തിക്കാവൂ എന്ന് മോശയ്ക്കു നിർബന്ധമില്ല. ഇവിടെ "പ്രവാചകൻ" എന്ന പദത്തിന് ഉന്മാദാവസ്ഥയിൽ അവ്യക്ത ജല്പനങ്ങൾ നടത്തുന്നവൻ എന്നല്ല അർത്ഥം. കർത്താവിന്റെ ആത്മാവിനാൽ നിറഞ്ഞ്, അവിടുത്തെ ഹിതം അറിഞ്ഞ്, അതനുസരിച്ച് ജീവിക്കുകയും അവിടുത്തെ വചനം വിശ്വസ്തതയോടെ പ്രഘോഷിക്കുകയും ചെയ്യുന്നവനാണ് പ്രവാചകൻ. കർത്താവിനെതിരെ പിറുപിറുക്കുകയും അത്യാഗ്രഹത്തിനടിമകളായി സുഖഭോഗങ്ങൾക്കു വേണ്ടി മുറവിളി കൂട്ടുകയും ചെയ്യുന്ന ജനം കർത്താവിന്റെ ആത്മാവിനാൽ നിറഞ്ഞ് പുതിയൊരു ജനതയായി മാറുമ്പോൾ മാനുഷികനേതൃത്വം തന്നെ ആവശ്യമില്ലാതാകുന്നു.

മോശയുടെ മറുപടി ഒരു പ്രവചനം കൂടിയാണ്. ജോയേൽ 2, 28–29; ജറെ 31, 33–34; എസെ 36, 26–27 തുടങ്ങിയ ബൈബിൾ ഭാഗങ്ങളിൽ ഈ പ്രവചനം കൂടുതൽ വ്യക്തമായി അവതരിപ്പിച്ചിട്ടുണ്ട്. യേശുവിന്റെ മഹത്വീകരണത്തിനു ശേഷം ശിഷ്യഗണത്തിന്മേൽ പരിശുദ്ധാത്മാവ് ആവസിച്ചപ്പോഴാണ് മോശയുടെ പ്രവചനം പൂർത്തിയായത്. (അപ്പ. 2, 4).

31–35 വാക്യങ്ങളിൽ ജനത്തിൽ പരാതികൾക്കു പരിഹാരം നല്കിയതായി രേഖപ്പെടുത്തിയിരിക്കുന്നു. (കാടപ്പക്ഷികളെ കുറിച്ച് പുറപ്പാട് 16; ബൈബിൾ തീർത്ഥാടനം 6, പേജ് 7 കാണുക). ജനം ആഗ്രഹിച്ചതിലും വളരെ കൂടുതൽ മാംസം അവർക്കു ലഭിച്ചു. ഏകദേശം 450 ലിറ്റർ ആണ് ഒരു ഹോമർ. കർത്താവിന്റെ കഴിവിനു പരിമിതികളില്ല എന്ന ജനം ഗ്രഹിച്ചു. പക്ഷേ, അവർ ആഗ്രഹിച്ച മാംസം തന്നെ അവർക്കു ശിക്ഷയായി ഭവിച്ചു. കർത്താവ് അയച്ച മഹാമാരി

എന്തെന്ന് വി. ഗ്രന്ഥകാരൻ വിവരിക്കുന്നില്ല. ''അത്യാഗ്രഹത്തിന്റെ ശവക്കുഴി'' എന്നാണ് ''കിബ്രോത്ത് ഹത്താവാ'' എന്ന സ്ഥലപ്പേരിന്റെ അർത്ഥം.

**വിചിന്തനം** : നന്മ എവിടെ കണ്ടാലും ആരിലൂടെ വന്നാലും അത് അംഗീകരിക്കാനും സ്വീകരിക്കാനും തയ്യാറാകണം. കാറ്റ് അതിനിഷ്ടമുള്ളിടത്ത് വീശുന്നതുപോലെ ദൈവത്തിന്റെ ആത്മാവ് തനിക്കിഷ്ടമുള്ളവരിലൂടെ പ്രവർത്തിക്കുന്നു. ദൈവാത്മാവിന്റെ പ്രവർത്തനങ്ങളെ വിവേചിച്ചറിയുകയും അംഗീകരിച്ചു പ്രോത്സാഹിപ്പിക്കുയുമാണ് അധികാരികളുടെ കർത്തവ്യം. അതേ സമയം, സ്വന്തം തോന്നലുകളെല്ലാം പരിശുദ്ധാത്മാവിന്റെ പ്രചോദനങ്ങളായി ദുർവ്യാഖ്യാനം ചെയ്യാതിരിക്കാനും ഓരോരുത്തർക്കും കടമയുണ്ട്. സത്യത്തോടുള്ള തുറവിയും വിനയവും ഇതിനാവശ്യമാണ്.

അത്യാഗ്രഹം നാശത്തിലേക്കേ നയിക്കൂ. ആഗ്രഹിക്കുന്ന സുഖഭോഗങ്ങളെല്ലാം ആവോളം ആസ്വദിക്കുന്നവർ അവയാൽത്തന്നെ നാശമടയും. കിബ്റോത്ത് ഹത്താവാ നല്കുന്ന പാഠം തകർന്നു വീണ പുരാതന സംസ്കാരങ്ങളിൽ മാത്രമല്ല, മനുഷ്യസമൂഹങ്ങളെ വിനാശത്തിന്റെ വക്കിൽ എത്തിച്ചു നിർത്തിയിരിക്കുന്ന ആനുകാലിക ഉപഭോഗസംസ്ക്കാരത്തിലും ആവർത്തിച്ചുകൊണ്ടിരിക്കുന്നു.

**c. മിരിയാമിനു ശിക്ഷ 12, 1–16**

മോശയുടെ നേതൃത്വത്തിനെതിരേ അഹറോനും മിരിയാമും ഉയർത്തിയ പ്രതിഷേധവും അതിനു ദൈവം നല്കിയ ശിക്ഷയും അടുത്തതായി വിവരിക്കുന്നു. മോശയുടെ ഭാര്യയെ ചൊല്ലിയാണ് പ്രതിഷേധം ആരംഭിക്കുന്നത്. കുഷ്യസ്ത്രീ എന്ന വിശേഷണത്തിന് പ്രഥമദൃഷ്ട്യാ എത്യോപ്യക്കാരി എന്നാണ് അർത്ഥം. ബൈബിളിൽ ''കുഷ്'' എന്ന പേര് പൊതുവേ എത്യോപ്യയെ സൂചിപ്പിക്കുന്നു. അതിനാൽ മിദിയാൻകാരിയായ സിപ്പോറായ്ക്കു പുറമേ മറ്റൊരു ഭാര്യ കൂടി മോശയ്ക്കുണ്ടായിരുന്നു എന്നു കരുതുന്ന വ്യാഖ്യാതാക്കളുണ്ട്. എന്നാൽ മിദിയാൻകാരെ കുഷാൻകാർ എന്നും വിളിക്കാറുണ്ടായിരുന്നുവെന്ന് ഹബക്കൂക്ക് 3, 7ൽ കാണാം. അതിനാൽ മിദിയാൻ പുരോഹിതന്റെ മകളായ സിപ്പോറ തന്നെയാണ് ഇവിടെ പരാ

മർശവിഷയം എന്ന് അനുമാനിക്കാം.

വിജാതീയ ഭാര്യയെ കുറിച്ചുള്ള ആരോപണം ഒരു തുടക്കം മാത്രമാണ്. യഥാർത്ഥ പ്രശ്നം മോശയുടെ അധികാരമാണെന്ന് തുടർന്നുള്ള ചോദ്യങ്ങൾ വ്യക്തമാക്കുന്നു. അഹറോൻ പ്രധാന പുരോഹിതനും മിരിയാം പ്രവാചികയും (പുറ 15, 20) ആയിരുന്നു. ഇസ്രായേലിലെ രണ്ടു സമുന്നത നേതാക്കളാണ് മോശയുടെ നേതൃത്വത്തെ ചോദ്യം ചെയ്യുന്നത്. കർത്താവു തങ്ങളിലൂടെയും സംസാരിച്ചിട്ടുണ്ട് എന്നത് മോശയോട് തങ്ങൾക്കുള്ള തുല്യതയ്ക്ക് നിദാനമായി അവർ എടുത്തു കാട്ടുന്നു.

നേതൃത്വത്തിന്റെ തലപ്പത്തു പിളർപ്പുണ്ടായപ്പോൾ കർത്താവു തന്നെയാണ് തീരുമാനം എടുക്കുന്നത്. മറ്റുള്ളവരിൽ നിന്നു മോശയെ വ്യത്യസ്തനാക്കുന്ന അഞ്ചു കാര്യങ്ങൾ ഇവിടെ എടുത്തു കാട്ടുന്നു. 1. എല്ലാവരിലും വച്ച് സൗമ്യനായിരുന്നു "അനാവ്" (Anaw) എന്ന ഹീബ്രുപദമാണ് ഇവിടെ ഉപയോഗിച്ചിരിക്കുന്നത്. എളിയവൻ, വിനയമുള്ളവൻ, ദരിദ്രൻ, കർത്താവിൽ മാത്രം ആശ്രയിക്കുന്നവൻ എന്നൊക്കെയാണ് ഇതിന്റെ അർത്ഥം. 2. മോശ കർത്താവിന്റെ ദാസനാണ്. 3. തന്റെ ഭവനമായ ഇസ്രായേൽ ജനത്തിന്റെ മുഴുവൻ ചുമതലയും കർത്താവുതന്നെ മോശയെ ഏല്പ്പിച്ചിരിക്കുന്നു. 4. കർത്താവ് മോശയോട് മുഖാഭിമുഖം സംസാരിക്കുന്നു. പ്രവാചകന്മാരോട് സ്വപ്നത്തിലും അവ്യക്തമായും മാത്രമേ സംസാരിക്കാറുള്ളു. 5. മോശ കർത്താവിന്റെ രൂപം കാണുന്നു. കർത്താവിനു രൂപമുണ്ടെന്നോ മോശ കർത്താവിനെ നേരിട്ടു കണ്ടെന്നോ ഇതിന് അർത്ഥമില്ല. കർത്താവിന്റെ പിൻഭാഗം മാത്രമാണ് മോശ കണ്ടത് (പുറ 33, 18-23; 34, 5-8). കർത്താവിനെയും അവിടുത്തെ ഹിതത്തെയും കുറിച്ച് മറ്റാർക്കും ലഭിക്കാത്ത അറിവ് മോശയ്ക്കു കർത്താവു തന്നെ നല്കി എന്നതാണ് അദ്ദേഹത്തിന്റെ പ്രത്യേകത.

അഹറോനും മിരിയാമും ഒരുപോലെ കുറ്റവാളികളാണെങ്കിലും മിരിയാം മാത്രമേ ശിക്ഷിക്കപ്പെടുന്നുള്ളൂ. അഹറോൻ പ്രധാന പുരോഹിതനായിരുന്നതിനാലാവാം അശുദ്ധനാക്കുന്ന കുഷ്ഠംഅയച്ച് അയാളെ ശിക്ഷിക്കാതിരുന്നത്. എന്നാലും ശിക്ഷ ഇരുവർക്കും ഒരു

പാഠമായി. അഹറോൻ ഇരുവർക്കും വേണ്ടി മാപ്പിരക്കുകയും മിരിയാമിനു വേണ്ടി മോശയുടെ മാധ്യസ്ഥ്യം യാചിക്കുകയും ചെയ്തു. വിദ്വേഷമോ പകയോ കൂടാതെ അവർക്കു വേണ്ടി പ്രാർത്ഥിക്കുമ്പോൾ മോശയുടെ ഔന്നത്യം കൂടുതൽ പ്രശോഭിക്കുന്നു. നശിപ്പിക്കാൻ വേണ്ടിയല്ല, തെറ്റു തിരുത്താൻ വേണ്ടിയാണ് കർത്താവു ശിക്ഷിക്കുന്നത് എന്ന് ഈ സംഭവത്തിലൂടെ പഠിപ്പിക്കുന്നു.

ഏഴു ദിവസത്തേക്ക് പാളയത്തിനു പുറത്താക്കിയത് അശുദ്ധരെ സംബന്ധിച്ചുള്ള നിയമം (ലേവ്യ 13; സംഖ്യ 5, 1-4) അനുസരിച്ചാണ്. ജനം മുഴുവൻ യാത്ര പുറപ്പെടാതെ മിരിയാമിനു വേണ്ടി കാത്തു നിന്നത് അവൾക്കു സമൂഹത്തിലുണ്ടായിരുന്ന സമുന്നത സ്ഥാനം തെളിയിക്കുന്നു.

**വിചിന്തനം** : ദൈവം നിയോഗിക്കുന്ന അധികാരികളെയും നേതാക്കളെയും അംഗീകരിച്ച് അനുസരിക്കാൻ ഏവർക്കും കടമയുണ്ട്. അവർക്കെതിരെയുള്ള കലാപങ്ങൾ ദൈവത്തോടുള്ള അവിശ്വസ്തതയുടെ അടയാളമായിരിക്കും (ലൂക്ക 10, 16). അസൂയയും അധികാരമോഹവും കർത്താവിന്റെ ശിക്ഷ വിളിച്ചു വരുത്തും.

## ചോദ്യങ്ങൾ

1. മോശ മിദിയാൻകാരൻ ഹൊബാബിനെ വഴികാട്ടിയാവാൻ ക്ഷണിക്കുന്നതിൽ നിന്ന് എന്തു പാഠമാണ് ലഭിക്കുന്നത്?

2. മരുഭൂമിയിലൂടെയുള്ള യാത്രയുടെ ഒരു രത്നച്ചുരുക്കം തബേരാ സംഭവത്തിൽ കാണാം. വിശദീകരിക്കുക.

3. കിബ്റോത്ത് ഹത്താവാ എന്ന പേരിന്റെ അർത്ഥമെന്ത്? എങ്ങിനെയാണ് ഈ പേരുണ്ടായത്?

4. ജനത്തിന്റെ ആവലാതികളെ എപ്രകാരമാണ് കർത്താവു കണ്ടത്? എന്തു മറുപടിയാണ് അവിടുന്നു നല്കിയത്?

5. അധികാരത്തെ സംബന്ധിച്ച എന്തു പാഠമാണ് 11-ാം അധ്യായത്തിൽ നിന്നു ലഭിക്കുന്നത്?

6. ദൈവജനം മുഴുവൻ പ്രവാചകന്മാരായിരുന്നെങ്കിൽ എന്തു സംഭ

വിക്കുമായിരുന്നു?

7. മോശയെ മറ്റ് ഇസ്രായേല്യരിൽ നിന്നു വ്യത്യസ്തനാക്കുന്ന എന്തു സവിശേഷതകളാണ് 12-ാം അധ്യായത്തിൽ എടുത്തു കാട്ടിയിരിക്കുന്നത്?

## ചർച്ചയ്ക്ക് :

അത്യാഗ്രഹം നാശത്തിലേക്കു നയിക്കുന്നു. ആനുകാലിക സമൂഹത്തിന്റെ അനുഭവത്തിന്റെ വെളിച്ചത്തിൽ ചർച്ച ചെയ്യുക.

**പ്രാർത്ഥന :** പ്രഭാ 23, 1-6 ഉപയോഗിച്ചു പ്രാർത്ഥിക്കുക.

## 2. അലച്ചിലിന്റെ തുടക്കം 13, 1-14, 45

ഭയാനകവും അതിവിശാലവുമായ മരുഭൂമി കടന്ന് കാനാൻ ദേശത്തിന്റെ പടിവാതില്ക്കലെത്തിയ ജനം നിർണ്ണായക മുഹൂർത്തത്തിൽ ഭീരുക്കളായ നേതാക്കന്മാർ പ്രചരിപ്പിച്ച വ്യാജ വാർത്തയിൽ വിശ്വസിച്ച് കർത്താവിനും അവിടുത്തെ വിശ്വസ്ത ദാസന്മാർക്കും എതിരേ കലാപക്കൊടി ഉയർത്തി. വാഗ്ദത്തഭൂമി കൈവശമാക്കുന്നതിനു വേണ്ടി യുദ്ധം ചെയ്യാൻ വിസമ്മതിച്ചവരുടെ തലമുറ മുഴുവൻ മരിച്ചു മണ്ണടിയുന്നതുവരെ കർത്താവ് അവരെ മണൽക്കാട്ടിലൂടെ അലയാൻ വിട്ടു. ഈ ദുരന്തകഥയുടെ നാടകീയമായ ആവിഷ്ക്കാരമാണ് 13-14 അധ്യായങ്ങളിലുള്ളത്.

സീനായിലെ പാപത്തോട് (പുറ 32) ഇതിന് അടുത്ത സാമ്യമുണ്ട്. നിയ 1, 20-40ൽ ഈ സംഭവം വീണ്ടും വിശദമായി വിവരിക്കുന്നുണ്ട്. സങ്കീ. 95, 7-11; 106, 24-27; ഹെബ്രാ 3, 7-19 തുടങ്ങിയ ബൈബിൾ ഭാഗങ്ങളിലും ഈ സംഭവത്തെക്കുറിച്ചു പരാമർശങ്ങൾ കാണാം. ദൈവരാജ്യത്തിലേക്കുള്ള പ്രയാണത്തിൽ പ്രതിബന്ധങ്ങളെ ഭയന്നു പിന്മാറുന്നവർക്ക് എന്നും പ്രസക്തമായ താക്കീതായി ഈ സംഭവം നിലകൊള്ളുന്നു. JE-P പാരമ്പര്യങ്ങൾ ഇട കലർത്തി അവതരിപ്പിച്ചിരിക്കുന്നതിനാൽ ചില ആവർത്തനങ്ങൾ ദൃശ്യമാണ്. ഈ ഭാഗത്തെ നാലായി തിരിക്കാം. a. ദേശനിരീക്ഷണം. b. കലാപം. c.

മോശയുടെ മാധ്യസ്ഥ്യം d. മാപ്പും ശിക്ഷയും.

**a. ദേശനിരീക്ഷണം 13, 1-24**

കർത്താവിന്റെ കല്പനയനുസരിച്ച് വാഗ്ദത്തഭൂമി നോക്കിക്കാണുന്നതിനു വേണ്ടി ഗോത്രപ്രതിനിധികളായ പന്ത്രണ്ടു പേരെ മോശ തിരഞ്ഞെടുത്തയച്ചു. "ഞാൻ ഇസ്രായേലിനു നല്കുന്ന കാനാൻദേശം" എന്നാണ് കർത്താവ് ദേശത്തെ വിശേഷിപ്പിക്കുന്നത് (13, 1). അബ്രാഹത്തിനും സന്തതികൾക്കും നല്കാമെന്ന് ആവർത്തിച്ചു വാഗ്ദാനം ചെയ്ത ഭൂമി (ഉൽപ. 12, 7; 13, 15, 7; 28, 13; പുറ 3, 8) ഇതാ നിങ്ങൾക്കായി ഒരുങ്ങിയിരിക്കുന്നു; ചെന്നു കൈയടക്കുവിൻ എന്ന ആഹ്വാനമാണ് ഈ നിർദ്ദേശത്തിനു പിന്നിലുള്ളത്.

എഫ്രായിം ഗോത്രത്തിൽ നിന്നുള്ള നൂനിന്റെ മകനായ ഹോഷെയായ്ക്ക് ജോഷ്വാ എന്ന പേരു നല്കിയത് (13, 14) നേതാക്കന്മാരിൽ അയാൾക്കുള്ള പ്രത്യേക സ്ഥാനം എടുത്തു കാട്ടുന്നു. മോശയുടെ വിശ്വസ്ത സേവകനും പിൻഗാമിയുമാണ് ജോഷ്വാ. "ഹോഷെയാ" എന്ന പേരിന് "രക്ഷ" എന്നാണ് അർത്ഥം. "യെഹോഷ്വാ" (യാഹ്‌വേ + ഷ്വാ) എന്ന പേരിന്റെ ഹ്രസ്വരൂപമായ "ജോഥ്വാ"യ്ക്ക് "യാഹ്‌വേയാണ് രക്ഷ" എന്നും. ഈ പേരിന്റെ ഗ്രീക്കു രൂപമാണ് യേശു; ഈശോ എന്നത് സുറിയാനിയും.

നേതാക്കന്മാർക്ക് മോശ നല്കുന്ന നിർദ്ദേശങ്ങളിൽ (13, 17-20) ഒരു യുദ്ധത്തിനുള്ള ഒരുക്കത്തിന്റെ സൂചന കാണാം. പാരാൻ മരുഭൂമിയ്ക്കു തൊട്ടു വടക്കുള്ള ഭൂവിഭാഗമാണ് നെഗെബ്. ഇതു കാനാൻദേശത്തിന്റെ തെക്കെ അതിർത്തി പ്രദേശമാണ്. "ഉണങ്ങി വരണ്ട ഭൂമി" എന്നാണ് നെഗെബ് എന്ന പേരിന് അർത്ഥം. കാനാനിലെ മറ്റു പ്രദേശങ്ങളെക്കാൾ മഴ കുറവാണെങ്കിലും ഇത് മരുഭൂമിയല്ല. ബി. സി. ഏഴാം സഹസ്രാബ്ദം മുതൽ ഇവിടെ ജനവാസമുണ്ടായിരുന്നു. നെഗെബിനു വടക്കുള്ള മലമ്പ്രദേശം ബേബിളിൽ പൊതുവേ "യൂദയാ മലമ്പ്രദേശം" എന്നറിയപ്പെടുന്നു. ഭൂപ്രകൃതി, ദേശത്തിന്റെ ഫലപുഷ്ടി, ദേശവാസികളുടെ സൈനികശക്തി മുതലായവയെ കുറിച്ച് വ്യക്തമായ അറിവു ശേഖരിക്കാൻ മോശ നേതാക്കന്മാരെ ചുമതലപ്പെടുത്തി. മുന്തിരി പഴുക്കുന്ന കാലം എന്ന വിശ

ദാംശം (13, 20) ജൂലായ്മാസത്തിന്റെ അവസാനത്തോടെയാണ് ചാര ന്മാരെ അയച്ചത് എന്നു സൂചിപ്പിക്കുന്നു. സീനായിൽ നിന്നു പുറപ്പെ ട്ടിട്ട് ഏകദേശം രണ്ടു മാസം കഴിഞ്ഞു.

ദേശനിരീക്ഷണത്തിന്റെ വിവരണത്തിൽ (13, 21-24) രണ്ടു പാര മ്പര്യങ്ങളുടെ സ്വാധീനം കാണാം. 13, 21ൽ അവർ കാനാന്റെ തെക്കെ അറ്റത്തുള്ള സിൻമരുഭൂമി മുതൽ വടക്കെ അതിർത്തിയിലുള്ള റഹോ ബുവരെ യാത്ര ചെയ്തതായി പറയുന്നു. ഇവ തമ്മിൽ ഏകദേശം 400 കി. മീ. ദൂരമുണ്ട്. 13, 22-23ലെ വിശദാംശങ്ങൾ കാനാൻദേശ ത്തിന്റെ തെക്കുഭാഗത്തെ മാത്രമേ കണക്കിലെടുക്കുന്നുള്ളൂ. കാദെൾബർണെയായിൽ നിന്ന് ഏകദേശം 120 കി. മീ. വടക്കും ജറ നസലെമിൽ നിന്ന് ഏകദേശം 30 കി. മീ. തെക്കും ആയി ഹെബ്രോൺ സ്ഥിതി ചെയ്യുന്നു. അബ്രാഹത്തിന്റെ കാലം മുതൽ ബൈബിളിൽ വളരെ പ്രധാനപ്പെട്ട പട്ടണമാണ് ഹെബ്രോൺ (ഉൽപ. 24, 19; 25, 9-10. 35, 28-29; 49, 29-50 സാമു 2, 1-3). ഹെബ്രോണിൽ വസിക്കുന്നവരെ അനാക്കിന്റെ പിൻതുടർച്ചക്കാരായ അഹിമാൻ, ഷേഷായി, തൽമായി എന്നിങ്ങനെ മൂന്നു വർഗ്ഗങ്ങളായി വിശേഷിപ്പിച്ചിരിക്കുന്നു. ‘‘കഴുത്ത്’’ എന്നർത്ഥമുള്ള നാക്ക് (NAK) എന്ന പദത്തിൽ നിന്നാണ് അനാക്ക് എന്ന പേരിന്റെ ഉത്ഭവം. ‘‘അനാക്കിം’’ എന്നു ബഹുവചനം. കഴു ത്തിൽ മാല അണിയുന്നവരെന്നോ കഴുത്തും മാറും മറയ്ക്കുന്ന കവചം ധരിക്കുന്നവർ എന്നോ ഇതിന് അർത്ഥമാകാം. ഒരു പ്രത്യേ കതരം പടച്ചട്ടയായിരിക്കും വിവക്ഷ. അസാമാന്യധീരതയും ആയു ധശേഷിയുമുള്ള യോദ്ധാക്കളായിരുന്നു അനാക്കിന്റെ മക്കൾ. ഇവ രെക്കുറിച്ചുള്ള അതിശയോക്തി കലർന്ന വിവരണങ്ങളാണ് മോശ യുടെ ദൂതന്മാർ നല്കുന്നത് (13, 31-33). ദേശത്തിന്റെ ഫലസമൃ ദ്ധിക്കു തെളിവായി ശേഖരിച്ച പഴങ്ങളുടെ വിവരണത്തിലും അതിശ യോക്തിയുണ്ട്. മുന്തിരിക്കുല എന്നാണ് എഷ്ക്കോൾ എന്ന പേരിന് അർത്ഥം. ഹെബ്രോണിനടുത്തുള്ള, മുന്തിരി സമൃദ്ധമായി വിളയു ന്ന, ഒരു താഴ്വരയാണിത്.

നാല്പതു ദിവസത്തെ നിരീക്ഷണത്തിനു ശേഷം മടങ്ങി യെത്തിയവർ ദേശത്തെക്കുറിച്ച് വസ്തുനിഷ്ഠമായ വിവരണങ്ങൾ നല്കി (13, 25-29). തെളിവിനായി പഴങ്ങളും കാണിച്ചു. ‘‘തേനും

പാലും ഒഴുകുന്ന'' എന്ന വിശേഷണം ഭൂമിയുടെ ഫലപുഷ്ടിയെ സൂചിപ്പിക്കുന്നു (പുറ 3, 8). ദേശത്തു വസിക്കുന്ന ജനതകളെക്കുറിച്ചും വ്യക്തമായ രൂപം അവർ നല്കി (13, 29). കടലോരത്തു വാസമുറപ്പിച്ചിരുന്ന കാനാന്യരിൽ നിന്നാണ് ''കാനാൻദേശം'' എന്ന പേരുണ്ടായത്.

വസ്തുനിഷ്ഠമായ ഈ വിവരണത്തിൽത്തന്നെ ഒരു ദുഃസൂചനയുണ്ട്. ''നീ പറഞ്ഞയച്ച ദേശം'' എന്നാണ് അവർ കാനാൻ ദേശത്തെ വിശേഷിപ്പിക്കുന്നത്. കർത്താവു തങ്ങൾക്കു നല്കും എന്നു വാഗ്ദാനം ചെയ്ത ദേശമാണ് എന്നതിന്റെ സൂചന പോലും അതിലില്ല. അവിടുത്തെ ജനങ്ങൾ മല്ലന്മാരാണ്, അനാക്കിന്റെ വർഗ്ഗക്കാരെയും കണ്ടു എന്ന പരാമർശങ്ങൾ അവരുടെ ഭയം വെളിവാക്കുന്നു.

വിവരണത്തിനു ശേഷം നടത്തിയ അഭിപ്രായപ്രകടനത്തിൽ ചാരന്മാർ രണ്ടു ചേരികളായി തിരിഞ്ഞു. ദേശം കയ്യടക്കാൻ സാധിക്കും എന്നഭിപ്രായപ്പെട്ട കാലെബിനെതിരേ പത്തു പേർ നിഷേധാത്മകമായ അഭിപ്രായ രേഖപ്പെടുത്തി. തുടർന്നുള്ള വിവരണത്തിൽ ജോഷ്വാ കാലെബിന്റെ പക്ഷത്തു നില്ക്കുന്നതായി കാണാം. (14, 5-9). ഭൂരപക്ഷാഭിപ്രായം ജനത്തിൽ ഭയം ഉളവാക്കുന്നതായിരുന്നു. ''വസിക്കാൻ ചെല്ലുന്നവരെ വിഴുങ്ങിക്കളയുന്നതാണ് ദേശം'' എന്ന പ്രസ്താവന അത് ജലവും ഫലപുഷ്ടിയുമില്ലാത്തതും ജനവാസയോഗ്യമല്ലാത്തതുമാണെന്നു സൂചിപ്പിക്കുന്നു. അവിടെ വസിക്കുന്നവർ നരഭോജികളാണെന്ന സൂചനയും ഈ പ്രയോഗത്തിലുണ്ട്. ദേശവാസികളെ നെഫിലിമിന്റെ പിൻമുറക്കാരായ അതികായന്മാർ എന്നാണ് വിശേഷിപ്പിക്കുന്നത്. അനാക്കിം ഗോത്രവർഗ്ഗക്കാരെ കുറിച്ച് 13, 23ൽ നാം കണ്ടു കഴിഞ്ഞു. എന്നാൽ ഇവിടെ നല്കുന്ന വിവരണം നെഫിലിം എന്ന പേരിലൂടെ അവർക്കു മറ്റൊരു പരിവേഷം നല്കുന്നു.

ദൈവപുത്രന്മാർക്കു മനുഷ്യപുത്രികളിൽ ജനിച്ച മക്കളാണ് നെഫിലിം എന്ന് ഉൽപ 4, 4ൽ കാണാം (പി. ഒ. സി. ബൈബിളിൽ അതികായന്മാർ, മല്ലന്മാർ എന്നൊക്കെ വിവൽത്തനം ചെയ്തിരിക്കുന്നു). മൂവായിരം മുഴം പൊക്കമുള്ള നരഭോജികളായിരുന്നു ഇവർ

എന്ന് ബി. സി. 2-ാം നൂറ്റാണ്ടിൽ വിരചിതമായ ഏനോക്കിന്റെ വെളിപാട് എന്ന അപ്രമാണിക ഗ്രന്ഥത്തിൽ (1ഏനോക്ക് 6-8) വിവരിക്കുന്നു. പുരാതന ഗ്രീക്കുകാരുടെ ഇടയിലെ "സൈക്ളോപ്പ്" (Cyclop), ഭാരതത്തിലെ "രാക്ഷസന്മാർ" എന്നിങ്ങനെയുള്ള സങ്കല്പങ്ങളോട് സാമ്യമുള്ള അതിശയോക്തിയാണ് നെഫിലിം, അനാക്കിം തുടങ്ങിയ സങ്കല്പങ്ങളിലുള്ളത്. ഇപ്രകാരമുള്ള അതികായന്മാർ പുരാതന കാലത്തു ജീവിച്ചിരുന്നു എന്നതിന് പുരാവസ്തു ഗവേഷണത്തിൽ നിന്നോ നരവംശശാസ്ത്രത്തിൽ നിന്നോ ഒരു തെളിവും ലഭിച്ചിട്ടില്ല. എന്നാൽ കാനാനിൽ ഇന്നും കാണാവുന്ന ചില ശവകുടീരങ്ങളും കോട്ടകളുടെ അവശിഷ്ടങ്ങളും ഈ സങ്കല്പത്തെ മനസ്സിലാക്കാൻ സഹായിക്കുന്നു. നാട്ടി നിർത്തിയ ഭീമാകാരങ്ങളായ കല്ലുകൾക്കു മുകളിൽ അനേകം ടൺ ഭാരമുള്ള ഒറ്റക്കല്ല് തൊപ്പി പോലെ വച്ചുണ്ടാക്കിയതാണ് ഈ ശവകുടീരങ്ങൾ. കാനാൻദേശത്തെ പല പുരാതന കെട്ടിടങ്ങളുടെയും മതിലുകൾക്ക് ഇരുപത് അടിയിൽ കൂടുതൽ കനവും അമ്പത് അടിയോളം ഉയരവുമുണ്ടായിരുന്നു. ഇതൊക്കെ ആയിരിക്കാം അതിമാനുഷ സങ്കല്പത്തിനു വഴി തെളിച്ചത്.

**വിചിന്തനം** : കർത്താവിന്റെ വാഗ്ദാനത്തിലും അവിടുത്തെ സംരക്ഷണത്തിനുമുള്ള വിശ്വാസം നഷ്ടപ്പെട്ടാൽ ജീവിതത്തിലെ പ്രതിബന്ധങ്ങൾ മറി കടക്കാനാവാത്തതായി അനുഭവപ്പെടാം. സ്വന്തം ശക്തിയിൽ മാത്രം ആശ്രയിക്കുന്നവർക്കു നിരാശയായിരിക്കും ഫലം. തെറ്റായ വാർത്തകൾ പ്രചരിപ്പിക്കുകയും പ്രതിബന്ധങ്ങളെ പെരുപ്പിച്ച് കാണിച്ച് മറ്റുള്ളവരുടെ മനസ്സ് ഇടിക്കുകയും ചെയ്യുന്നത് വലിയ അപരാധമാണ്. സമൂഹത്തിൽ നടമാടുന്ന അക്രമം, അഴിമതി, കൈക്കൂലി, മദ്യപാനം, ചൂഷണം തുടങ്ങിയ തിന്മകൾക്കെതിരേ ഒന്നും ചെയ്യാൻ സാധിക്കുകയില്ല എന്നു കരുതുന്നവരും പറഞ്ഞു പരത്തുന്നവരും ഇപ്രകാരമുള്ള അപരാധം ചെയ്യുന്നു.

### b. കലാപം 14, 1-10

വാഗ്ദത്തഭൂമിയെക്കുറിച്ച് ഭൂരിപക്ഷം നിരീക്ഷകർ അവതരിപ്പിച്ച വ്യാജവാർത്ത വിശ്വസിച്ച ജനം വലിയൊരു കലാപത്തിനു മുതിർന്നു (14, 1-10). അവരുടെ നിലവിളി ദൈവത്തിനും മോശയ്ക്കും എതിരേ

യുള്ള മുറവിളിയായിരുന്നു. ഇതുവരെ അനുഭവിച്ച സകല ക്ലേശ ങ്ങളും ഇപ്പോൾ നേരിടുന്ന വിപത്തിനേക്കാൾ മെച്ചമായി അവർ കരുതി. ''മരിച്ചിരുന്നെങ്കിൽ'' എന്ന ആഗ്രഹം രണ്ടു തവണ പ്രകടിപ്പിക്കുന്നതിലൂടെ മരണത്തേക്കാൾ ഭീകരമാണ് ഇപ്പോഴത്തെ പ്രതിസന്ധി എന്ന അവരുടെ വിചാരം വെളിപ്പെടുത്തുന്നു. കർത്താവിൽ നിന്ന് ഇതുവരെ ലഭിച്ച സ്നേഹവും സംരക്ഷണവുമെല്ലാം മറന്ന് അവർ ഈജിപ്തിലേക്കു മടങ്ങിപ്പോകാൻ ആഗ്രഹിക്കുക മാത്രമല്ല, തീരുമാനിക്കുക തന്നെ ചെയ്തു. ഇത് ഉടമ്പടി ലംഘിക്കലാണ്; കർത്താവിനെ തിരസ്ക്കരിച്ച് ജീവിതം സ്വന്തം കൈകളാൽ കരുപ്പിടിപ്പിക്കാൻ ശ്രമിക്കലാണ്. പുതിയൊരു നേതാവിനെ തിരഞ്ഞെടുക്കാൻ തീരുമാനിക്കുനനതിലൂടെ മോശയുടെ നേതൃത്വവും അവപർ തിരസ്ക്കരിക്കുന്നു.

മോശയും അഹറോനും കമിഴ്ന്നു വീഴുന്നത് (14, 5) അവരുടെ നിസ്സഹായത വെളിപ്പെടുത്തുന്നതോയൊപ്പം കർത്താവിനു മാത്രമേ ഈ പ്രതിസന്ധിയിൽ എന്തെങ്കിലും ചെയ്യാൻ കഴിയൂ എന്ന് ഏറ്റു പറയുകയും ചെയ്യുന്നു. കഠിന ദുഃഖത്തിന്റെ സൂചനയായി ജോഷ്വായും കാലെബും വസ്ത്രം കീറി (2 സാമു 1, 11). ദൈവദൂഷണമാണ് തങ്ങൾ കേട്ടത് എന്നും ഇതു സൂചിപ്പിക്കുന്നു (മത്താ 26, 65). ജനത്തിന്റെ മനസ്സുതിരിക്കാൻ അവർ കിണഞ്ഞു പരിശ്രമിച്ചു. (14, 7-9). ''അവർ നമുക്ക് ഇരയാണ്'' എന്ന പ്രയോഗത്തിന് അപ്പം തിന്നുന്നത്ര എളുപ്പത്തിൽ അവരെ കീഴടക്കാൻ കഴിയും എന്ന് അർത്ഥം. ''ഇനി അവർക്കു രക്ഷയില്ല'' എന്നതിന്റെ ഹീബ്രുമൂലം ''അവരുടെ നിഴൽ മാറ്റപ്പെട്ടിരിക്കുന്നു'' എന്നതിന്റെ ഹീബ്രുമൂലം ''അവരുടെ നിഴൽ മാറ്റപ്പെട്ടിരിക്കുന്നു'' എന്നത്രേ. മരുഭൂമിയിലെ പാറക്കെട്ടുകൾ വിരിക്കുന്ന നിഴൽ സൂര്യതാപത്തിൽ നിന്നു സംരക്ഷണം നൽകുന്നു. നിഴൽ മാറിയാൽ ചൂടിനെതിരേ സംരക്ഷണമുണ്ടായിരിക്കുകയില്ല. കാനാൻ നിവാസികൾക്കു കർത്താവു സംരക്ഷണം നൽകുകയില്ല. അതിനാൽ വളരെ എളുപ്പം കീഴടക്കാൻ കഴിയും എന്ന് ഈ പ്രയോഗം സൂചിപ്പിക്കുന്നു. കർത്താവു കൂടെയുള്ളപ്പോൾ ആരെയും ഭയപ്പെടേണ്ടതില്ല. ജനം ഒന്നടങ്കം ജോഷ്വായെയും കാലെബിനെയും കല്ലെറിയാൻ ഒരുങ്ങുന്നതോടെ കലാപം അതിന്റെ മൂർദ്ധന്യത്തിലെത്തി. കള്ള സാക്ഷി

കൾക്കും വ്യാജമായ കുറ്റാരോപണം നടത്തുന്നവർക്കും ഉള്ള ശിക്ഷ യാണ് ജനം അവർക്കു നൽകാൻ ഒരുങ്ങിയത് (നിയ 19, 16-190. വിചാ രണ കൂടാതെ ജനം തന്നെ ന്യാധിപത്യം ഏറ്റെടുത്ത് ശിക്ഷാവിധി നടപ്പാക്കാൻ മുതിർന്ന മുഹൂർത്തത്തിൽ ദൈവത്തിന്റെ മേഘം കൂടാ രത്തിനു മുകളിൽ എല്ലാവർക്കും കാണത്തക്കവിധത്തിൽ പ്രത്യക്ഷ പ്പെട്ടു.

**വിചിന്തനം** : ഭയവും ഭീരുത്വവും മനുഷ്യനെ പലപ്പോഴും അന്ധനും അക്രമാസക്തനുമാക്കുന്നു. വികാരങ്ങളുടെ മേലുള്ള കടിഞ്ഞാൺ നഷ്ടപ്പെടുന്നതിന്റെ ഉദാഹരണമാണ് ജോഷ്വായെയും കാലെബി നെയും കല്ലെറിയാനുള്ള ശ്രമം. വികാരാവേശത്താൽ സത്യം മറ ക്കുന്നവർ തങ്ങളെ അനുകൂലിക്കാത്തവരെ ഉന്മൂലനം ചെയ്യാൻ ശ്രമി ച്ചെന്നു വരാം. എന്നാൽ ഭൂരിപക്ഷത്തോടുചേർന്ന് അസത്യത്തിനു കൂട്ടു നിൽക്കുന്നവരോ, എളുപ്പമാർഗ്ഗങ്ങളും കുറുക്കുവഴികളും നിര ക്ദേദശിക്കുന്നവരോ അല്ല, ഒറ്റയ്ക്കു നിന്നു സത്യം മുറുകെപ്പിടിക്കു കയും പ്രതിസന്ധികളെ തരണം ചെയ്തു മുന്നേറാൻ ക്ഷണിക്കു കയും ചെയ്യുന്നവരാണ് ആത്യന്തികമായി നന്മയിലേക്കു നയിക്കുക. അങ്ങനെയുള്ളവരെ യഥാർത്ഥമോചനം അനുഭവിച്ചറിയൂ.

### c. മോശയുടെ മാധ്യസ്ഥ്യം 14, 11-19

ജനത്തിന്റെ അവിശ്വസ്തതയ്ക്കെതിരേയുള്ള കർത്താവിന്റെ വചനങ്ങൾ (14, 11-12) ഇതുവരെയുള്ള രക്ഷാചരിത്രത്തിലേക്കു ശ്രദ്ധ ക്ഷണിക്കുന്നു. ഈജിപ്തുകാരെ ശിക്ഷിച്ചതുപോലെ ഇസ്രായേ ലിനെയും ശിക്ഷിക്കും എന്ന് ''മഹാമാരി'' എന്ന പ്രയോഗം സൂചിപ്പി ക്കുന്നു. മോശയിൽ നിന്ന് പുതിയൊരു ജനതയെ പുറപ്പെടുവിക്കും എന്ന വാഗ്ദാനം സീനായ് മലയിലെ വിശ്വാസത്യാഗത്തെ അനുസ്മ രിപ്പിക്കുന്നു. (പുറ 32, 10).

മോശയുടെ മഹത്വവും യഥാർത്ഥ നേതാവിന്റെ ഗുണങ്ങളും പ്രകടമാക്കുന്നതാണ് തുടർന്നു വിവരിക്കുന്ന മധ്യസ്ഥ പ്രാർത്ഥന (14, 13-19. അക്ഷന്തവ്യമായ അപരാധമാണ് ജനം ചെയ്തത് എന്ന സത്യം മോശ മറയ്ക്കുന്നില്ല. കർത്താവിന്റെ കരുണയല്ലാതെ മാപ്പി രക്കാൻ മറ്റൊരു കാരണവുമില്ല. അവിശ്വസ്തരായ ജനത്തിനു പകരം

സ്വന്തം സന്തതികൾ ഒരു പുതിയ ജനതയാകണം എന്നു മോശ ആഗ്രഹിക്കുന്നതുമില്ല. സീനായ് മലയിൽ വച്ചെന്നതുപോലെ ഇവിടെയും മോശ കരുണയാക്കായി യാചിക്കുന്നു. വിദഗ്ധനായ ഒരു നയതന്ത്രജ്ഞനെപ്പോലെയാണ് മോശ കർത്താവിനോടു സംസാരിക്കുന്നത്. ജനത്തോടു ക്ഷമിക്കുക കർത്താവിന്റെതന്നെ ആവശ്യമാണെന്നു പ്രാർത്ഥനയിലൂടെ സമർത്ഥിക്കുന്നു. ജനതകളുടെ ഇടയിൽ കർത്താവിന്റെ നാമം അവഹേളിക്കപ്പെടാതിരിക്കാൻ ജനത്തോടു ക്ഷമിച്ചേ മതിയാകൂ.

കർത്താവിന്റെ ഗുണഗണങ്ങളെക്കുറിച്ചുള്ള 18-ാം വാക്യത്തിലെ വിവരണം കർത്താവിന്റെ തന്നെ വാക്കുകളാണ് (പുറ 34, 6-7). വാഗ്ദാനങ്ങളിലുള്ള വിശ്വസ്തത, യോഗ്യതകൾ പരിഗണിക്കാതെ നൽകുന്ന സ്നേഹം, ദയ, കൃപ എന്നൊക്കെയാണ് അചഞ്ചലസ്നേഹം എന്നു വിവർത്തനം ചെയ്യുന്ന "ഹെസെദ്" എന്ന ഹീബ്രുവാക്കിന്റെ അർത്ഥം. കുറ്റക്കാരെ വെറുതെ വിടാതെ ശിക്ഷിക്കുന്നത് ദൈവനീതിയുടെ പ്രകടനമാണ്. നീതിയെ കരുണകൊണ്ടു മയപ്പെടുത്തണം എന്ന്, ഇതുവരെയുള്ള അനുഭവങ്ങൾ നിരത്തിവച്ചുകൊണ്ട് മോശ യാചിക്കുന്നു.

**വിചിന്തനം** : അണികളെ നയിക്കുകയും പഠിപ്പിക്കുകയും മാത്രമല്ല, അവർക്കുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്യുന്നത് ഉത്തമനായ നേതാവിന്റെ കടമയാണ്. മാപ്പിരക്കാൻ അർഹതയില്ലെന്നു തോന്നുമ്പോഴും കർത്താവിന്റെ അനന്തമായ കരുണയിലും കൃപയിലും ആശ്രയിച്ചുകൊണ്ടു പ്രാർത്ഥിക്കണം. ജനത്തിനുവേണ്ടി മാധ്യസ്ഥ്യം വഹിച്ച മോശ സകല ജനതകൾക്കും വേണ്ടി സ്വജീവൻ പിതാവിനു സമർപ്പിച്ചുകൊണ്ട് മാധ്യസ്ഥ്യം വഹിക്കുന്ന യേശിവുന്റെ മുന്നോടിയും പ്രതീകവുമാണ്, അതേസമയം സകല വിശ്വാസികൾക്കും അനുകരണീയനായ മാതൃകയും.

### d. മാപ്പും ശിക്ഷയും 14, 20-45

മോശയുടെ മാധ്യസ്ഥ്യം സ്വീകരിച്ച് കർത്താവ് ജനത്തിന്റെ പാപം ക്ഷമിച്ചെങ്കിലും കുറ്റവാളികളെ ശിക്ഷയിൽ നിന്ന് ഒഴിവാക്കുന്നില്ല. കലാപത്തിൽ പങ്കുചേർന്ന പ്രായപൂർത്തിയായ സകലരും

മരുഭൂമിയിൽ വച്ചു മരണമടയും. എന്നാൽ കാനാൻകാർ കൊന്നൊടുക്കും എന്ന് അവർ ഭയപ്പെട്ട കുഞ്ഞുങ്ങൾ വാഗ്ദത്തഭൂമി കൈവശമാക്കും. കർത്താവിന്റെ നീതിയും കരുണയും ഒരുപോലെ ഈ ശിക്ഷാവിധിയിൽ പ്രകടമാകുന്നു.

വിധിവാചകത്തിന്റെ വിവരണത്തിൽ രണ്ടു പാരമ്പര്യങ്ങളുടെ സ്വാധീനം ദൃശ്യമാണ്. 21-25 വാക്യങ്ങളിൽ പറയുന്ന കാര്യങ്ങൾ വീണ്ടും 26-35ൽ കൂടുതൽ വിശദമായി അവതരിപ്പിച്ചിരിക്കുന്നു. ആദ്യഭാഗത്ത് കർത്താവു മോശയോടു മാത്രമാണ് സംസാരിക്കുന്നത്. അവിടെ കാലെബു മാത്രമേ ശിക്ഷയിൽ നിന്ന് ഒഴിവാക്കപ്പെടുന്നുള്ളൂ. എന്നാൽ രണ്ടാംഭാഗത്ത് കർത്താവ് മോശയോടും അഹറോനോടും സംസാരിക്കുന്നു. കാലെബിന്റെ കൂടെ ജോഷ്വായും വാഗ്ദത്തഭൂമിയിൽ പ്രവേശിക്കും എന്ന് വാഗ്ദാനം ചെയ്യുന്നു.

ഒരു ശപഥമെന്ന നിലയിലാണ് കർത്താവ് വിധിവാചകം ഉച്ചരിക്കുന്നത്. ''ഞാനാണേ, എന്റെ മഹത്വമാണേ'' എന്നതിന് 'ഞാൻ ജീവിക്കുന്നു, എന്റെ മഹത്വം ഭൂമിയിൽ നിറഞ്ഞിരിക്കുന്നു എന്നതു സത്യമായിരിക്കുന്നതുപോലെ തീർച്ചയായും അവിശ്വസ്തത കാട്ടിയവർ വാഗ്ദത്ത ഭൂമിയിൽ പ്രവേശിക്കുകയില്ല' എന്നാണ് അർത്ഥം. വിട്ടുവീഴ്ചയില്ലാത്ത തീരുമാനമാണിത്.

ജനം പത്തുപ്രാവശ്യം കർത്താവിനെ പരീക്ഷിച്ചു എന്ന പ്രസ്താവന (14, 22) നിരന്തരമായ അവരുടെ അവിശ്വസ്തതയിലേക്കു വിരൽ ചൂണ്ടുന്നു. കൃത്യം പത്തു സംഭവങ്ങൾ ആയിരിക്കണമെന്നില്ല. കർത്താവിനെ പരീക്ഷിച്ചു, അവഗണിച്ചു, നിന്ദിച്ചു എന്നിങ്ങനെ ഒന്നിനൊന്നു കൂടുതൽ കഠിനമായ തെറ്റുകളാണ് ജനത്തിന്റെമേൽ ആരോപിക്കുന്നത്. 25-ാം വാക്യത്തിലെ ചെങ്കടൽ അക്കബാ ഉൾക്കടലിനെ സൂചിപ്പിക്കുന്നു.

ഇതുവരെയുള്ള യാത്ര വാഗ്ദത്തഭൂമിയെ ലക്ഷ്യം വച്ചുള്ള തീർത്ഥാടനമായിരുന്നു. എന്നാൽ ഇനിയങ്ങോട്ട് ലക്ഷ്യമില്ലാത്ത ചുറ്റിത്തിരിയലായിരിക്കും (14, 34). നാൽപതു വർഷം എന്ന കാലപരിധി ഒരു തലമുറയുടെ കാലം എന്നല്ലാതെ കൃത്യമായ കണക്കായിരിക്കണം എന്നില്ല. ജനത്തെ കലാപത്തിനു പ്രേരിപ്പിച്ച പത്തു നേതാക്കന്മാർ

തൽക്ഷണം മരിച്ചുവീണത് (14, 36-37) കർത്താവിന്റെ ശിക്ഷാവിധിക്കു മാറ്റമില്ല എന്നു തെളിയിക്കുന്നു.

കർത്താവിന്റെ കല്പനയ്ക്കു വിരുദ്ധമായി വാഗ്ദത്തഭൂമി കൈവശപ്പെടുത്താൻ നടത്തിയ വിഫലശ്രമമാണ് 14, 39-45ൽ വിവരിക്കുന്നത്. മോശയോ, കർത്താവിന്റെ പേടകമോ കൂടെ പോകാതിരുന്നിട്ടും "അവർ ധിക്കാരപൂർവ്വം മലയിലേക്കു കയറി" (14, 44) എന്ന പ്രസ്താവന അവരുടെ പാപത്തിന്റെ മറ്റൊരു മാനം വെളിപ്പെടുത്തുന്നു. ഭീരുത്വവും വിശ്വാസമില്ലായ്മയുമായിരുന്നു ആദ്യത്തെ പാപം. ഇവിടെയാകട്ടെ അതിരുകടന്ന ആത്മവിശ്വാസവും ഔദ്ധത്യവുമാണ് പ്രകടമാകുന്നത്. "കർത്താവു നിങ്ങളോടു കൂടെയില്ല" (14, 42) എന്ന പ്രസ്താവനയുടെ സത്യാവസ്ഥ തോറ്റോടിയപ്പോൾ അവർ ഗ്രഹിച്ചു. കാനാൻ ദേശത്തിന്റെ തെക്കുകിഴക്കെ അറ്റത്തുള്ള ഒരു പട്ടണമാണ് ഹോർമാ. ആ പട്ടണം ഇസ്രായേൽക്കാർ പിടിച്ചടക്കിയതായി സംഖ്യ 21, 1-3ൽ വിവരിച്ചിട്ടുണ്ട്. അതു നാൽപതു വർഷത്തെ അലച്ചിലിനു ശേഷമായിരുന്നു.

**വിചിന്തനം** : അലസതയും ഭീരുത്വവും പോലെ തന്നെ ഔദ്ധത്യവും അഹങ്കാരവും കർത്താവിന് അനിഷ്ടകരമാണ്. രണ്ടും നാശത്തിലേക്കു നയിക്കും. മാനസാന്തരത്തിന് അവിടുന്ന് നൽകുന്ന അവസരം പാഴാക്കിക്കളഞ്ഞാൽ പിന്നാടു ലഭിച്ചില്ലെന്നു വരും. കർത്താവിന്റെ കരുണയ്ക്ക് അതിരില്ല എന്നു കരുതി ധിക്കാരപൂർവ്വം തിന്മയിൽ തുടരുന്നവർക്കു കരുണ നഷ്ടപ്പെടാം (ലൂക്കാ 19, 44).

## ചോദ്യങ്ങൾ

1. എന്തിനുവേണ്ടിയാണ് മോശ കാനാൻ ദേശത്തേക്കു പന്ത്രണ്ടുപേരെ പറഞ്ഞയച്ചത്?

2. ജ്യോഷ്വായെയും കാലെബിനെയും ജനം കല്ലെറിയാൻ ശ്രമിച്ചത് എന്തുകൊണ്ട്?

3. കാദെശിലെ സംഭവത്തിന് രക്ഷാചരിത്രത്തിലുള്ള പ്രാധാന്യമെന്ത്?

4. മോശയുടെ മധ്യസ്ഥ പ്രാർത്ഥനയിൽ നിന്ന് എന്തു പാഠമാണ് ലഭിക്കുന്നത്?

5. കാനാൻ ദേശം കൈയടക്കാൻ ശ്രമിച്ചവർ പരാജയപ്പെടാൻ കാരണമെന്ത്?

**ചർച്ചയ്ക്ക്** : കാദെശ് സംഭവത്തോടു സാമ്യമുള്ള എന്തെങ്കിലും അനുഭവം നിങ്ങളുടെ വ്യക്തിപരമോ സാമൂഹികമോ ആയ ജീവിതത്തിൽ അനുഭവപ്പെട്ടിട്ടുണ്ടോ? എപ്രകാരമാണ് നിങ്ങൾ പ്രതികരിച്ചത്?

**പ്രാർത്ഥന** : മോശയുടെ പ്രാർത്ഥനയെ അനുകരിച്ച് സ്വന്തമായി ഒരു പ്രാർത്ഥന രചിക്കുക.

## 3. നേതൃത്വവും നിയമങ്ങളും 15, 1–19, 22

കാദെശിലെ കലാപത്തിന് കർത്താവിൽ നിന്നു ശിക്ഷാവിധി ഏറ്റുവാങ്ങിയ ജനം ഏകദേശം 38 വർഷം മരുഭൂമിയിലൂടെ അലഞ്ഞു നടന്നു. കർത്താവിനോടു കൂടുതൽ വിശ്വസ്തത പാലിക്കുന്ന ഒരു പുതിയ തലമുറ രൂപപ്പെടുന്നതുവരെ ദീർഘിച്ച അലച്ചിലിന്റെ കാലഘട്ടമാണ് ഈ അഞ്ച് അധ്യായങ്ങളിൽ പ്രതിപാദിക്കുന്നത്. ചെങ്കടലിനു നേരെ മരുഭൂമിയിലേക്കു യാത്ര ചെയ്യാൻ (14, 25) കല്പിച്ചെങ്കിലും ആ യാത്രയുടെ വിവരണം നല്കിയിട്ടില്ല. എന്നാൽ കാദെശിൽ തിരിച്ചെത്തിയെന്ന 20, 1ലെ പരാമർശത്തിൽ നിന്ന് ഈ കാലഘട്ടമത്രയും അവർ മരുഭൂമിയിൽ ചുറ്റിത്തിരിയുകയായിരുന്നു എന്ന് അനുമാനിക്കാം. "അനേകദിവസം ചുറ്റിടന്നു" എന്ന നിയ 2, 1ലെ സൂചനയും ഈ അനുമാനത്തിലേക്കു നയിക്കുന്നു.

### a. കാഴ്ചകൾ – സാബത്താചരണം 15, 1–41

"കർത്താവ് മോശയോട് അരുളിച്ചെയ്തു" എന്ന ആമുഖവാക്യം മൂന്നു തവണ ആവർത്തിച്ചുകൊണ്ട് (15, 1.17.37) ഈ അധ്യായത്തെ മൂന്നു ഭാഗങ്ങളായി തിരിച്ചിരിക്കുന്നു. ആദ്യഭാഗത്ത് (15, 1–16) മൃഗബലിയോടൊപ്പം അർപ്പിക്കേണ്ട ധാന്യബലിയുടെയും പാനീയബലിയുടെയും അളവുകൾ നിശ്ചയിച്ചിരിക്കുന്നു. ഇവയെ കുറിച്ച് ലേവ്യർ 1–7ൽ വിശദമായി പ്രതിപാദിച്ചിട്ടുണ്ട്. ഏഫാ–45 ലിറ്റർ; ഹിൻ–7.5

ലിറ്റർ. മാംസം, ധാന്യം, എണ്ണ, വീഞ്ഞ് എന്നീ ആഹ്രവസ്തുക്കൾ കർത്താവിനു ബലിയർപ്പിക്കുന്നതിലൂടെ തങ്ങളുടെ ജീവസന്ധാരണത്തിനാവശ്യമായവയെല്ലാം കർത്താവിന്റെ ദാനമാണെന്ന് കൃതജ്ഞതാപൂർവ്വം ഏറ്റു പറയുന്നു. ഇതു കർത്താവു സന്തോഷത്തോടെ സ്വീകരിക്കും എന്ന സൂചനയാണ് "സുഗന്ധവാഹിയായ ബലി" എന്ന വിശേഷണത്തിൽ നിന്നു ലഭിക്കുന്നത്. ഇസ്രായേൽക്കാർക്കും അവരുടെയിടയിൽ വസിക്കുന്നവർക്കും ഒരേ നിയമം തന്നെ നല്കിയിരിക്കുന്നു. ഇരുകൂട്ടരും ഒരുപോലെ കർത്താവിനു സ്വീകാര്യരാണ്.

രണ്ടാംഭാഗത്ത് (15, 17-36) പുത്തരിയിൽ നിന്ന് ആദ്യം കുഴയ്ക്കുന്ന മാവിന്റെ സമർപ്പണം (17-21), പരിഹാരബലികൾ (22-31) സാബത്തു ലംഘനത്തിനു ശിക്ഷ (32-36) എന്നിവയെക്കുറിച്ചു പ്രതിപാദിക്കുന്നു. അറിയാതെ ചെയ്തുപോകുന്ന തെറ്റിനുള്ള പരിഹാരബലികളെ കുറിച്ച് ലേവ്യർ 5, 14-19ൽ വിവരിച്ചിട്ടുണ്ട്. കരുതിക്കൂട്ടി ചെയ്യുന്ന തെറ്റുകൾക്ക് മരണശിക്ഷ വിധിച്ചിരിക്കുന്നു. ഇപ്രകാരമുള്ള തെറ്റിന്റെയും ശിക്ഷയുടെയും ഉദാഹരണമാണ് സാബത്തുലംഘനവും കർത്താവിനു നേരിട്ടു കല്പ്പിക്കുന്ന ശിക്ഷയും. ഉടമ്പടിയോടു വിശ്വസ്തത പാലിക്കാൻ ജനത്തെ പരിശീലിപ്പിക്കുകയാണ് കർശനമായ നിയമങ്ങളുടെ ഉദ്ദേശ്യം. പ്രവാസകാലത്തും അതിനു ശേഷവും ഇസ്രായേലിൽ കർക്കശമായി നടപ്പാക്കിയിരുന്ന ഒരു നിയമമാണ് സാബത്താചരണം.

ഉടമ്പടിയുടെ പ്രമാണങ്ങളെക്കുറിച്ച് അനുസ്മരിപ്പിക്കാൻ വേണ്ടി വസ്ത്രത്തിന്റെ വിളുമ്പുകളിൽ തൊങ്ങലുകളും നീല നാടകളും പിടിപ്പിക്കാനുള്ള കല്പനയും അതിന്റെ വിശദീകരണവും മൂന്നാം ഭാഗത്ത് (15, 37-41) അവതരിപ്പിക്കുന്നു. പുറങ്കുപ്പായത്തിന്റെ നാലു കോണുകളിലുമാണ് തൊങ്ങലുകൾ പിടിപ്പിക്കേണ്ടത് എന്ന് നിയ 22, 12ൽ നിർദ്ദേശിച്ചിരിക്കുന്നു. തിന്മയിലേക്കുള്ള ജനത്തിന്റെ ചായ്‌വിനെ കണക്കിലെടുത്തുകൊണ്ട് അതിനു പരിഹാരമെന്ന നിലയിലാണ് ഈ അടയാളങ്ങൾ നിർദ്ദേശിക്കുന്നത്. ദൈവവും ജനവും തമ്മിലുള്ള പ്രത്യേകബന്ധം രണ്ടു തവണ (15, 41) എടുത്തു പറഞ്ഞുകൊണ്ട് ഉടമ്പടിയുടെ പ്രമാണങ്ങൾ വിശ്വസ്തതയോടെ പാലിക്കാനും അങ്ങനെ വിശുദ്ധരായി ജീവിക്കാനും വീണ്ടും ഉദ്ബോധിപ്പിക്കുന്നു.

വിചിന്തനം : സാബത്താചരണത്തെയും, തൊങ്ങലുകളെയും മറ്റും സംബന്ധിച്ച നിയമങ്ങൾ പുതിയ നിയമകാലത്തെ ഫരിസേയർ വളരെ കർശനമായി പാലിച്ചിരുന്നു. തങ്ങൾ മറ്റുള്ളവരേക്കാൾ വിശുദ്ധരും ബഹുമാന്യരുമാണെന്ന് കൊട്ടിഘോഷിക്കാനുള്ള ഉപാധിയായി ഈ ആചാരാനുഷ്ഠാനങ്ങളെ ഉപയോഗിക്കുന്നതിനെതിരേ കഠിനമായ താക്കീതുകളാണ് യേശു നല്കിയത്. (മർക്കോ 2, 27; മത്താ. 23, 5). പ്രത്യേക വേഷങ്ങളും, കഴുത്തിലും കൈയിലും അണിയുന്ന കൊന്ത, മോതിരം, മെഡൽ മുതലായവയും മാത്രം ആരെയും വിശുദ്ധരോ ബഹുമാന്യരോ ആക്കുന്നില്ല. വിനയപൂർവ്വം, കർത്താവിനു പ്രീതികരമായ വിധം ജീവിക്കണം എന്ന് അനുസ്മരിപ്പിക്കുന്ന അടയാളങ്ങൾ മാത്രമാണ് അവ.

### b. നേതൃത്വത്തിനു വേണ്ടി കലാപം 16, 1–17, 13

മോശയുടെ നേതൃത്വത്തെയും അഹറോന്റെ പൗഹോരിത്യത്തെയും ജനത്തിലെ ചില നേതാക്കൾ ചോദ്യം ചെയ്യുകയും അവർക്കെതിരെ ജനത്തെ മുഴുവൻ ഇളക്കിവിടുകയും ചെയ്തപ്പോൾ കർത്താവ് നേരിട്ടിടപെട്ട്, കലാപകാരികളെ കഠിനമായി ശിക്ഷിച്ചുകൊണ്ട് മോശയുടെയും അഹറോന്റെയും നേതൃത്വത്തെ പരസ്യമായി സ്ഥിരീകരിച്ച സംഭവങ്ങളാണ് ഈ അധ്യായങ്ങളിൽ വിവരിക്കുന്നത്. പല സംഭവങ്ങളെക്കുറിച്ച് വിവിധ പാരമ്പര്യങ്ങളിൽ നിന്നുള്ള വിവരണങ്ങൾ ഇടകലർത്തി അവതരിപ്പിച്ചിരിക്കുന്നതിനാൽ ആവർത്തനങ്ങൾ ദൃശ്യമാണ്. സംഭവങ്ങളെ കുറിച്ച് സ്ഥലകാല സൂചനയൊന്നും നല്കുന്നില്ല. ദൈവജനത്തിന്റെ നേതൃത്വത്തെ സംബന്ധിച്ച് എന്നും പ്രസക്തമായ പഠനമാണ് ഈ സംഭവങ്ങളിലൂടെ നല്കുന്നത്.

കലാപകാരികളുടെ പേരുവിവരങ്ങൾ (16, 1–2) ആമുഖമായി അവതരിപ്പിച്ചതിനു ശേഷം പൗരോഹിത്യത്തിനു വേണ്ടി മുറവിളി കൂട്ടിയ ലേവ്യനേതാവായ കോറഹിന്റെ പ്രതിഷേധവും ശിക്ഷാവിധിയും 16, 3–11. 15–19. 35–40 വാക്യങ്ങളിലും രാഷ്ട്രായാധികാരത്തിന്റെ പേരിൽ മോശയെ വെല്ലുവിളിച്ച റൂബൻ ഗോത്രജരായ ദാത്താൻ, അബീറാം എന്നിവരുടെ കാലപും അതിന്റെ പ്രത്യാഘാതങ്ങളും 16,

12-14, 25-34 വാക്യങ്ങളിലും രേഖപ്പെടുത്തിയിരിക്കുന്നു. ജനത്തിന്റെ പൊതുവായ പ്രതിഷേധവും അതു വിളിച്ചുവരുത്തിയ ശിക്ഷയുമാണ് 16, 41-50ൽ പ്രതിപാദിക്കുന്നത്. അഹറോന്റെ പ്രധാന പുരോഹിത സ്ഥാനം കർത്താവു പരസ്യമായി അംഗീകരിക്കുന്നതിന്റെ വിവരണം 17-ാം അധ്യായത്തിൽ നല്കിയിരിക്കുന്നു.

ജനത്തിന്റെ നേതൃത്വമാണ് ഇവിടെ വിവാദവിഷയമായിരിക്കുന്നത്. മോശയുടെ അതുല്യസ്ഥാനവും അഹറോന്റെ പ്രധാന പുരോഹിതത്വവും അംഗീകരിക്കാൻ തയ്യാറാകാത്ത ചില നേതാക്കൾ സ്വയം നേതൃത്വം ഏറ്റെടുക്കാൻ ശ്രമിച്ചു. വിശുദ്ധ ജനവും പുരോഹിതരാജ്യവും (പുറ 19, 6) ആയ ഇസ്രായേലിൽ ചിലർക്കു പ്രത്യേക സ്ഥാനങ്ങളും അധികാരങ്ങളും ഉണ്ട് എന്ന കാഴ്ചപ്പാടിനെ കോറഹും കൂട്ടരും ചോദ്യം ചെയ്തു. പൗരോഹിത്യം ആരും സ്വയമേ ഏറ്റെടുക്കുന്നതല്ല, കർത്താവ് തനിക്കിഷ്ടമുള്ളവർക്കു നല്കുന്നതാണ് എന്ന മോശയുടെ വിശ്വാസം ഒരു പരീക്ഷണത്തിലൂടെ തെളിയിക്കുന്നു. ''പൗരോഹിത്യം കാംക്ഷിക്കുന്നവർ ധൂപകലശവുമായി കർത്താവിന്റെ മുമ്പിൽ പ്രത്യക്ഷപ്പെടട്ടെ. തനിക്കിഷ്ടമുള്ളവരെ കർത്താവു സ്വീകരിക്കും'' എന്ന പരീക്ഷണം രണ്ടു തവണ അവതരിപ്പിച്ചിട്ടുണ്ട് (16, 5-7. 15-18).

ജനത്തെ വാഗ്ദത്തഭൂമിയിൽ എത്തിക്കുന്നതിൽ പരാജയപ്പെട്ടു എന്നതാണ് മോശയ്ക്കെതിരെ ദാത്താനും അബിറാമും ഉന്നയിക്കുന്ന ആരോപണം (16, 12-14). അടിമത്തത്തിന്റെ ഭവനമായിരുന്ന ഈജിപ്തിനെ ''തേനും പാലും ഒഴുകുന്ന നാട്'' എന്നു വിശേഷിപ്പിക്കുന്നത് മോശയെ മാത്രമല്ല, കർത്താവിനെയും അവിടുത്തെ രക്ഷാകരപ്രവർത്തിയെയും തള്ളിപ്പറയുന്നതിനു തുല്യമാണ്.

രണ്ട് ആരോപണങ്ങളുടെയും മുമ്പിൽ മോശ തന്റെ നിസ്വാർത്ഥതയും നിഷ്ക്കളങ്കതയും ഏറ്റുപറഞ്ഞുകൊണ്ട് വിധി തീർപ്പ് കർത്താവിന് വിട്ടുകൊടുത്തു. കലാപകാരികൾ മോശയ്ക്കും അഹറോനും എതിരെ ഒരുമിച്ചു കൂടിയപ്പോൾ കർത്താവിന്റെ മഹത്വം ജനസമൂഹത്തിനു മുഴുവൻ പ്രത്യക്ഷമായി (16, 19; 14, 10) സമൂഹത്തെ ഒന്നടങ്കം നശിപ്പിക്കാൻ ഒരുങ്ങുന്ന കർത്താവിന്റെ മുമ്പിൽ മാധ്യസ്ഥ്യം വഹിച്ചുകൊണ്ട് മോശയും അഹറോനും കുറ്റവാളികളെ ശിക്ഷിക്കുകയും

നിരപരാധികളെ വെറുതെ വിടുകയും ചെയ്യാൻ പ്രാർത്ഥിച്ചു (16, 20-24).

കലാപകാരികൾക്കു ലഭിക്കുന്ന ശിക്ഷ എല്ലാവർക്കും ഒരു പാഠമാണ്. പാതാളം (ഹീബ്രുവിൽ "ഷെയോൽ") ഭൂമിയുടെ അധോഭാഗത്തുള്ള അന്ധകാരാവൃതമായ ഗുഹയായി ബൈബിൾ ചിത്രീകരിക്കുന്നു. മരിച്ചവരെല്ലാം അവിടെ നിത്യനിദ്രയിൽ ആണ്ടുകിടക്കുന്നു (സങ്കീ. 30, 9; 88, 4-5; ജോബ് 7, 9; 17, 13-16; ഏശ 14, 9-15). ജീവനോടെ പാതാളത്തിൽ പതിക്കുന്നത് ഭീകരമായ ശിക്ഷയാണ് (സങ്കീ. 55, 15). ജീവന്റെ നാഥനോടു മറുതലിക്കുന്നവർക്ക് ജീവിക്കാൻ അവകാശമില്ല എന്ന് ഇതിലൂടെ പഠിപ്പിക്കുന്നു. അഗ്നിയിറങ്ങി കോറഹിനെയും അനുചരന്മാരെയും ചാമ്പലാക്കിയതും ഇതേ പാഠം തന്നെ നല്കുന്നു.

ധൂപകലശങ്ങളെ സംബന്ധിച്ച പ്രായോഗികപ്രശ്നത്തിനു കർത്താവു തന്നെ പരിഹാരം നിർദ്ദേശിക്കുന്നു (16, 36-40). പ്രധാന പുരോഹിതൻ മൃതശരീരത്തെ സ്പർശിച്ച് അശുദ്ധനാകാതിരിക്കാൻ വേണ്ടിയാണ് (ലേവ്യ 21, 10-11) എലെയാസറിനെ ചുമതലപ്പെടുത്തുന്നത്. അനധികൃതമായി ബലിപീഠത്തെ സമീപിക്കുന്നതും പൗരോഹിത്യം ഏറ്റെടുക്കുന്നതും തടയാൻ വേണ്ടിയുള്ള അടയാളമാണ് ധൂപകലശങ്ങൾ കൊണ്ടുണ്ടാക്കിയ ബലിപീഠത്തിന്റെ ആവരണം.

ഭീകരമായ അടയാളങ്ങൾ കണ്ടിട്ടും മനസു തിരിയാത്ത ജനം പിറ്റേ ദിവസം വീണ്ടും കാലപത്തിനൊരുങ്ങി (16, 41-50). ഇവിടെ ജനം ഒന്നടങ്കമാണ് മോശയെയും അഹറോനെയും എതിരിടുന്നത്. വീണ്ടും കർത്താവ് മേഘത്തിൽ പ്രത്യക്ഷപ്പെട്ട് ശിക്ഷാവിധി നടപ്പിലാക്കിയപ്പോൾ പാപപരിഹാരത്തിനായി മോശ ധൂപാർപ്പണം നിർദ്ദേശിച്ചു. മരിച്ചവരുടെയും ജീവിച്ചിരിക്കുന്നവരുടെയും നടുവിൽ നിന്ന് ധൂപം അർപ്പിച്ചുകൊണ്ട് അഹറോൻ കർത്താവിന്റോ കോപം ശമിപ്പിച്ചു. ജനത്തിനു വേണ്ടി സ്വജീവൻ അപകടപ്പെടുത്താൻ തയ്യാറായ അഹറോൻ മനുഷ്യവർഗ്ഗത്തിന്റെ മുഴുവൻ പാപത്തിനു പരിഹാരമായി സ്വജീവൻ സമർപ്പിച്ച യേശുക്രിസ്തുവിന്റെ മുന്നോടിയും പ്രതീകവുമാണ്.

അഹറോനെയും സന്തതികളെയും കർത്താവു തന്നെ പുരോ

ഹിതവൃത്തിക്കായി തിരഞ്ഞെടുത്തു എന്ന് ഏവർക്കും ബോധ്യമാകത്തക്ക ഒരു അടയാളം 17, 1–11ൽ വിവരിക്കുന്നു. ഇത് എക്കാലത്തും ജനം ഓർമ്മിക്കാൻ വേണ്ടി തളിർത്ത വടി സാക്ഷ്യപേടകത്തിനു മുമ്പിൽ സൂക്ഷിക്കാൻ നിർദ്ദേശിച്ചിരിക്കുന്നു. ''ഞങ്ങൾ മരിക്കുന്നു, നശിക്കുന്നു, ചത്തൊടുങ്ങുന്നു'' (17, 12–13) എന്ന ജനത്തിന്റെ നിലവിളി പൗരോഹിത്യത്തിന്റെ ആവശ്യകതയെ ഏറ്റുപറയുന്നു. 16–17 അധ്യായങ്ങളിൽ വിവരിച്ച സംഭവങ്ങളുടെ ഉപസംഹാരവും പുരോഹിതന്മാരെയും ലേവ്യരെയും സംബന്ധിച്ച് അടുത്ത അധ്യായത്തിൽ പറയാൻ പോകുന്നതിന്റെ ആമുഖമാണ് ഈ വിലാപം.

**വിചിന്തനം** : ദൈവജനത്തിന്റെ നേതാവും പുരോഹിതനും ആരായിരിക്കണം എന്ന് കർത്താവു തന്നെ നിശ്ചയിക്കുന്നു. അത് ആരും സ്വമേധയാ ഏറ്റെടുക്കുന്നതല്ല (യോഹ. 15, 16; ഹെബ്രാ 5, 4). നേതാവാകാനുള്ള ശ്രമം എല്ലാ തലങ്ങളിലും ഇന്ന് പ്രകടമാകാറുണ്ട്. പ്രാർത്ഥനാഗ്രൂപ്പുകൾ മുതൽ രാഷ്ട്രീയപാർട്ടികൾ വരെ ഈ കിടമത്സരത്തിന്റെ വേദികളായിത്തീരുമ്പോൾ യഥാർത്ഥ നേതൃത്വത്തെക്കുറിച്ച് ഈ സംഭവങ്ങളിലൂടെ നല്കുന്ന പാഠങ്ങൾ വളരെ പ്രസക്തമാകുന്നു. എല്ലാവരുടെയും ശുശ്രൂഷകനും ദൈവതിരുമുമ്പിൽ മധ്യസ്ഥനുമായിരിക്കുകയാണ് നേതാവിന്റെയും പുരോഹിതന്റെയും കർത്തവ്യം. യേശുനാഥൻ തന്നെയാണ് ഇപ്രകാരമുള്ള നേതൃത്വത്തിന്റെ ഉത്തമമാതൃക (ലൂക്കാ 22, 25–27).

### c. ചില നിയമങ്ങൾ 18, 1–19, 22

തികച്ചും നാടകീയമായ സംഭവപരമ്പരകൾക്കു ശേഷം വീണ്ടും പൗരോഹിത്യത്തെയും ശുദ്ധീകരണത്തെയും സംബന്ധിച്ച ചില നിയമങ്ങൾ വിവരിക്കുന്നു. ഈ രണ്ട് അധ്യായങ്ങളും പുരോഹിതരചനയായി (P) കരുതപ്പെടുന്നു.

### പുരോഹിതരും ലേവ്യരും 18, 1–7

കർത്താവിന്റെ കൂടാരത്തെ സമീപിക്കുന്നവരെല്ലാം മരിക്കുന്നു (17, 13) എന്ന ജനത്തിന്റെ വിലാപത്തിനുള്ള മറുപടിയാണ് പുരോഹിതരെയും ലേവ്യരെയും സംബന്ധിച്ച നിയമങ്ങൾ (18, 1–7). വിശുദ്ധസ്ഥലത്തെ ശുശ്രൂഷകളുടെ ഉത്തരവാദിത്വം മുഴുവൻ പുരോഹിത

ന്മാരുടേതാണ്. അവർക്കു മാത്രമേ ബലിയർപ്പിക്കാനും തിരുപ്പാത്ര ങ്ങളെ സ്പർശിക്കാനും അവകാശമുള്ളൂ. പുരോഹിതാഭിഷേകം സ്വീകരിക്കാതെ അതിനു മുതിരുന്നവർ മരണശിക്ഷയ്ക്ക് ഇരയായി ത്തീരും. 'കർത്താവിനുള്ള ദാനമായി ലേവരെ പുരോഹിതന്മാർക്കു നല്കിയിരിക്കുന്നു' എന്ന പ്രസ്താവനയിൽ പുരോഹിതരും ലേവ്യരും തമ്മിലുള്ള ബന്ധവും വ്യത്യാസവും കർത്താവു തന്നെ നിശ്ചയിച്ച താണ് എന്ന സൂചന കാണാം (3, 5-10). പൗരോഹിത്യശുശ്രൂഷയും കർത്താവു നല്കുന്ന ദാനം തന്നെ. ദൈവജനത്തിന് കർത്താവു നിശ്ചയിച്ചിരിക്കുന്ന അധികാരക്രമം എല്ലാവരും മാനിക്കണം. ഓരോ രുത്തരെയും ഏല്പിച്ചിരിക്കുന്ന ദൗത്യം അസൂയയോ മാത്സര്യമോ കൂടാതെ വിശ്വസ്തതയോടെ നിർവ്വഹിക്കണം.

**പുരോഹിതരുടെയും ലേവ്യരുടെയും വിഹിതം 18, 8-32**

കർതൃശുശ്രൂഷയ്ക്കായി പ്രത്യേകം തിരഞ്ഞെടുക്കപ്പെട്ടവരാ കയാൽ പുരോഹിതർക്കും ലേവ്യർക്കും മറ്റു ഗോത്രങ്ങളെപ്പോലെ വാഗ്ദത്തഭൂമിയിൽ അവകാശമുണ്ടായിരിക്കുകയില്ല. സമയം മുഴു വൻ കർത്താവിന്റെ ശുശ്രൂഷയ്ക്കായി മാറ്റി വയ്ക്കുന്ന അവർക്കു മറ്റുള്ളവരെപ്പോലെ ഇതരജോലികളിൽ ഇടപെടാൻ സാധിക്കുകയി ല്ല. അതിനാൽ ദൈവജനം ദൈവത്തിനു സമർപ്പിക്കുന്ന ബലിവ സ്തുക്കളും കാഴ്ചകളുമായിരിക്കും പുരോഹിതരുടെയും കുടുംബാം ഗങ്ങളുടെയും ജീവസന്ധാരണത്തിനുള്ള വിഹിതം. ഇത് അലംഘ നീയമായ ഉടമ്പടി ആയിരിക്കും (18, 19). ''ഉപ്പു കൊണ്ടുള്ള ഉടമ്പടി'' എന്നാണ് ഹീബ്രുമൂലം. സാധനങ്ങൾ കേടുവരാതെ സൂക്ഷിക്കാ നുള്ള ഉപ്പിന്റെ കഴിവാണ് ഇവിടെ വിവക്ഷിക്കുന്നത്. ഈ ഉടമ്പടിക്ക് ഒരിക്കലും കോട്ടം തട്ടില്ല എന്നു കർത്താവ് ഉറപ്പു നല്കുന്നു.

''ഞാനാണ് നിന്റെ അവകാശവും ഓഹരിയും'' (18, 20) എന്ന പ്രഖ്യാപനം കർത്താവും പുരോഹിതരും തമ്മിലുള്ള പ്രത്യേക ബന്ധം എടുത്തു കാട്ടുന്നു. അവർക്ക് ആവശ്യമായതെല്ലാം കർത്താവു നല്കും. കർത്താവ് അവകാശമായുള്ളവന് യാതൊന്നിനും കുറവു ണ്ടാകുകയില്ല (സങ്കീ. 23, 1). ദൈവത്തിന്റെ വിശുദ്ധമായ സാന്നിധ്യം ജനത്തിനു മാരകമായിത്തീരാതിരിക്കാൻ ജനത്തിനും ദൈവത്തിനും

മധ്യേ ഒരു സംരക്ഷണവലയം പോലെ വർത്തിക്കുന്ന ലേവ്യർക്ക് ജനം തങ്ങളുടെ എല്ലാ ഉല്പന്നങ്ങളുടെയും ദശാംശം നല്കണം (18, 21-24). തങ്ങൾ സ്വീകരിക്കുന്ന ദശാംശത്തിന്റെ ദശാംശം അവർ ദൈവത്തിനു കാഴ്ച വയ്ക്കണം. കർത്താവിനുള്ള മറ്റു കാഴ്ചകൾ പോലെ ഇതും പുരോഹിതരുടെ അവകാശമായിരിക്കും. (18, 25-29).

വിചിന്തനം : ഭൗതിക കാര്യങ്ങളെ കുറിച്ചുള്ള വ്യഗ്രത കൂടാതെ ബലിയർപ്പണവും പ്രാർത്ഥനയും വഴി ദൈവതിരുമുമ്പിൽ ജനത്തിനുവേണ്ടി നിരന്തരം മാധ്യസ്ഥ്യം വഹിക്കാൻ സഹായിക്കുന്നതിനു വേണ്ടിയാണ് പുരോഹിതർക്കും ലേവ്യർക്കും ഈ പ്രത്യേക അവകാശങ്ങൾ നല്കിയിരിക്കുന്നത്. എന്നാൽ കാലക്രമത്തിൽ അവരിൽ ചിലർ ഈ അവകാശങ്ങളെ ദുരുപയോഗിച്ച് സമ്പന്നരായിത്തീർന്നു. യേശുവിന്റെ കാലത്ത് ഇസ്രായേലിലെ പ്രധാനപുരോഹിതൻ ഏറ്റം വലിയ ധനികനായിരുന്നു. നേർക്കാഴ്ചകളെയും ദശാംശത്തെയും മറ്റും കുറിച്ചുള്ള നിയമങ്ങൾ തങ്ങൾക്കിഷ്ടംപോലെ വ്യാഖ്യാനിച്ച് ഈ സംവിധാനങ്ങളെ അവർ ചൂഷണത്തിന്റെ ഉപകരണങ്ങളാക്കി; ദേവാലയം കവർച്ചക്കാരുടെ ഗുഹയാക്കിത്തീർത്തു. ഇതിനെതിരേ യേശു അതികഠിനമായ വിമർശനശരങ്ങലാണ് തൊടുത്തുവിട്ടത് (മത്താ. 15, 5-6; 21, 13; 23, 25). ബലിയർപ്പണം, പ്രാർത്ഥന, സുവിശേഷപ്രഘോഷണം തുടങ്ങിയ ദൈവികകാര്യങ്ങൾക്കായി മുഴുവൻ സമയം മാറ്റി വയ്ക്കുന്നവരെ പരിപാലിക്കാൻ ദൈവജനത്തിനു കടമയുണ്ട്. എന്നാൽ ഇവയൊക്കെ അലസതയ്ക്കു കാരണവും സ്വത്തു സമ്പാദനത്തിനുള്ള മാർഗ്ഗവുമായി അധഃപതിക്കാതെ, തങ്ങളുടെ ദൗത്യത്തോടു പൂർണ്ണമായ വിശ്വസ്തത പാലിക്കാൻ സമർപ്പിതർക്കും ഉത്തരവാദിത്വമുണ്ട്.

**ശുദ്ധീകരണം ജലം 19, 1-22**

മൃതശരീരത്തിന്റെ സാമീപ്യം മൂലം അശുദ്ധരായിത്തീരുന്നവരെ ശുദ്ധീകരിക്കുന്നതിന് ആവശ്യമായ ജലം തയ്യാറാക്കാൻ വേണ്ട ഒരു ചടങ്ങാണ് ഈ അധ്യായത്തിൽ വിവരിക്കുന്നത്. കുഷ്ഠരോഗത്തിൽ നിന്നു മുക്തി പ്രാപിച്ചവരുടെ ശുദ്ധീകരണം (ലേവ്യ 14, 3-9), പാതിവ്രത്യം തെളിയിക്കുന്ന ശാപജലം (സംഖ്യ 5, 22), ലേവ്യരെ ശുദ്ധീകരിക്കുന്ന പാപപരിഹാരജലം (സംഖ്യ 8, 7) മുതലായവയോട് ഇതിനു

സാമ്യമുണ്ട്. കാനാൻകാരുടെ ഇടയിൽ പ്രചാരത്തിലിരുന്ന മാന്ത്രീകച്ചുവയുള്ള ഒരാചാരം തങ്ങളുടെ വിശ്വാസത്തിന് അനുയോജ്യമായവിധം ഇസ്രായേൽക്കാർ അനുരൂപപ്പെടുത്തി എടുത്തതാണ് ഈ ചടങ്ങ് എന്നു കരുതപ്പെടുന്നു.

ചുവന്ന പശുക്കിടാവിനെ കൊന്ന്, ശവം ചുടുചാരമാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ 19, 1-10 ൽ നല്കിയിരിക്കുന്നു. പാളയത്തിനു പുറത്തുവച്ചു കൊന്ന്, തോലും ചാണകവുമടക്കം പൂർണ്ണമായി ദഹിപ്പിക്കുന്നതിനാൽ ഇതിനെ ഒരു ബലിയർപ്പണമായി കരുതാനാവില്ല. എന്നാലും മൃഗത്തിന്റെ രക്തം സമാഗമകൂടാരത്തിന്റെ നേർക്കു തളിക്കുന്നത് ബലിയുടെ ഒരു അനുരൂപണമാണ്. ചുവന്ന പശുക്കിടാവ്, ചുവന്ന നൂൽ എന്നിവ രക്തത്തിന്റെ നിറത്തെ സൂചിപ്പിക്കുന്നതിനാൽ പാപപരിഹാരബലിയോട് ഇതിനു സാമ്യമുണ്ട്.

പശുവിനെ കൊന്നു ചുട്ടവനും അതിന്റെ രക്തം തളിച്ച പുരോഹിതനും അശുദ്ധരായിത്തീർന്നു. എന്നാൽ മൃതശരീരത്താൽ അശുദ്ധരായിത്തീർന്നവർ ചാരം കലക്കിയ വെള്ളം തളിക്കുമ്പോൾ വീണ്ടും ശുദ്ധരാകുന്നു. അശുദ്ധരെ ശുദ്ധീകരിക്കാൻവേണ്ടി ഉപയോഗിക്കുന്നതിനാൽ അവരുടെ അശുദ്ധി മൃഗത്തിന്റെ ചാരത്തിലേയ്ക്കു മാറ്റപ്പെടുന്നു. അതിനാലാണ് മൃഗത്തെയും അതിന്റെ ചാരത്തെയും കൈകാര്യം ചെയ്യുന്നവരിലും അശുദ്ധി വ്യാപിക്കുന്നത്. തികച്ചും യാന്ത്രികമെന്നു തോന്നാവുന്ന ഈ ചിന്താഗതിക്കു പിന്നിലുള്ള ആഴമേറിയ സത്യമാണ് "അവനിൽ നാമെല്ലാവരും ദൈവത്തിന്റെ നീതിയാകേണ്ടതിന് പാപം അറിയാത്തവനെ ദൈവം നമുക്കുവേണ്ടി പാപമാക്കി" (2 കോറി 5, 21) എന്നു വി. പൗലോസ് പഠിപ്പിക്കുന്നത്.

ശവശരീരം, ശവകുടീരം, മൃതരുടെ അസ്ഥികൾ ഇവയെല്ലാം മനുഷ്യരെ അശുദ്ധരാക്കുന്നു. മാത്രമല്ല, വീട്ടിൽ വച്ച് ആരെങ്കിലും മരിച്ചാൽ ആ വീട്ടിലുള്ള സകലരും അവിടെയുള്ള സകല വസ്തുക്കളും അശുദ്ധമാകും. ഇവയെല്ലാം ശുദ്ധീകരിക്കുന്നതിന് പശുക്കിടാവിന്റെ ചാരം കലക്കിയ വെള്ളം തളിക്കണം (19, 11-19). അശുദ്ധരായിത്തീർന്നിട്ടും ശുദ്ധി നേടാൻ മനഃപൂർവ്വം വിസമ്മതിക്കുന്നവരെ സമൂഹത്തിൽ നിന്നു പുറത്താക്കണം എന്ന് (19, 20-22) നിർദ്ദേശിച്ചിരി

ക്കുന്നു. മൃതശരീരവുമായി ഏതെഹ്കിലും സമ്പർക്കത്തിൽ വരുന്നവരിലേക്ക് മരിച്ചവന്റെ ആത്മാവു പ്രവേശിച്ച് ദോഷം ചെയ്യും എന്ന കാഴ്ചപ്പാട് പല പുരാതന മതങ്ങളിലും നിലവിലിരുന്നു. ഈ ദോഷഫലം ഒഴിവാക്കാൻ വേണ്ടി രൂപകല്പന ചെയ്യപ്പെട്ട ഒരു ചടങ്ങായിരിക്കാം ഇവിടെ ഇസ്രായേലിന്റെ ഒരു ആചാരമായി മാറിയത്. ഗോമൂത്രവും ചാണകവെള്ളവും തളിച്ചു ശുദ്ധി വരുത്തുകയും പിശാചുബാധയിൽ നിന്ന് സംരക്ഷിക്കുകയും ചെയ്യുന്ന ചടങ്ങുകൾ ഭാരതത്തിൽ പരിചിതമാണല്ലോ. അശുദ്ധാരൂപിയെ അകറ്റി നിർത്താൻ വേണ്ടിയാണ് ചുവന്ന പശുക്കിടാവ്, ചുവന്ന നൂൽ തുടങ്ങിയവ ഉപയോഗിക്കുന്നതത്രേ. ചുവപ്പു നിറത്തോട് അശുദ്ധാത്മാക്കൾക്കു ഭയമാണ് എന്ന കാഴ്ചപ്പാടും ഇതിന്റെ പിന്നിലുണ്ടെന്നു കരുതുന്നു. ചടങ്ങിന്റെ ഉത്ഭവം എന്തുതന്നെ ആയാലും ദൈവജനം എപ്പോഴും വിശുദ്ധരായിരിക്കണം; അശുദ്ധരായാൽ ശുദ്ധി വീണ്ടെടുക്കണം എന്ന വിശ്വാസമാണ് ഇവിടെ വിവരിക്കുന്ന ചടങ്ങിലുള്ളത്.

അറിയാതെ ശവകുടീരങ്ങളെ സ്പർശിച്ച് ആരും അശുദ്ധരാകാതിരിക്കാൻ വേണ്ടി തിരിച്ചറിയത്തക്കവിധം അവയ്ക്കു വെള്ള പൂശുക യഹൂദരുടെ ഇടയിൽ പതിവായിരുന്നു. പുറമേ മനോഹരങ്ങളായി കാണപ്പെടുന്ന ശവകുടീരങ്ങൾ മനുഷ്യരെ അശുദ്ധരാക്കുന്ന അസ്ഥികൾ കൊണ്ടു നിറഞ്ഞിരിക്കുന്നു. വിശുദ്ധിയുടെ പുറംപൂച്ചു മാത്രമുള്ളവരെ ശവകുടീരങ്ങളോടാണ് യേശു ഉപമിച്ചത് (മത്താ. 23, 27-28). മൃതശരീരങ്ങളെ സ്പർശിക്കുന്നത് ആരെയും അശുദ്ധനാക്കും എന്ന് യേശു കരുതിയില്ല. (ലൂക്കാ 7, 14; 8, 54; യോഹ 11, 38).

**വിചിന്തനം** : മൃതശരീരമോ അസ്ഥികളോ അല്ല, കാപട്യവും അനീതിയും നിറഞ്ഞ ഹൃദയമാണ് ഒരുവനെ അശുദ്ധനാക്കുന്നത്. മരിച്ചവരുടെ ആത്മാക്കൾ ദൈവകരങ്ങളിലാണ് (ജ്ഞാനം 3, 1; വെളി. 7, 13-17; 14, 13). അവ എങ്ങും ചുറ്റിത്തിരിയുന്നില്ല, ആരെയും ബാധിക്കുന്നുമില്ല. അതിനാൽ മൃതശരീരങ്ങളെയോ ശവകുടീരങ്ങളെയോ സമീപിക്കാൻ ആരും ഭയപ്പെടേണ്ടതില്ല. പശുക്കിടാവിന്റെ ചാരം കലക്കിയ വെള്ളം ക്രൂശിതന്റെ തിരുവിലാവിൽ നിന്നൊഴുകിയ രക്തത്തിന്റെയും വെള്ളത്തിന്റെയും മുന്നോടിയും പ്രതീകവുമായിരുന്നു (ഹെബ്രാ. 9, 13). കൃപയുടെ നീർച്ചാലുകളായ കൂദാശകളിലൂടെ

നാഥൻ ഇന്നു നമ്മെ ശുദ്ധീകരിക്കുന്നു.

## ചോദ്യങ്ങൾ

1. വസ്ത്രത്തിന്റെ വിളുമ്പിൽ തൊങ്ങലും നാടയും പിടിപ്പിക്കാൻ നിർദ്ദേശിച്ചത് എന്തിനു വേണ്ടി? ഈ നിയമത്തിന് ഇന്ന് എന്തു പ്രസക്തിയുണ്ട്?

2. മോശയ്ക്കും അഹറോനും എതിരേ എന്ത് ആരോപണങ്ങളാണ് കോറഹും കൂട്ടരും ഉന്നയിച്ചത്?

3. പൗരോഹിത്യത്തെക്കുറിച്ച് എന്തു പാഠമാണ് 16-17 അധ്യായങ്ങളിൽ നിന്നു ലഭിക്കുന്നത്?

4. പുരോഹിതരുടെയും ലേവ്യരുടെയും അവകാശങ്ങളെക്കുറിച്ചുള്ള നിയമങ്ങൾ എന്തു സന്ദേശമാണ് നല്കുന്നത്?

5. എന്താണ് ശുദ്ധീകരണജലം? അതു സൂചിപ്പിക്കുന്ന യഥാർത്ഥ്യം എങ്ങിനെയാണ് പൂർത്തിയായത്?

**ചർച്ചയ്ക്ക്** : "ഞാനാണ് നിന്റെ അവകാശവും ഓഹരിയും". നിങ്ങളുടെ ജീവിതത്തിൽ ഈ തിരുവചനത്തിന് എന്തു പ്രസക്തിയുണ്ട്?

**പ്രാർത്ഥന** : 16-ാം സങ്കീർത്തനം ഉപയോഗിച്ചു പ്രാർത്ഥിക്കുക.

## 4. മൊവാബു സമതലത്തിലേക്ക് 20, 1-22, 1.

പുറപ്പാടു ചരിത്രത്തിലെ മൂന്നാമത്തേതും അവസാനത്തേതുമായ യാത്രാവിവരണമാണ് ഇവിടെ അവതരിപ്പിക്കുന്നത്. ആദ്യത്തെ യാത്ര ഈജിപ്തു മുതൽ സീനായ് വരെയും (പുറ 13-19), രണ്ടാമത്തേത് സീനായ് മുതൽ കാദെശ് വരെയും (സംഖ്യ 11-14) ആയിരുന്നു. കാദെശ് മുതൽ മൊവാബു സമതലം വരെയാണ് മൂന്നാംഘട്ടം (സംഖ്യ 20-21). ഈ മൂന്നു വിവരണങ്ങളിലും സമാനമായ സംഭവങ്ങൾ വിവരിച്ചിട്ടുണ്ട്. ശത്രുക്കളുമായുള്ള പോരാട്ടം (പുറ 14; 17, 8-16; സംഖ്യ 4, 39-45; 21, 1-35); ഭക്ഷണത്തെക്കുറിച്ചുള്ള പരാതിയും അതിനു കർത്താവിന്റെ മറുപടിയും (പുറ. 16-17; സംഖ്യ 11; 20, 2-13);

വിശ്വാസത്തിന്റെ ആവശ്യകത (പുറ. 14, 31; സംഖ്യ 14, 11; 20, 12); മോശ, അഹറോൻ, മിരിയാം എന്നിവരുടെ നേതൃത്വം (പുറ 15, 20-21; സംഖ്യ 12; 20) എന്നിവ മൂന്നു വിവരണങ്ങളിലും പരാമർശവിഷയമാകുന്നു.

എന്നാൽ യാത്രയുടെ സ്വഭാവത്തിൽ മൂന്നു വിവരണങ്ങളും തമ്മിൽ വ്യത്യാസമുണ്ട്. ഈജിപ്തിന്റെ മേൽ അത്ഭുതകരമായ വിജയം വരിച്ചുകൊണ്ടാണ് ആദ്യത്തെ യാത്ര ആരംഭിച്ചത്. കടൽ കടന്ന്, സ്തോത്രഗീതങ്ങളാലപിച്ചുകൊണ്ട് മരുഭൂമിയിലേക്കു പ്രവേശിച്ച ജനം താമസിയാതെ പരാതിപ്പെടാൻ തുടങ്ങി. രണ്ടാമത്തെ യാത്രയും സന്തോഷത്തോടെ ആരംഭിച്ചു. സീനായ്മലയിൽ നിന്നു കർത്താവിന്റെ സംരക്ഷണത്തിൻകീഴിൽ അണിയണിയായി നീങ്ങിയവർ കർത്താവിനും അവിടുന്നു നിയോഗിച്ച നേതാക്കന്മാർക്കും എതിരേ കലാപത്തിനു മുതിർന്നു. പരാജയത്തിലും നിരാശയിലുമാണ് യാത്രയുടെ രണ്ടാംഘട്ടം അവസാനിച്ചത്.

മൂന്നാംഘട്ടമാകട്ടെ ശോകമൂകമായ അന്തരീക്ഷത്തിലാണ് ആരംഭിക്കുന്നത്. മിരിയാമിന്റെ മരണം രേഖപ്പെടുത്തിക്കൊണ്ട് തുടങ്ങുന്ന ഈ ഘട്ടത്തിന്റെ വിവരണത്തിൽ മോശയുടെയും അഹറോന്റെയും അവിശ്വസ്തതയും അതിനുള്ള ശിക്ഷയും പ്രതിപാദിക്കുന്നു. തുടർന്ന് യാത്രയിലെ പ്രതിബന്ധങ്ങളും അഹറോന്റെ മരണവുമാണ് വിവരിക്കുന്നത്. എന്നാൽ ഈ ഘട്ടം അവസാനിക്കുമ്പോഴേക്കും ജനം നിർണ്ണായകമായ പല വിജയങ്ങളും നേടിക്കഴിഞ്ഞു.

**a. മോശയുടെ പാപം 20, 1-13**

ഇസ്രായേൽ ജനത്തെ ഈജിപ്തിലെ അടിമത്തത്തിൽ നിന്നു മോചിപ്പിച്ച് കാനാൻദേശത്തേക്കു നയിക്കാനായി ദൈവം പ്രത്യേകം തിരഞ്ഞെടുത്തത് ഒരുക്കി നിയോഗിച്ച നേതാവായ മോശയ്ക്കു എന്തുകൊണ്ട് വാഗ്ദത്തഭൂമിയിൽ പ്രവേശിക്കാൻ കഴിയാതെ പോയി എന്ന ചോദ്യത്തിന് ഇവിടെ വിവരിക്കുന്ന സംഭവം ഉത്തരം നല്കുന്നു. സിൻമരുഭൂമിയിലെ കാദെശിൽ വച്ചു മിരിയാം മരിച്ചു എന്ന കാര്യമാത്ര പ്രസക്തമായ പ്രസ്താവനയോടെയാണ് (20, 1) വിവരണം ആരംഭിക്കുന്നത്. ''ഒന്നാം മാസം'' എന്ന കാലസൂചന ഈജിപ്തിൽ നിന്നു

പുറപ്പെട്ടതിന്റെ നാല്പതാംവർഷം ഒന്നാം മാസത്തെ സൂചിപ്പിക്കുന്നു. കാദെശിൽ വച്ചായിരുന്നു നിർണ്ണായകമായ വിശ്വാസത്യാഗം സംഭവിച്ചത് (സംഖ്യ 13-14). ദീർഘകാലത്തെ അലച്ചിലിനു ശേഷം ജനം വീണ്ടും കാദെശിൽ തിരിച്ചെത്തി പാളയമടിച്ചു.

മരുഭൂമിയിൽ വച്ചു കുടിനീരുകിട്ടാതെ വലഞ്ഞ ജനത്തിന് ദൈവം അത്ഭുതകരമായി പാറയിൽ നിന്നു ജലം നല്കിയ ഒരു സംഭവം പുറ 17, 1-7ൽ വിവരിച്ചിട്ടുണ്ട്. ആ സംഭവത്തിന്റെ തന്നെ മറ്റൊരു വിവരണമാണ് ഇവിടെ നല്കിയിരിക്കുന്നത് എന്നു വ്യാഖ്യാതാക്കൾ കരുതുന്നു. രണ്ടു വിവരണങ്ങളുടെയും പൊതുവായ നീക്കത്തിൽ സാമ്യമുണ്ടെങ്കിലും വിശദാംശങ്ങളിൽ വ്യത്യാസമുണ്ട്. വാഗ്ദത്തഭൂമിയിൽ പ്രവേശനം നിഷേധിക്കപ്പെടാൻ മാത്രം വലിയ എന്തു തെറ്റാണ് മോശ ചെയ്തത് എന്ന് ഒറ്റവായനയിൽ വ്യക്തമാവുകയില്ല. ഇതിനെകുറിച്ച് വ്യാഖ്യാതാക്കളുടെ ഇടയിൽ ഇന്നും അഭിപ്രായവ്യത്യാസം നിലനില്ക്കുന്നുണ്ട്. രണ്ടു വിവരണങ്ങളും തമ്മിലുള്ള വ്യത്യാസങ്ങളിൽ നിന്ന് മോശയുടെ പാപത്തെക്കുറിച്ച് ചില നിഗമനങ്ങളിൽ എത്താൻ കഴിയും, ആദ്യത്തേതിൽ മോശ കർത്താവിന്റെ കല്പന അതേപടി അനുസരിച്ചു. എന്നാൽ രണ്ടാമത്തേതിൽ ചില പിഴവുകൾ വരുത്തി.

പാറയിൽ നിന്നു വെള്ളം പുറപ്പെടുവിച്ച് ജനത്തിനും മൃഗങ്ങൾക്കും കുടിക്കാൻ കൊടുക്കുക (20, 9) എന്ന കല്പനയിൽ കർത്താവിന്റെ കരുണയാണ് പ്രകടമാകുന്നത്. എന്നാൽ കർത്താവിനെയോ അവിടുത്തെ കരുണയെയോ കുറിച്ച് ഒരു വാക്കുപോലും പറയാതെ "ധിക്കാരികളേ" എന്നു വിളിച്ച് അവരെ ശാസിക്കുകയാണു മോശ ചെയ്തത്. "നിങ്ങൾക്കു വേണ്ടി ഈ പാറയിൽ നിന്നു ഞങ്ങൾ വെള്ളം പുറപ്പെടുവിക്കണമോ" എന്ന ചോദ്യത്തിൽ സ്വന്തം ശക്തി കൊണ്ടു പ്രവർത്തിക്കുന്ന അത്ഭുതമാണ് പ്റയിൽ നിന്നു വെള്ളം പുറപ്പെടുവിക്കുന്നത് എന്ന ധ്വനിയുണ്ട്. പാറയോട് ആജ്ഞാപിക്കാനായിരുന്നു കർത്താവ് ആവശ്യപ്പെടുന്നത്. അതിനുപകരം മോശ ഒന്നല്ല, രണ്ടു തവണ പാറയിൽ വടി കൊണ്ട് അടിച്ചു. "കർത്താവിന്റെ വിശുദ്ധി പ്രകടമാകത്തക്കവിധം ദൃഢമായി വിശ്വസിച്ചില്ല" എന്ന് മോശയ്ക്കും അഹറോനും എതിരേ കുറ്റം ആരോപിക്കുന്നു

മുണ്ട് (20, 12). കർത്താവിന്റെ കരുണയുടെ ഉപകരണങ്ങളാകുന്ന തിനു പകരം സ്വന്തം മഹത്വം തേടുകയും അവിടുത്തെ ശക്തിയിൽ സംശയിക്കുകയും ചെയ്തതാണ് മോശയുടെ തെറ്റ് എന്ന് ഈ വിശ ദാംശങ്ങളിൽ നിന്ന് അനുമാനിക്കാം.

സ്ഥലപ്പേരിന്റെ കാര്യത്തിലും രണ്ടു വിവരണങ്ങളും തമ്മിൽ വ്യത്യാസമുണ്ട്. ജനം കർത്താവിനോടു കലഹിക്കുകയും അവിടുത്തെ പരീക്ഷിക്കുകയും ചെയ്തതിനാൽ മാസാ എന്നും മെരീബാ എന്നും പേരുണ്ടായി എന്ന് പുറ 17, 7ൽ വിശദീകരിക്കുന്നു. "പരീക്ഷിക്കൽ" എന്നാണ് "മാസാ" എന്ന ഹീബ്രുവാകികന് അർത്ഥം, "മെരീബാ" എന്ന വാക്കിന് "കലഹിക്കൽ" എന്നും. സംഖ്യ 20, 13ൽ മെരീബാ എന്ന പേരു മാത്രമേ കൊടുത്തിട്ടുള്ളൂ. ജനം കർത്താവിനോടു കല ഹിച്ചതിനാലാണ് ഈ പേരുണ്ടായത് എന്ന് ഇവിടെയും വിശദീകരി ക്കുന്നു. മോശയുടെയും അഹറോന്റെയും അവിശ്വസ്തതയെക്കു റിച്ചുള്ള പ്രതിപാദനം അവർക്കു വാഗ്ദത്തഭൂമിയിൽ പ്രവേശിക്കാൻ കഴിയാതെ പോയതിന്റെ വിശദീകരണമായി പുരോഹിതഗ്രന്ഥകാരൻ (P) കൂട്ടിച്ചേർത്തതാണെന്ന് ഇതിൽ നിന്നെല്ലാം വ്യാഖ്യാതാക്കൾ അനു മാനിക്കുന്നു.

**വിചിന്തനം** : എത്ര വലിയ വിശുദ്ധർക്കും വീഴ്ചകൾ സംഭവിക്കാം. വിശുദ്ധിയിൽ ഉയരുംതോറും അഹങ്കാരത്തിനും പതനത്തിനും സാധ്യത കൂടുന്നു. തന്നിലൂടെ മാത്രമേ രക്ഷ കൈവരൂ എന്ന് ആരും കരുതേണ്ടതില്ല. മോശയ്ക്കു പകരം ജോഷ്വായെ തിരഞ്ഞെടുത്ത കർത്താവ് തന്റെ പദ്ധതി നടപ്പിലാക്കാൻ വേണ്ടി വിശ്വസ്ത ദാസരെ എന്നും തിരഞ്ഞെടുക്കും. സഭാസമൂഹത്തിൽ പ്രത്യേകമായ ഉത്തര വാദിത്വം ലഭിച്ചിട്ടുള്ളവർ കൂടുതൽ എളിമയോടും ജാഗ്രതയോടും കൂടെ കർത്താവിനോടു വിശ്വസ്തത പാലിക്കാൻ കടപ്പെട്ടിരിക്കുന്നു. "അധികം ലഭിച്ചവരിൽ നിന്ന് അധികം ആവശ്യപ്പെടും" (ലൂക്കാ 12, 48).

**b. മാർഗ്ഗതടസ്സം 20, 14–21**

തെക്കുഭാഗത്തു നിന്ന് ആക്രമിച്ച് കാനാൻദേശം കീഴടക്കാൻ നടത്തിയ ശ്രമം പണ്ടേ പരാജയപ്പെട്ടതിനാലാവാം ജനം കിഴക്കുഭാ

ഗത്തു നിന്ന് ആക്രമണത്തിന് ഒരുങ്ങിയത്. ജോർദ്ദാൻ നദിയുടെ കിഴക്കേ കരയിൽ എത്താൻ കാദെശിൽ നിന്നുള്ള എളുപ്പവഴി ഏദോമ്യരുടെ രാജ്യത്തിലൂടെ ആയിരുന്നു. അവരുമായി ഒരു ഏറ്റുമുട്ടലിനു തയ്യാറാകാതെ രാജപാതയിലൂടെ കടന്നുപോകാൻ മോശ ദൂതന്മാർ വഴി അനുവാദം ചോദിച്ചു. ഏസാവിന്റെ സന്തതികളാണ് ഏദോമ്യർ. അതിനാൽ അവർ യാക്കോബിന്റെ സന്തതികളായ ഇസ്രായേൽക്കാരുടെ സഹോദരങ്ങളാണ് (ഉൽപ 36, 1). ഈ ബന്ധത്തെ അനുസ്മരിപ്പിക്കുകയും തങ്ങളുടെ യാതനകളുടെ ചരിത്രം ചുരുക്കമായി അവതരിപ്പിക്കുകയും ചെയ്തുകൊണ്ട് ഏദോമ്യരുടെ അനുകമ്പ പിടിച്ചുപറ്റാൻ മോശ ശ്രമിച്ചു. എന്നാൽ ഏദോം രാജാവ് യാത്രാനുമതി നിഷേധിക്കുക മാത്രമല്ല, വലിയൊരു സൈന്യവുമായി അവരെ നേരിടാൻ ഒരുങ്ങറി പുറപ്പെടുകയും ചെയ്തു. അതിനാൽ ഏദോമ്യരുടെ രാജ്യത്തെ ചുറ്റിയാണ് ഇസ്രായേൽക്കാർ യാത്ര തുടർന്നത്. ഈ യാത്രയെക്കുറിച്ച് നിയ 2, 1-8ൽ പ്രതിപാദിച്ചിട്ടുണ്ട്.

### c. അഹറോന്റെ മരണം 20, 22-29

ഈജിപ്തിൽ നിന്നു പുറപ്പെട്ടതിന്റെ 40-ാം വർഷം അഞ്ചാം മാസം, 123-ാം വയസിലാണ് അഹറോൻ മരിച്ചത് എന്ന് സംഖ്യ 33, 38-38ൽ രേഖപ്പെടുത്തിയിട്ടുണ്ട്. അഹറോന്റെ മരണസ്ഥലമായ ഹോർമല എവിടെയാണ് എന്നതിനെക്കുറിച്ച് തർക്കമുണ്ട്. പരമ്പരാഗതമായി ചൂണ്ടിക്കാട്ടുന്നത് ജേബെൽ ഹറൂൻ (അഹറോന്റെ മല) എന്നറിയപ്പെടുന്ന ഏകദേശം 1500 മീറ്റർ ഉയരമുള്ള മലയാണ്. ആ മലയുടെ മുകളിൽ അഹറോന്റേത് എന്നു പറയപ്പെടുന്ന ശവകുടീരമുണ്ട്. ഇപ്പോൾ അത് ഒരു മോസ്കാണ്. ഈ മല പണ്ടത്തെ ഏദോം രാജ്യത്തിനുള്ളിലാണെന്നും അതിനാൽ കാദെശിൽ നിന്ന് ഏകദേശം 25 കിലോമീറ്റർ വടക്ക്, ഏദോമിന്റെ അതിർത്തിയിലുള്ള ജേബെൽമദുരാ എന്നറിയപ്പെടുന്ന മലയിൽവച്ചാണ് അഹറോൻ മരിച്ചതെന്നും ആധുനിക ബൈബിൾ വ്യാഖ്യാതാക്കൾ കരുതുന്നു.

സ്ഥലം ഏതായാലും വാഗ്ദത്തഭൂമിയ്ക്കു പുറത്തു വച്ച് അഹറോൻ മരിച്ചു എന്നതാണ് പ്രധാനം. മെരീബായിലെ അവിശ്വസ്തതയ്ക്കുള്ള ശിക്ഷയായി അതിനെ വി. ഗ്രന്ഥകാരൻ വ്യാഖ്യാനിക്കു

ന്നു. മരിക്കുന്നതിനു മുമ്പേ, കർത്താവിന്റെ കല്പനയനുസരിച്ച് അഹറോന്റെ പുരോഹിതവസ്ത്രങ്ങൾ (പുറ 28) മകൻ എലെയാസറിനെ ധരിപ്പിച്ചുകൊണ്ട് മോശ അയാളെ പ്രധാന പുരോഹിതനായി വാഴിച്ചു. മുപ്പതു ദിവസത്തെ ദുഃഖാചരണം അഹറോനു സമൂഹത്തിലുണ്ടായിരുന്ന സമുന്നതസ്ഥാനത്തിന്റെ സൂചനയാണ്. മോശയ്ക്കു വേണ്ടിയും ഇതുപോലൊരു ദുഃഖാചരണം നടത്തിയതായി നിയ 34, 8ൽ രേഖപ്പെടുത്തിയിട്ടുണ്ട്.

**വിചിന്തനം** : ഓരോരുത്തരും തന്താങ്ങളുടെ പാപത്തിനുള്ള ശിക്ഷയനുഭവിക്കേണ്ടി വരും. എന്നാൽ വ്യക്തികളുടെ പാപവും അവിശ്വസ്തതയും സമൂഹത്തിനു മുഴുവൻ നാശകാരണമാകാൻ കർത്താവ് അനുവദിക്കുന്നില്ല. അഹറോന്റെ പൗരോഹിത്യം പിതാവിൽ നിന്നു പുത്രനിലേക്കു തലമുറതോറും കൈമാറപ്പെട്ടു. അങ്ങനെ ഇസ്രായേൽ സമൂഹത്തിൽ പൗരോഹിത്യം നിലനിന്നു. എന്നാൽ നിത്യപുരോഹിതനായ യേശുക്രിസ്തുവിന്റെ ആഗമനത്തോടെ അഹറോന്റെ പൗരോഹിത്യം കാലഹരണപ്പെട്ടു. പ്രധാന പുരോഹിതനായ യേശു എന്നേയ്ക്കും പുരോഹിതനായിത്തന്നെ തുടരുന്നു (ഹെബ്രാ 7, 23-25).

### d. പിച്ചളസർപ്പം 21, 1-9

ഹോർമലയിൽ നിന്നുള്ള യാത്ര വിവരിക്കുന്നതിനുമുമ്പേ കാനാന്യനായ ആരാദിലെ രാജാവുമായുണ്ടായ ഒരു യുദ്ധത്തിന്റെ ലഘു വിവരണം (21, 1-3)ര ഇടയ്ക്കു ചേർത്തതു പോലെ നില്ക്കുന്നു. 14, 45ൽ പറഞ്ഞുവച്ച് പരാജയവുമായി ബന്ധപ്പെടുത്തി ഇതിനെ കാണണം. പരാജയവും (21, 1) വിജയവും (21, 3) തമ്മിൽ ചുരുങ്ങിയത് ഒരു തലമുറയുടെ അകലമുണ്ട്. രണ്ടു സംഭവങ്ങൾ ഇവിടെ ഒരുമിച്ചു വിവരിച്ചിരിക്കുന്നു. "നാശം" എന്നർത്ഥമുള്ള "ഹോർമാ" എന്ന സ്ഥലപ്പേരിന്റെ വിശദീകരണമായിട്ടാണ് ഈ വിവരണം നല്കിയിരിക്കുന്നത്. ആദ്യയുദ്ധത്തിൽ പരാജിതരായ ജനം നേരുന്ന നേർച്ചയിൽ "നിശ്ശേഷം നശിപ്പിക്കും" എന്ന പ്രതിജ്ഞയ്ക്ക് 'ഒരു സമ്പൂർണ്ണ ദഹനബലിപോലെ കർത്താവിനു സമർപ്പിക്കും' എന്ന ധ്വനിയുണ്ട്. കർത്താവിന്റെ സഹായത്താൽ ലഭിക്കുന്ന വിജയത്തിൽ നിന്നു കൊള്ള

മുതലായി ഒന്നും എടുക്കാതെ പൂർണ്ണമായി കർത്താവിനു സമർപ്പി ക്കുന്നു. ഇവിടെ മോശയുടെ മാധ്യസ്ഥ്യത്തെക്കുറിച്ച് യാതൊരു സൂചനയുമില്ല. ജനം നേരിട്ട് കർത്താവിനോട് പ്രാർത്ഥിക്കുകയും നേർച്ച നേരുകയും ചെയ്യുന്നു.

ഒരു പട്ടണത്തിലെ മുഴുവൻ ജനത്തെയും ഉന്മൂലനം ചെയ്യുന്ന ഈ പ്രവൃത്തി ‘‘ശത്രുക്കളെ സ്നേഹിക്കുവിൻ’’ എന്ന പുതിയ നിയ മപഠനത്തിന്റെ വെളിച്ചത്തിൽ തികച്ചും അസ്വീകാര്യമാണ്. കർത്താ വിനെ ആരാധിക്കുന്ന തങ്ങൾ മാത്രം ദൈവത്തിന്റെ തിരഞ്ഞെടുക്ക പ്പെട്ട ജനവും അന്യദൈവന്മാരെ ആരാധിക്കുന്ന ഇതരജനതകൾ കർത്താവിന്റെ ശത്രുക്കളും ആണെന്ന കാഴ്ചപ്പാട് ഇസ്രായേലിൽ നിലനിന്ന സാഹചര്യത്തിലാണ് ഇപ്രകാരമുള്ള നേർച്ചകൾ സാധ്യമാ യത്. എന്നാൽ ആമോസ് (9, 7), ഏശയ്യാ (42, 7) തുടങ്ങിയ പ്രവാച കന്മാരിലൂടെ ഈ ധാരണ തിരുത്തി കുറിക്കുന്നതായി കാണാം.

യാത്രാമധ്യേയുള്ള ജനത്തിന്റെ പിറുപിറുപ്പും അതിനുള്ള ശിക്ഷയും അവസാനമായി 22, 4-9ൽ രേഖപ്പെടുത്തിയിരിക്കുന്നു. പരാ തി, ശിക്ഷ, പശ്ചാത്താപം, മോശയുടെ മാധ്യസ്ഥ്യം, മാപ്പ് എന്നീ അഞ്ചു ഘടകങ്ങളും ഈ വിവരണത്തിലുണ്ട്. രുചിരകരമായ ഭക്ഷണത്തിനും ദാഹജലത്തിനും വേണ്ടിയാണ് ഇത്തവണയും ജനം മുറവിളി കൂട്ടു ന്നത്. ‘‘മന്നാ’’ യെ വിലകെട്ട അപ്പം എന്നു വിശേഷിപ്പിക്കുന്നത് ദൈവം സൗജന്യമായി നല്കുന്ന ദാനത്തെ പുച്ഛിച്ചു തള്ളിക്കളയലാണ്. ഈജിപ്തിലേക്കു തിരിച്ചുപോവുകയാണു മെച്ചം എന്ന ചിന്തയും ഈ പരാതികളിൽ പ്രതിധ്വനിക്കുന്നു. ശിക്ഷയായി അയച്ച സർപ്പങ്ങ ളുടെ കടിയ്റ്റവർക്കു ദേഹത്തു പൊള്ളലേറ്റതുപോലുള്ള വീക്കവും വേദനയും ഉണ്ടായതിനാലാവാം അവയെ ‘‘ആഗ്നേയസർപ്പങ്ങൾ’’ എന്നു വിശേഷിപ്പിക്കുന്നത്. ശിക്ഷയേറ്റപ്പോൾ പശ്ചാത്തപിച്ച്, പാപം ഏറ്റു പറഞ്ഞ ജനത്തിന്, മോശയുടെ മാധ്യസ്ഥ്യം സ്വീകരിച്ചു കൊണ്ട് കർത്താവ് മാപ്പു നല്കി.

തങ്ങളുടെ അവിശ്വസ്തതയേയും അതിനു ലഭിച്ച ശിക്ഷയേയും ജനത്തെ അനുസ്മരിപ്പിക്കുന്നതിനായി പിച്ചള കൊണ്ടു സർപ്പത്തെ ഉണ്ടാക്കി വടിയിൽ ഉയർത്തി നിർത്താൻ കർത്താവ് കല്പിച്ചു. സർപ്പ

ദംശനമേറ്റവർ പിച്ചള സർപ്പത്തെ നോക്കി രക്ഷ പ്രാപിച്ചു. സർപ്പമല്ല, ദൈവമാണ് അവർക്കു ജീവൻ നല്കിയത്.

യാതൊന്നിന്റെയും പ്രതിമയുണ്ടാക്കരുത് എന്ന കല്പനയ്ക്ക് (പുറ 20, 4-5) ഒരു വ്യാഖ്യാനമായി പിച്ചളസർപ്പത്തെ ഉണ്ടാക്കുന്നതിനുള്ള നിർദ്ദേശത്തെ കരുതാനാവും. "ആരാധിക്കാൻ വേണ്ടി വിഗ്രഹമുണ്ടാക്കരുത്" എന്നാണ് പ്രമാണത്തിന്റെ അർത്ഥം. സാക്ഷ്യപേടകത്തിനു മുകളിലെ കെരൂബുകൾ (പുറ 25, 18), സോളമൻ പണികഴിപ്പിച്ച ദേവാലയത്തിലെ പ്രതിമകൾ (1 രാജാ 6, 23-36; 7, 25) മുതലായവയും പ്രതിമകളെ സംബന്ധിച്ച ബൈബിളിന്റെ കാഴ്ചപ്പാടിന് ഉദാഹരണങ്ങളാണ്. എന്നാൽ, പിച്ചളസർപ്പം പില്ക്കാലത്ത് ആരാധനയ്ക്കു വിഷയമായതിനാൽ ഹെസെക്കിയാ രാജാവ് അതു തകർത്തുകളഞ്ഞു (2 രാജാ 18, 4). പ്രതിമകൾ ഉണ്ടാക്കുന്നതിനെയല്ല, അതിനെ ആരാധിക്കുന്നതിനെയാണ് കല്പനയിലൂടെ മുടക്കിയിരിക്കുന്നത്.

**വിചിന്തനം** : സർപ്പദംശനമേറ്റവർക്കു രക്ഷ നല്കാനായി മോശ ഉയർത്തിയ പിച്ചളസർപ്പം പാപത്തിൽ നിന്നു മനുഷ്യവർഗ്ഗത്തിനു രക്ഷ നല്കാനായി കുരിശിൽ ഉയർത്തപ്പെട്ട യേശുവിന്റെ പ്രതീകമാണ് (യോഹ. 3, 14). വിശ്വാസത്തോടെ അവനെ സമീപിക്കുന്ന സകലർക്കും രക്ഷ ലഭിക്കും.

### e. വിജയത്തിന്റെ തുടക്കം 21, 10-22, 1

ദീർഘമായ അലച്ചിലിനും അനേകം പരാജയങ്ങൾക്കും ശേഷം വാഗ്ദത്തഭൂമിയിലേക്ക് അതിവേഗം നീങ്ങുന്ന ഒരു ജനത്തിന്റെ ചിത്രമാണ് ഈ അധ്യായങ്ങളിൽ അവതരിപ്പിക്കുന്നത്. യാത്രയിലെ ഇടത്താവളങ്ങളെക്കുറിച്ചുള്ള പരാമർശങ്ങൾക്കു മധ്യേ (21, 10-20) അതിപുരാതനങ്ഹളായ രണ്ടു പദ്യങ്ങൾ (20, 15. 17-18) ചേർത്തിരിക്കുന്നു. താവളങ്ങളെ കുറിച്ചു വീണ്ടും സംഖ്യ 33, 41-49ൽ പ്രതിപാദിക്കുന്നുണ്ട്. ഇവിടെ പേരെടുത്തു പറയുന്ന സ്ഥലങ്ഹൾ ഏവയെന്നു നിർണ്ണയിക്കുക എളുപ്പമല്ല. എല്ലാം ചാവു കടലിനു കിഴക്കു സ്ഥിതി ചെയ്യുന്നു; ഇന്ന് ഇവയൊക്കെ ജോർദ്ദാൻ രാജ്യാതിർത്തിക്കുള്ളിലാണ്.

ഏദോമ്യരുടെയും മൊവാബ്യരുടെയും രാജ്യങ്ങളെ വേർതി

രിക്കുന്ന അതിരാണ് സെരെദ് അരുവി (21, 12). അതു കിഴക്കു നിന്നു പടിഞ്ഞാറോട്ട് ഒഴുകി ചാവുകടലിന്റെ തെക്കെ അറ്റത്തു ചെന്നു ചേരുന്നു. അവിടെ നിന്ന് ഏകദേശം 50 കിലോമീറ്റർ വടക്ക് സെറെദ് അരുവിക്കു സമാന്തരമായി ഒഴുകി ചാവുകടലിൽ പതിക്കുന്ന നദിയാണ് ആർനോൺ (21, 13). ഇസ്രായേൽക്കാർ ആരംഭകാലത്തു നേടിയ വിജയങ്ങളെ പ്രകീർത്തിക്കുന്ന പാട്ടുകളുടെ സമാഹാരമാണ് ''കർത്താവിന്റെ യുദ്ധത്തിന്റെ ഗ്രന്ഥം'' (21, 14) എന്നു കരുതപ്പെടുന്നു. ഇപ്രകാരമൊരു ഗ്രന്ഥം കണ്ടു കിട്ടിയിട്ടില്ല. ഒരു മുന്നേറ്റത്തിന്റെ കഥയാണ് ആദ്യത്തെ പാട്ടിന്റെ (21, 15) ഇതിവൃത്തം. അർനോൺ നദീതീരത്തു സ്ഥിതി ചെയ്തിരുന്ന ഒരു നഗരമായ ''ആർ'' ഒരു കാലത്ത് മൊവാബ്യരുടെ തലസ്ഥാനമായിരുന്നു.

സമൃദ്ധമായി ജലം നിറഞ്ഞ കിണറിനെ പുകഴ്തിത്പ്പാടുന്നതാണ് രണ്ടാമത്തെ പാട്ട് (21, 16-17). കിണർ എന്നാണ് ''ബേർ'' എന്ന പദത്തിന്റെ അർത്ഥം. ഗോത്രത്തലവന്മാരുടെ നേതൃത്വത്തിൽ കുഴിച്ചതാണ് ഈ കിണർ എന്ന് ''ചെങ്കോലും ദണ്ഡും'' സൂചിപ്പിക്കുന്നു. ചാവുകടലിന്റെ കിഴക്കെ തീരത്ത് ഉയർന്നു നില്ക്കുന്ന അബാറിം മലനിരകളിലെ ഒരു കൊടുമുടിയാണ് പിസ്ഗാ. ജോർദ്ദാൻ നദി ചാവുകടലിൽ ലയിക്കുന്ന ആഴിമുഖത്തിനു കിഴക്ക് ജെറീക്കോ പട്ടണത്തിന്റെ എതിർവശത്താണ് ഈ കൊടുമുടി. മരിക്കുന്നതിനു മുൻപ് കാനാൻദേശം കാണാൻ ഈ കൊടുമുടിയിലാണ് മോശ കയറിയത് (നി. 34, 1).

അമോര്യ രാജാവായ സീഹോന്റെയും (21, 21-32) ബാഷാൻ രാജാവായ ഓഗിന്റെയും (21, 33-35) മേൽ നേടിയ വിജയം അടുത്തതായി വിവരിക്കുന്നു. ജോർദ്ദാൻ നദിയുടെ കിഴക്ക് ഇസ്രായേൽക്കാർ അവകാശമാക്കിയ ഭൂമി ഈ രാജാക്കന്മാരുടെ കീഴിലുള്ളതായിരുന്നു. റൂബെൻ, ഗാദ് ഗോത്രങ്ങളും മനാസ്സെ ഗോത്രത്തിന്റെ പകുതിയും ഈ പ്രദേശങ്ങളിൽ വാസമുറപ്പിച്ചു (സംഖ്യ 32). വാഗ്ദത്ത ഭൂമിയ്ക്കു വേണ്ടിയുള്ള പോരാട്ടത്തിലെ ആദ്യ വിജയങ്ങൾ എന്ന നിലയിൽ ഈ നേട്ടത്തിന് ഇസ്രായേൽക്കാർ വലിയ പ്രാധാന്യം നല്കിയിരുന്നു (നിയ. 2, 26-3, 11; സങ്കീ. 135, 11; 136, 19-20). ചുറ്റുപാടുമുള്ള ജനതകളിൽ ഇസ്രായേൽക്കാരെ കുറിച്ചു ഭയമുളവാക്കാൻ ഈ വിജ

യങ്ങൾ കാരണമായി (സംഖ്യ 22, 2; ജോഷ്വാ 2, 10).

21, 27-30ൽ രേഖപ്പെടുത്തിയിരിക്കുന്ന ഗാനം മൊവാബ്യർക്കെതിരേ നേടിയ വിജയത്തെക്കുറിച്ച് അമോര്യർ ആലപിച്ചിരുന്ന കീർത്തനമായിരുന്നു എന്നു കരുതപ്പെടുന്നു. ''നഗരങ്ങളെ വിഴുങ്ങുന്ന അഗ്നിജ്വാലകൾ'' (21, 28-30) യുദ്ധത്തിന്റെ പര്യായമാണ്. മൊവാബ്യർ ആരാധിച്ചിരുന്ന യുദ്ധദേവനായ കെമോഷ് (21, 29) തന്റെ ജനത്തെ കൈവെടിഞ്ഞതിനാലാണ് അമോര്യർക്ക് അവരെ കീഴടക്കാൻ കഴിഞ്ഞത് എന്ന് ഈ കീർത്തനത്തിൽ സൂചിപ്പിക്കുന്നു. തങ്ങളുടെ വിജയം ആഘോഷിക്കാനായി അമോര്യർ പാടിയ കീർത്തനം അവരെ തോല്പിച്ച ഇസ്രായേല്യർ തങ്ങളുടെ വിജയഗീതമാക്കി മാറ്റി.

ഓഗ് രാജാവിൽ നിന്നു പിടിച്ചടക്കിയ ബാഷാൻ പ്രദേശം വടക്ക് ഹെർമോൺ മലയും തെക്ക് യാർമുക്ക് നദിയും പടിഞ്ഞാറ് ജോർദ്ദാനും ഗലീലിത്തടാകവും അതിരിട്ട ഒരു പീഠഭൂമിയാണ്. സമുദ്രനിരപ്പിൽ നിന്ന് ഏകദേശം 2000 അടി ഉയരത്തിൽ സ്ഥിതി ചെയ്യുന്ന ഈ പ്രദേശത്ത് ഗോതമ്പ് സമൃദ്ധമായി വിളയും. വളരെ നല്ല മേച്ചിൽസ്ഥലവുമാണിത്. ബാഷാൻപശുക്കളും (ആമോ 4, 1) ബാഷാനിലെ കാളക്കൂറ്റന്മാരും (സങ്കീ. 22, 12) സുപ്രസിദ്ധമാണ്. പുതിയ നിയമകാലത്ത് ഹേറോദേസ് ഫിലിപ്പിന്റെ ഭരണത്തിൻ കീഴിലായിരുന്ന (ലൂക്ക 3, 1-ഇത്തൂറിയാ-ത്രാക്കോണിത്തിസ് എന്ന പേരിൽ) ഈ പ്രദേശം ഇന്ന് അധികപങ്കും സിറിയായുടെ കീഴിലാണ്. ഇസ്രായേൽക്കാർ 1979ൽ പിടിച്ചടക്കിയ ഗോളാൻകുന്നുകൾ ബാഷാൻ പ്രദേശത്തിന്റെ ഭാഗമത്രേ.

ജോർദ്ദാൻ നദിയുടെ കിഴക്കെകരയിൽ, ജെറീക്കോ പട്ടണത്തിന്റെ എതിർവശത്ത് മൊവാബു സമതലത്തിൽ ഇസ്രായേൽക്കാർ പാളയമടിക്കുന്നതോടെ (22, 1) പഞ്ചഗ്രന്ഥത്തിൽ വിവരിക്കുന്ന വാഗ്ദത്തഭൂമിയിലേക്കുള്ള യാത്രയുടെ ചരിത്രം പൂർത്തിയായി. സംഖ്യാപുസ്തകത്തിന്റെ ബാക്കി ഭാഗവും നിയമാവർത്തനം മുഴുവനും ഈ പാളയത്തെ കേന്ദ്രമാക്കിയുള്ള വിവരണമാണ്. ഇവിടെ നിന്നു പുറപ്പെട്ട് ജോർദ്ദാൻ നദി കടന്ന് കാനാൻ ദേശം കൈവശപ്പെടുത്തുന്നതിന്റെ ചരിത്രം ജോഷ്വായുടെ പുസ്തകത്തിൽ വിവരിക്കുന്നു.

വിചിന്തനം : കാനാൻനിവാസികൾ അതികായന്മാരാണെന്നും അവരെ യുദ്ധത്തിൽ തോലിപ്പിക്കാൻ തങ്ങൾ അശക്തരാണെന്നും കരുതി പിന്മാറിയ ജനം മരുഭൂമിയിൽ വച്ചു മരിച്ചു. എന്നാൽ തങ്ങളുടെ കഴിവിനെക്കാൾ കർത്താവിന്റെ ശക്തിയിൽ ആശ്രയിച്ച അടുത്ത തലമുറയ്ക്ക് അതിശക്തരായ രാജാക്കന്മാരെ നിഷ്പ്രയാസം തോല്പിക്കാൻ കഴിഞ്ഞു. ദൈവരാജ്യത്തിലേക്കുള്ള തീർത്ഥാടനത്തിൽ കർത്താവിൽ ആശ്രയിക്കുന്നവർക്ക് ഏതു പ്രതിസന്ധികളെയും തരണം ചെയ്യാൻ കഴിയും.

## ചോദ്യങ്ങൾ

1. പുറപ്പാടു ചരിത്രത്തിലെ മൂന്നു യാത്രാവിവരണങ്ങൾ രേഖപ്പെടുത്തിയിരിക്കുന്ന ബൈബിൾഭാഗങ്ങൾ ഏവ? ഈ വിവരണങ്ങൾ തമ്മിലുള്ള സാമ്യവും വ്യത്യാസവും എടുത്തുകാട്ടുക.

2. പാറയിൽ നിന്നു ജലം പുറപ്പെടുവിച്ച രണ്ടു വിവരണങ്ങൾ ഏവ? അവ തമ്മിൽ താരതമ്യം ചെയ്യുക.

3. എന്തായിരുന്നു മോശയുടെ പാപം?

4. മിരിയാമിന്റെയും അഹറോന്റെയും മരണത്തിൽ നിന്ന് എന്തു പാഠമാണ് ലഭിക്കുന്നത്?

5. പിച്ചളസർപ്പം എപ്രകാരമാണ് രക്ഷാകരമായത്? അത് എന്തിന്റെ പ്രതീകമായിരുന്നു?

6. സിഹോൻ, ഓഗ് രാജാക്കന്മാരുടെ മേൽ ഇസ്രായേൽ ജനം നടിയ വിജയത്തിൽ നിന്ന് എന്തു സന്ദേശമാണ് ലഭിക്കുന്നത്?

**ചർച്ചയ്ക്ക്:** പ്രതിമകൾ നിർമ്മിക്കരുത് എന്ന പ്രമാണവും പിച്ചള സർപ്പത്തെ ഉണ്ടാക്കകാനുള്ള കല്പനയും തമ്മിൽ പൊരുത്തപ്പെടുത്താനാവുമോ? വിഗ്രഹാരാധനയും പ്രതിമാവണക്കവും തമ്മിലുള്ള സാമ്യവും വ്യത്യാസവും ഈ കല്പനയുടെ വെളിച്ചത്തിൽ വിശകലനം ചെയ്യുക.

**പ്രാർത്ഥന :** സങ്കീ. 135, 1-12 ഉപയോഗിച്ചു പ്രാർത്ഥിക്കുക.

# III വാഗ്ദത്ത ഭൂമിയുടെ പടിവാതില്ക്കൽ 22–36

വാഗ്ദത്തഭൂമിയിലേക്കുള്ള തീർത്ഥാടനത്തിന്റെ അവസാന ഘട്ടമാണ് സംഖ്യാ പുസ്തകത്തിന്റെ മൂന്നാം ഭാഗത്തു വിവരിക്കുന്നത്. മരുഭൂമിയിലൂടെയുള്ള അലച്ചിലിന്റെ കാലം കഴിഞ്ഞു. ജോർദ്ദാനു കിഴക്കുള്ള ചില പ്രദേശങ്ങൾ അവർ കീഴടക്കി. ജോർദ്ദാൻ കടന്ന് കാനാൻദേശം കൈവശമാക്കാനുള്ള തയ്യാറെടുപ്പാണ് യാത്രയിലെ അവസാനത്തെ പാളയത്തിൽവച്ചു നടക്കുന്നത്. ഇസ്രായേൽജനത്തിന്റെ ഭാവിയെ സംബന്ധിച്ച ചില പ്രവചനങ്ങളും വാഗ്ദത്തഭൂമിയിൽ ആവശ്യമായി വരുന്ന ചില നിയമസംവിധാനങ്ങളും ഇവിടെ പ്രതിപാദ്യവിഷയമാകുന്നു. വാഗ്ദത്തഭൂമിയിലെ ജീവിതത്തിലേക്കാണ് ഇവിടെ മുഖ്യമായും ശ്രദ്ധ തിരിക്കുന്നത്. ഈ ഭാഗത്തെ പഠനസൗകര്യാർത്ഥം രണ്ടായി തിരിക്കാം. 1. ബാലാമിന്റെ പ്രവചനങ്ങൾ (22–24). 2. വിവിധ സംഭവങ്ങളും നിയമങ്ങളും (25–36).

## 1. ബാലാമിന്റെ പ്രവചനങ്ങൾ 22–24

തന്റെ രാജ്യാതിർത്തിയിൽ പാളയമടിച്ചിരിക്കുന്ന ഇസ്രായേൽക്കാരെ ആയുധശക്തികൊണ്ടു തോല്പിക്കുക അസാധ്യമെന്നു മനസ്സിലാക്കിയ മൊവാബു രാജാവായ ബാലാക് ആഭിചാരം കൊണ്ട് അവരെ കീഴടക്കുന്നതിനായി പേരുകേട്ട മന്ത്രവാദിയായ ബാലാമിനെ ദൂരദേശത്തു നിന്ന് ആളയച്ചു വരുത്തി. എന്നാൽ ശപിക്കാനായി വാ തുറന്നപ്പോഴെല്ലാം അനുഗ്രഹവചസുകളാണ് ബാലാമിന്റെ വായിൽ നിന്നു വീണത്. നിരാശനായ ബാലാക് ബാലാമിനെ വെറും കൈയോടെ തിരിച്ചയച്ചു. ഇസ്രായേലിന്റെ മഹത്വത്തെ പ്രകീർത്തിക്കാനും മൊവാബ്യരുടെ മൗഢ്യത്തെപരിഹസിക്കാനുമായി ഇസ്രായേൽക്കാർ രചിച്ച ഒരു ഹാസ്യകഥയാണിതെന്നു വ്യാഖ്യാതാക്കൾ കരുതുന്നു. മൊവാബ്യരുടെയും അമ്മോന്യരുടെയും ഉത്ഭവത്തെക്കുറിച്ചുള്ള കഥ പോലെ (ഉൽപ 19, 30–38).

ഈ വിവരണത്തിൽ ഹാസ്യം നിറഞ്ഞു നിൽക്കുന്നു എന്നതിൽ സംശയമില്ല. എന്നാൽ ഇന്നു നമുക്കു ലഭിച്ചിരിക്കുന്ന വിവരണത്തെ മുഴുവനായി കണക്കിലെടുക്കുമ്പോൾ ഹാസ്യത്തെക്കാൾ

മുന്നിട്ടു നില്ക്കുന്നത് ഇസ്രായേലിന്റെ സ്വഭാവത്തെയും ഭാവിയെയും സംബന്ധിച്ച ആഴമേറിയ, ദൈവശാസ്ത്രപരമായ ഉൾക്കാഴ്ചകളാണ്. ബാലാമിന്റെ ചിത്രീകരണത്തിലും അയാളുടെ നാവിൽ വച്ചു കൊടുത്തിരിക്കുന്ന പ്രവചനങ്ങളിലും ഈ കാഴ്ച്ചപ്പാടു വ്യക്തമാക്കുന്നു. അതുകൊണ്ടുതന്നെയാണ് ഈ കഥ ബൈബിളിന്റെ ഭാഗമായി അവതരിപ്പിച്ചിരിക്കുന്നത്.

JE പാരമ്പര്യങ്ങളിൽ വ്യത്യസ്ത ഊന്നലുകളോടെ നിലവിലിരുന്ന ഒരു കഥയുടെ രണ്ടു വിവരണങ്ങൾ ഒരുമിച്ചു ചേർത്തതാണ് ഇന്നത്തെ വിവരണം എന്ന് വ്യാഖ്യാതാക്കൾ അഭിപ്രായപ്പെടുന്നു. ബാലാമിന്റെ സ്വഭാവത്തെയും ചെയ്തികളെയും കുറിച്ചു പരസ്പര വിരുദ്ധമെന്നു തോന്നാവുന്ന ചില വിശദാംശങ്ങൾക്ക് ഇതായിരിക്കാം കാരണം.

ഗദ്യവും പദ്യവും ഇട കലർത്തിയാണ് കഥ അവതരിപ്പിച്ചിരിക്കുന്നത്, വിവരണങ്ങളെല്ലാം ഗദ്യവും പ്രവചനങ്ങൾ നാലും പദ്യവും. മൂന്ന് എന്ന സംഖ്യയ്ക്ക് ഈ വിവരണത്തിൽ പ്രത്യേക പ്രാധാന്യം നല്കിയിരിക്കുന്നു. ബാലാക്കുമായുള്ള കണ്ടുമുട്ടലിനു മുമ്പ് ബാലാമിന് ദൈവം പ്രത്യക്ഷപ്പെട്ടു നിർദ്ദേശങ്ങൾ നല്കുന്നത്, ദൂതൻ വഴി തടയുന്നത്, കഴുത വഴിമാറുന്നത്, ബലിപീഠങ്ങൾ നിർമ്മിച്ച് ബലിയർപ്പിക്കുന്നത് ഇവയെല്ലാം മൂന്നു തവണ ആവർത്തിക്കുന്നുണ്ട്. മൂന്ന് പൂർണ്ണതയുടെസംഖ്യയാകയാൽ എല്ലാം ദൈവഹിതം പോലെ നടക്കുന്നു എന്ന സൂചനയാണ് ഇതിലൂടെ ലഭിക്കുന്നത്.

### a. ബാലാക്കും ബാലാമും 22, 2-41

ഇസ്രായേൽ ജനത്തിന്റെ സംഖ്യാബലവും ആയുധ ശക്തിയും യുദ്ധങ്ങളിൽ അവർ നേടിയ വിജയവും ചുറ്റുപാടുമുള്ള ജനതകളിൽ ഉയർത്തിയ ഭയത്തെക്കുറിച്ചു പ്രതിപാദിച്ചുകൊണ്ട് വിവരണം ആരംഭിക്കുന്നു (22, 2-4). ഇസ്രായേൽക്കാരെ തോല്പ്പിക്കാനുള്ള ഏകമാർഗ്ഗമെന്ന നിലയിൽ അവർ ബാലാമിന്റെ സഹായം തേടി. മൊവാബിൽ നിന്ന് ഏകദേശം അറുനൂറു കിലോമീറ്റർ അകലെ സിറിയായുടെ വടക്കു കിഴക്കേ അതിർത്തിയിൽ, യൂഫ്രട്ടീസ് നദിതീരത്തുള്ള ഒരു നഗരമാണ് ബാലാമിന്റെ വാസസ്ഥലമായ പെത്തോർ.

"ജനത്തെ വിഴുങ്ങുന്നവൻ" എന്നാണ് ബാലാം എന്ന പേരിന്റെ അർത്ഥം. തന്റെ ശാപത്താൽ ജനസമൂഹങ്ങളെ ഒന്നടങ്കം നശിപ്പിക്കാനുള്ള അയാളുടെ അസാധാരണ കഴിവിനെ സൂചിപ്പിക്കുന്നതാണ് ഈ പേര്. ഇസ്രായേലിനെക്കുറിച്ച് ബാലാക്ക് നല്കുന്ന ലഘുവിവരണത്തിൽ (22, 5) പുറപ്പാടു ചരിത്രത്തിന്റെ രത്നച്ചുരുക്കം കാണാം. അബ്രാഹത്തിന് ദൈവം നല്കിയ വാഗ്ദാനം (ഉൽപ. 15, 5. 18–21; 17, 8) പൂർത്തിയായി എന്നും ഇതിലൂടെ സൂചിപ്പിക്കുന്നു. അനുഗ്രഹത്തെയും ശാപത്തെയും കുറിച്ചുള്ള ബാലാക്കിന്റെ വാക്കുകൾ (22, 6) പുരാതനമതങ്ങളിൽ നിലനിന്ന ഒരു പൊതുവിശ്വാസത്തിന്റെ പ്രകടനമാണ്. അനുഗ്രഹവും ശാപവും ഫലശൂന്യമായ വെറും വാക്കുകളല്ല. പറയുന്നവ നിറവേർറാൻ അവയ്ക്കു കഴിവുണ്ട്. ബാലാമിനുള്ള അമാനുഷിക മാന്ത്രികശക്തിയെക്കുറിച്ചാണ് ബാലാക്ക് സൂചിപ്പിക്കുന്നത്. എന്നാൽ പറയുന്ന വാക്കുകൾ യാന്ത്രികമായി നിറവേറുകയില്ല ആ വാക്കുകളെ പ്രവാചകന്റെ നാവിൽ വച്ചുകൊടുക്കുന്ന ദൈവം അവ നിറവേറ്റുകയാണ് എന്ന് ബൈബിൾ പഠിപ്പിക്കുന്നു.

**ദൂതന്മാരും ബാലാമിന്റെ പ്രതികരണവും 22, 7–20**

ബാലാമിന്റെ അടുക്കലേക്ക് ബാലാക്ക് ദൂതനെ അയച്ചു എന്നു പറഞ്ഞുവച്ചതിനു ശേഷം അതേ കാര്യം വീണ്ടും വിശദമായി ഒരിക്കൽ കൂടി അവതരിപ്പിക്കുന്നു (22, 7). സിദ്ധന്മാരുടെ സഹായം തേടുന്നവർ അവർക്ക് പ്രതിഫലം നല്കുക സാധാരണമായിരുന്നു (1 സാമു 9, 7). ദൂതന്മാർക്ക് ഉടനെ മറുപടി നല്കാതെ ബാലാം കർത്താവിന്റെ ഹിതം ആരായുന്നു. കർത്താവ് അറിയിക്കുന്നതു മാത്രമേ തനിക്ക് പറയാൻ കഴിയൂ, അവിടുന്നു കല്പിക്കുന്നതിനനുസരിച്ചേ തനിക്കു പ്രവർത്തിക്കാൻ സാധിക്കൂ എന്ന് ബാലാം അനേകം തവണ ആവർത്തിച്ചു പ്രഖ്യാപിക്കുന്നതായി ഈ വിവരണത്തിലുടനീളം രേഖപ്പെടുത്തിയിട്ടുണ്ട്. യഥാർത്ഥ പ്രവാചകന്റെ സ്വഭാവം ഈ പ്രഖ്യാപനത്തിൽ തെളിയുന്നു. വിജാതീയ സിദ്ധനായ ബാലാം കർത്താവിനെ അനുസരിക്കുകയും അയാളിലൂടെ കർത്താവു സംസാരിക്കുകയും ചെയ്യുന്നു എന്നു പറയുമ്പോൾ ഇസ്രായേൽക്കാർക്കും, പ്രത്യേകിച്ച് അവരുടെ പ്രവാചകരന്മാർക്കും അയാളെ ഒരു മാതൃകയായി വി. ഗ്രന്ഥകാരൻ എടുത്തുകാട്ടുന്നു.

രാത്രി ലഭിച്ച ദൈവത്തിന്റെ അരുളപ്പാടനുസരിച്ച് ബാലാം ദൂതന്മാരുടെ കൂടെ പോകാൻ വിസമ്മതിച്ചു. "കർത്താവ്" "ദൈവം" എന്ന പേരുകൾ മാറി മാറി ഉപയോഗിക്കുന്നത് രണ്ടു പാരമ്പര്യങ്ങളുടെ അടയാളമായി കാണുന്ന വ്യാഖ്യാതാക്കളുണ്ട്. "അവർ അനുഗ്രഹീതരാണ്" എന്ന ദൈവത്തിന്റെ പ്രഖ്യാപനം (22, 12) ഇസ്രായേൽ ജനത്തിന്റെ പ്രത്യേകതയെ സൂചിപ്പിക്കുന്നു. കൂടുതൽ ബഹുമാന്യരായ ദൂതന്മാരെ പുതിയ വാഗ്ദാനങ്ങളുമായി ബാലാക്ക് വീണ്ടും അയച്ചു (15-17). പ്രവാചകന്മാരെ പണം കൊടുത്തു സ്വാധീനിക്കാമെന്നും അങ്ങനെ അവരിലൂടെ തന്റെ താല്പര്യങ്ങൾ നേടിയെടുക്കാമെന്നുമുള്ള മനോഭാവമാണ് ബാലാക്കിന്റെ ഈ പ്രവൃത്തിയിൽ പ്രകടമാകുന്നത്. എന്നാൽ പണത്തിനു വേണ്ടി പ്രവചിക്കുന്നവനല്ല താൻ എന്ന് 28, 18ൽ ബാലാം തറപ്പിച്ചു പറയുന്നു. ഒരിക്കൽ കൂടി അവടുത്തെ ഹിതം തേടുന്ന ബാലാമിനെ ദൂതന്റെ കൂടെ പോകാൻ അവിടുന്ന് അനുവദിച്ചു. എന്താണ് പറയേണ്ടത് എന്നു നിർദ്ദേശിക്കാത്തതിനാൽ വിവരണത്തിൽ ആകാംക്ഷ നില നില്ക്കുന്നു.

വിചിന്തനം : ദൈവഹിതം മാനിക്കാതെ വിശുദ്ധന്മാരുടെയും സിദ്ധന്മാരുടെയും മാധ്യസ്ഥ്യത്തിലൂടെ ഉദ്ദിഷ്ടകാര്യം നേടിയെടുക്കാനുള്ള പ്രലോഭനം എക്കാലത്തും അനുഭവപ്പെടാറുണ്ട്. ദൈവഹിതം അറിയാനും അതിനു സ്വയം കീഴടങ്ങാനും സഹായിക്കുകയാണ് യഥാർത്ഥ വിശുദ്ധരും പ്രവാചകന്മാരും ചെയ്യുന്നത്. അവർ കൈക്കൂലിക്കു വഴങ്ങുന്നില്ല.

**ബാലാമും കഴുതയും 22, 21-35**

ബാലാമിനെക്കുറിച്ച് ഇതുവരെ വരച്ചുകാട്ടിയതിൽനിന്നും വ്യത്യസ്തമായ ഒരു ചിത്രമാണ് നർമ്മരസം കലർന്ന അടുത്ത സംഭവത്തിൽ അവതരിപ്പിക്കുന്നത്. ദൈവഹിതം മാത്രമേ പ്രവർത്തിക്കൂ എന്ന് ആവർത്തിച്ചു പ്രഖ്യാപിക്കുകയും രണ്ടു തവണ കർത്താവിനെ കണ്ടുമുട്ടുകയും അവിടുത്തെ അനുവാദത്തോടെ യാത്ര പുറപ്പെടുകയും ചെയ്ത ബാലാമിനെ എന്തുകൊണ്ട് ദൈവദൂതൻ വഴിയിൽ വച്ച് തടയുകയും കൊല്ലാൻ ശ്രമിക്കുകയും ചെയ്തു എന്നു വ്യക്തമല്ല. തിരുഹിതത്തിനു വിരുദ്ധമായിട്ടാണ് അയാൾ യാത്ര പുറപ്പെട്ടത് എന്ന് ഈ

വിവരണത്തിൽ നിന്നു തോന്നും.

ദ്രവ്യാഗ്രഹത്താൽ അന്ധനായിത്തീർന്ന ഒരു പ്രവാചകന്റെ ചിത്രമാണ് ബാലാമിന്റെയും കഴുതയുടെയും കഥയിൽ തെളിയുന്നത്. ഊരിയ വാളുമായി വഴിയിൽ നിന്ന ദൈവദൂതനെ കണ്ട കഴുത രണ്ടു തവണ വഴിമാറി; വഴിമാറുക അസാധ്യമായപ്പോൾ കിടന്നുകളഞ്ഞു. ''ദീർഘദർശി'' എന്ന പേരു കേട്ട ബാലാമിന് കഴുതയുടത്ര കാഴ്ചശക്തി പോലും ഇല്ലാതെ പോയി. തന്റെ വിശ്വസ്ത സഹചാരിയായ കഴുതയുടെ പെരുമാറ്റരീതിയിൽ വന്ന മാറ്റത്തെ തിരിച്ചറിയാനുള്ള ബുദ്ധിയും അയാൾക്കു നഷ്ടപ്പെട്ടു. മൗഢ്യത്തിന്റെ പര്യായമായ കഴുതയേക്കാൾ വിഡ്ഢിയാണ് ബാലാം എന്ന് ഈ വിവരണങ്ങൾ സൂചിപ്പിക്കുന്നു. തല്ലു കൊണ്ടിട്ടും, തന്നെ തല്ലുന്ന യജമാനന്റെ ജീവൻ രക്ഷിക്കാൻ ശ്രമിച്ച കഴുത യജമാനസ്നേഹത്തിന്റെയും വിശ്വസ്തതയുടെയും പ്രതീകമാണ്. ഈ രണ്ടു ഗുണങ്ങളും ബാലാം കഴുതയിൽ നിന്നും പഠിക്കേണ്ടിവന്നു. കർത്താവിന്റെ വചനം മാത്രമേ പറയാവൂ എന്ന താക്കീതോടെ ദൂതൻ ബാലാമിനെ വിട്ടയച്ചു. കഴുതയുടെ മാതൃകയും ദൂതന്റെ താക്കീതും ബാലാമിനു മാത്രമല്ല, ഇസ്രായേൽ ജനത്തിനും സകല അനുവാചകർക്കും ഒരു പാഠമാണ്. ബാലാം വന്നതിലുള്ള സന്തോഷത്തിന്റെ അടയാളമായി ബാലാക് അയാളെ രാജ്യാതിർത്തിയിൽ ചെന്നു സ്വീകരിച്ചു. ബലിയർപ്പിച്ച് വിരുന്നു നടത്തി (22, 36-40). ''ബാലാമിന്റെ പൂജാഗിരി'' എന്നാണ് ബാമോത്ത് ബാൽ എന്ന പേരിന് (22, 41) അർത്ഥം. അവിടെനിന്ന് ഇസ്രായേൽ പാളയത്തിന്റെ ഒരു ഭാഗം കാണാൻ കഴിഞ്ഞു.

**വിചിന്തനം** : ദ്രവ്യാഗ്രഹം വിശുദ്ധരെപ്പോലും വഴി തെറ്റിക്കുന്നു; ജ്ഞാനികളെ വിഡ്ഢികളാക്കുന്നു. ''ധനമോഹമാണ് എല്ലാ തിന്മകളുടെയും അടിസ്ഥാന കാരണം'' (1 തിമോ 6, 10) എന്ന വി. പൗലോസിന്റെ പഠനം ബാലാമിന്റെ അനുഭവത്തെ വ്യാഖ്യാനിക്കുന്നു. ''ജ്ഞാനികളെ ലജ്ജിപ്പിക്കാൻ ലോകദൃഷ്ടിയിൽ ഭോഷന്മാരായവരെ ദൈവം തിരഞ്ഞെടുത്തു'' (1 കോറി 1, 27). ജ്ഞാനികൾക്ക് അഗ്രാഹ്യമായ ദൈവരാജ്യത്തിന്റെ രഹസ്യങ്ങൾ ലോകദൃഷ്ടിയിൽ ഭോഷന്മാരും അറിവില്ലാത്ത ശിശുക്കളും ആയവർക്ക് ദൈവം വെളിപ്പെടുന്നതിന്റെ അനുഭവങ്ങൾ ഇന്നും ധാരാളമുണ്ടാകാറുണ്ടല്ലോ. കഴുത

കളിൽ നിന്നും പഠിക്കാൻ ജ്ഞാനികളായ പ്രവാചകന്മാർ തയ്യാറാകണം.

**b. പ്രവചനങ്ങൾ 23-24**

ഇസ്രായേലിന്റെ മേൽ ശാപവാക്കുകൾ ഉച്ചരിക്കാൻ ബാലാമിനെ പ്രേരിപ്പിക്കുന്നതിനുവേണ്ടി ബാലാക്ക് നടത്തുന്ന വിഫലശ്രമങ്ങളും ശപിക്കുന്നതിനു പകരം അനുഗ്രഹിച്ചുകൊണ്ട് ബാലാം നടത്തുന്ന നാലു പ്രവചനങ്ങളും അടുത്തതായി വിവരിക്കുന്നു. പ്രവചനങ്ങളെല്ലാം പദ്യരൂപ്തതിലാണ് അവതരിപ്പിച്ചിരിക്കുന്നത്. പദ്യത്തിന്റെ ഈരടികൾ ഏതാണ്ട് ഒരേ അർത്ഥമുള്ള സമാന്തരവാചകങ്ങളാണ്. ആദ്യത്തെ രണ്ടു പ്രവചനങ്ങൾ ഇസ്രായേൽ ജനത്തിന്റെ ചരിത്രത്തെയും ആനുകാലികാവസ്ഥയെയും വിവരിക്കുമ്പോൾ മൂന്നും നാലും പ്രവചനങ്ങൾ അവരുടെ ഭാവിയിലേക്കു ശ്രദ്ധ തിരിക്കുന്നു. കർത്താവിന്റെ നിർബന്ധത്തിനു വഴങ്ങിയാണ് ബാലാം പ്രവചിക്കുന്നതെന്നും അയാൾ പറയുന്ന വാക്കുകൾ കർത്താവിന്റേതു മാത്രമാണെന്നും അനേകം തവണ അനുസ്മരിപ്പിക്കുന്നുണ്ട്. കർത്താവു പറയുന്നതു മാത്രമാണ് താൻ ചെയ്യുന്നതെന്ന് ആദ്യത്തെ മൂന്നു പ്രവചനങ്ങളുടെയും അവസാനും ഒരു പല്ലവിപോലെ ആവർത്തിക്കുന്നു.

**ഒന്നാം പ്രവചനം 23, 1-12**

ദൈവത്തെ പ്രീതിപ്പെടുത്തുന്നതിനും തന്റെ ഇഷ്ടമനുസരിച്ചു പ്രവർത്തിക്കാൻ അവിടുത്തെ പ്രേരിപ്പിക്കുന്നതിനും വേണ്ടി ബാലാം ഒന്നിനു പകരം ഏഴു ബലിപീഠങ്ങൾ പണിയാനും ഓരോ ബലിപീഠത്തിലും ഏറ്റം വിലപിടിച്ച ബലിവസ്തുവായ കാളയേയും മുട്ടാടിനെയും ബലിയർപ്പിക്കാനും ബാലാക്കിനോടാവശ്യപ്പെട്ടു. ഇസ്രായേലിനെ ശപിക്കണം എന്നതാണ് ബാലാമിന്റെയും ആഗ്രഹമെങ്കിലും ്തു സ്വമേധയാ ചെയ്യാതെ ആദ്യമേ കർത്താവിന്റെ ഹിതം അറിയാനായി മലമുകളിലേക്കു പോയി. പ്രാർത്ഥനയുടെ ഏകാന്തതയിൽ അറിഞ്ഞ കർത്താവിന്റെ ഹിതം ബാലാക്കിനെ അറിയിക്കുന്ന ബാലാം വീണ്ടും പ്രവാചകത്വത്തിന്റെ മാതൃകയായി നിലകൊള്ളുന്നു.

ബാലാക്ക് തന്നെ വിളിച്ചുവരുത്തിയതിന്റെ ഉദ്ദേശ്യം വിവരിച്ചതിനു ശേഷം ബാലാം തന്റെ നിസ്സഹായാവസ്ഥ ഏറ്റു പറയുന്നു.

''വേറിട്ടു പാർക്കുന്ന ഒരു ജനം'' എന്ന വിശേഷണം ഇസ്രായേലിന്റെ സ്വഭാവസവിശേഷതയെ വെളിപ്പെടുത്തുന്നതാണ്. തന്റെ സ്വന്തം ജനമായിരിക്കുന്നതിനു വേണ്ടി ദൈവം ഇതരജനതകളിൽ നിന്നു തരിഞ്ഞെടുത്ത് വേർ തിരിച്ചതാണ് ഇസ്രായേൽജനം (പുറ. 19, 5-6). യാഹ്‌വേ ഇതര ദൈവങ്ങളിൽ നിന്നു വ്യത്യസ്തനായിരിക്കുന്നതു പോലെ, യാഹ്‌വേയിലുള്ള വിശ്വാസവും അവിടുത്തെ ഉടമ്പടിയുടെ പ്രമാണങ്ങളനുസരിച്ചുള്ള ജീവിതവും ഇസ്രായേൽക്കാരെ ഇതരജനതകളിൽ നിന്നും വ്യത്യസ്തരാക്കുന്നു.

അസംഖ്യം സന്തതികളെ കുറിച്ച് യാക്കോബിനു ലഭിച്ച വാഗ്ദാനത്തെ (ഉൽപ 28, 14) അനുസ്മരിപ്പിക്കുന്നതാണ് ''യാക്കോബിന്റെഎധൂളി'' എന്ന പ്രയോഗം. ''നീതിമാന്റെ മരണം ഞാൻ കൈവരിക്കട്ടെ'' (23, 10) എന്നത് പ്രാർത്ഥനയേക്കാൾ ഒരു ശപഥമാണ്. ഞാൻ പറഞ്ഞതു വാസ്തവമല്ലെങ്കിൽ മരിക്കാൻ ഞാൻ ഒരുക്കമാണ് എന്ന അർത്ഥമാണ് ഈ ശാപത്തിനുള്ളത്. ബാലാക്കിന്റെ പരാതിക്കു ബാലാം നല്കുന്ന മറുപടി (23, 11-12) പ്രവാചകത്വത്തിന്റെ ഒരു നിർവ്വചനമാണ്. ''കർത്താവു തോന്നിക്കുന്ന വചനം'' എന്നു വിവർത്തനം ചെയ്യുന്ന ഹീബ്രുവാക്കുകളുടെ വാച്യാർത്ഥം ''കർത്താവ് എന്റെ വായിൽ വച്ചുതരുന്ന വചനം'' എന്നത്രേ. കർത്താവു നല്കുന്ന വചനം മാത്രം പറയാൻ നിർബന്ധിതനാകുന്നവനാണ് പ്രവാചകൻ. ആഗ്രഹിച്ചാലും മറിച്ചുപറയാൻ അയാൾക്കാവില്ല.

**രണ്ടാം പ്രവചനം 23, 13-26**

ബാലാമിന്റെ ശക്തിയിൽ വിശ്വാസമർപ്പിച്ചുകൊണ്ട് ബാലാക് അയാളെ മറ്റൊരു സ്ഥലത്തേക്കു നയിച്ചു. ''ഞാൻ പോയി കർത്താവിനെ കാണട്ടെ'' (23, 15) എന്ന ബാലാമിന്റെ വാക്കുകൽ ''കർത്താവ് എനിക്കു പ്രത്യക്ഷനായേക്കും'' എന്ന ആദ്യത്തെ പ്രതീക്ഷയുമായി താരതമ്യം ചെയ്യുന്നത് ബാലാമിൽ വന്നുകൊണ്ടിരിക്കുന്ന മാറ്റം മനസ്സിലാക്കാൻ സഹായിക്കും.

''വ്യാജം പറയാൻ ദൈവം മനുഷ്യനല്ല'' (23, 19) എന്ന പ്രസ്താവന ദൈവത്തിന്റെ സ്വഭാവത്തെ കുറിച്ചുള്ള ഒരു വിശ്വാസപ്രഖ്യാപനമാണ്. അവിടുത്തെ വചനത്തിനു മാറ്റമില്ല. ദൈവത്താൽ അനുഗ്ര

ഹിക്കപ്പെട്ട ജനമാണ് ഇസ്രായേൽ. അതാണ് അവരെ മറ്റു ജനതക ളിൽ നിന്നു വ്യത്യസ്തരാക്കുന്നത്. ദൈവം അനുഗ്രഹിച്ചവരെ ശപി ക്കാൻ ബാലാം ശക്തനല്ല. ഈജിപ്തിൽനിന്ന് അവരെ മോചിപ്പിച്ചു കൊണ്ടുവന്ന കർത്താവാണ് അവരുടെ രാജാവ് (23, 21). അവിടുന്ന് അവരോടുകൂടെയുള്ളതിനാൽ അവർ ശക്തരാണ്. ആഭിചാരവും ക്ഷുദ്രവിദ്യയും അവർക്ക് ഏല്ക്കുകയില്ല എന്ന പ്രസ്താവനയിൽ ബാലാം ഒരു ദുർമന്ത്രവാദിയായിരുന്നു എന്ന ധ്വനിയുണ്ട്. ഇസ്രാ യേൽ എന്തായിരുന്നുവോ അതു ദൈവത്തിന്റെ പ്രവർത്തിയാണ് (23, 23). ഇസ്രായേലിന്റെ ശക്തിയിലും മഹത്വത്തിലും ദൈവമഹത്വും പ്രത്യക്ഷമാകുന്നു. അവരുടെ സ്വഭാവത്തെ സംബന്ധിച്ച അടിസ്ഥാ നപരമായ മറ്റൊരു പ്രഖ്യാപനമാണിത്. സിംഹത്തിന്റെ ഉദാഹരണം അവരുടെ അജയ്യമായ ശക്തിയെയും ശത്രുക്കളുടെ മേൽ അവർ നേടുന്ന വിജയങ്ങളെയും സൂചിപ്പിക്കുന്നു.

വിചിന്തനം : കർത്താവിന്റെ പ്രമാമം അനുസരിച്ചു ജീവിക്കുന്നവർക്ക് ദുർമന്ത്രവാദത്തെയും ക്ഷുദ്രവിദ്യകളെയും ഭയപ്പെടേണ്ടതില്ല. അവി ടുത്തെ സംരക്ഷണയിലുള്ളവരെ ദ്രോഹിക്കാൻ ആർക്കും, ഒന്നിനും കഴിയുകയില്ല.

**മൂന്നാം പ്രവചനം 23, 27–24, 13**

കർത്താവ് ഇസ്രായേലിനെ അനുഗ്രഹിക്കുന്നു എന്ന് രണ്ടു തവണ കണ്ടിട്ടും വിശ്വസിക്കാത്ത ബാലാക് മൂന്നാമതൊരു സ്ഥല ത്തേക്കു ബാലാമിനെ കൂട്ടിക്കൊണ്ടുപോകുമ്പോൾ, ഏതു വിധേനയും തന്റെ ഹിതമനുസരിച്ചു പ്രവർത്തിക്കാൻ കർത്താവിനെ പ്രേരിപ്പി ക്കണം എന്ന അയാളുടെ നിർബന്ധബുദ്ധിയും അന്ധവിശ്വാസവും പ്രകടമാകുന്നു. എന്നാൽ മുമ്പത്തേതുപോലെ അടയാളങ്ങളിലൂടെ കർത്താവിന്റെ ഹിതം അറിയാൻ ശ്രമിക്കാതെ, ബാലാം ഇസ്രായേ ലിനെ അനുഗ്രഹിക്കാൻ തന്നെ തീരുമാനിച്ചു. ഇത്തവണ തികച്ചും വ്യത്യസ്തമായ ഒന്നുകൂടി സംഭവിച്ചു. 'കർത്താവിന്റെ ആത്മാവ് അവന്റെ മേൽ ആവസിച്ചു' (24, 2). ഇതിലൂടെ അയാൾ ദൈവാത്മാ വിന്റെ പ്രത്യേക സ്വാധീനത്തിൻ കീഴിലാകുന്നു. പിന്നീട് അയാളുടെ വാക്കും പ്രവൃത്തിയും ആത്മാവിന്റെ പ്രചോദനമനുസരിച്ചായിരിക്കും.

പ്രവാചകത്വത്തിന്റെ വിവിധ വശങ്ങളാണ് പ്രവചനത്തിന്റെ ആദ്യ പാദത്തിൽ (24, 3-4) അവതരിപ്പിക്കുന്നത്. പ്രവാചകന്റെ കണ്ണും കാതും ദൈവാത്മാവിന്റെ പ്രവർത്തിനത്തിനു വിധേയമാകുന്നു. മറ്റാരും കാണാത്തതു കാണുകയും കേൾക്കാത്തതു കേൾക്കുകയും ചെയ്യാൻ ഇത് അയാളെ പ്രാപ്തനാക്കുന്നു. ദൈവത്തിൽ നിന്നു നേരിട്ടു കാണുകയും കേൾക്കുകയും ചെയ്തവയാണ് അയാൾ പ്രഘോഷിക്കുന്നത്. തന്റെ ദൃഷ്ടിപഥത്തിലും ചിന്താമണ്ഡലത്തിലും ദൈവം മാത്രം നിറഞ്ഞു നില്ക്കുന്നവനാണ് "തുറന്ന കണ്ണുകളോടെ സമാധിയിൽ ലയിച്ചവൻ". തുടർന്നുള്ള വാക്കുകളിൽ ഇസ്രായേൽ ജനത്തിന്റെ കാനാനിലെ വാസം, രാജഭരണത്തിന്റെ ആവിർഭാവം, ശത്രുക്കളുടെ മേൽ വിജയം എന്നിവ വിവരിക്കുന്നു.

ദൈവാനുഗ്രഹത്തിന്റെ ഫലവും അടയാളവുമായി ഇസ്രായേലിന്റെ സമ്പൽസമൃദ്ധിയെ ഉദാഹരണങ്ങളിലൂടെ (24, 5-6) എടുത്തു കാട്ടുന്നു. നദീതീരത്തെ ഉദ്യാനം ഫലസമൃദ്ധിയുടെയും, കാരകിൽ ശക്തിയുടെയും പ്രതീകങ്ങളാണ്. ഭരണികളിൽ നിന്നു കവിഞ്ഞൊഴുകുന്ന വെള്ളവും വിത്തും (24, 7) ദേശത്തിന്റെ ഫലസമൃദ്ധിയെയും ജനത്തിന്റെ സന്താനപുഷ്ടിയെയും സൂചിപ്പിക്കുന്നു. ഇസ്രായേലിൽ ശക്തരായ രാജാക്കന്മാരുണ്ടാവുകയും അവർ ചുറ്റുപാടുള്ള രാജാക്കന്മാരെ തോല്പ്പിക്കുകയും ചെയ്യുമെന്ന് തുടർന്നു (23, 7-9) പ്രവചിക്കുന്നു. സാവൂൾ തോല്പിച്ച അമലേക്യരുടെ രാജാവാണ് ആഗാഗ് (1 സാമു 15). ശത്രുജനതകളെ സംഹരിക്കും (24, 8) എന്നു വിവർത്തനം ചെയ്യുന്ന ഹീബ്രു വാചകത്തിന്റെ വാച്യാർത്ഥം "ശത്രുജനതകളെ വിഴുങ്ങിക്കളയും" എന്നാണ്. ഈ പ്രയോഗം ബാലാക്കിന്റെ ഭയത്തിലേയ്ക്ക് (22, 4) ശ്രദ്ധ തിരിക്കുന്നു. അനുഗ്രഹത്തെയും ശാപത്തെയും കുറിച്ചുള്ള പ്രവചനം (24, 9) അബ്രാഹത്തിനു ലഭിച്ച വാഗ്ദാനത്തെ (ഉൽപ. 12, 3) അനുസ്മരിപ്പിക്കുന്നു. ഇസ്രായേലിനെ ശപിക്കാൻ പ്രേരിപ്പിക്കുന്ന ബാലാക്കിന്റെ മേൽ ശാപം നിപതിക്കും എന്ന സൂചനയും ഈ പ്രവചനത്തിലുണ്ട്. നിരാശനായ ബാലാക്ക് കൈ കൂട്ടിയടിച്ച് തന്റെ കോപവും വെറുപ്പും പ്രകടമാക്കി; ബാലാമിനെ വെറുംകൈയോടെ തിരിച്ചയച്ചു.

**നാലാം പ്രവചനം 24, 14–15**

മൊവാബ്യരുടെ ഭാവിയെക്കുറിച്ചുള്ള മുന്നറിയിപ്പായിട്ടാണ് നാലാം പ്രവചനം അവതരിപ്പിച്ചിരിക്കുന്നതെങ്കിലും ഇസ്രായേലിന്റെ ഭാവിമഹത്വവും ചുറ്റുപാടുമുള്ള ജനതകളുടെ മേൽ അവർ നേടുന്ന വിജയവുമാണ് ഇവിടെയും മുഖ്യവിഷയം. "സർവ്വശക്തന്റെ അറിവിൽ പങ്കു ചേർന്നവൻ" എന്ന വിശേഷണം പ്രവാചകത്വത്തെ സംബന്ധിച്ച് വീണ്ടും ആഴമേറിയ ഉൾക്കാഴ്ച നല്കുന്നു. ദൈവികപദ്ധതിയെ വെളിപ്പെടുത്താനും വ്യാഖ്യാനിക്കാനും വേണ്ടിയാണ് പ്രവാചകൻ വിളിക്കപ്പെടുന്നത്.

ഇസ്രായേലിനെ ഭരിക്കാൻ പോകുന്ന രാജാവിനെയാണ് "നക്ഷത്രം", "ചെങ്കോൽ" എന്നീ പ്രതീകങ്ങൾ (24, 17) സൂചിപ്പിക്കുന്നത്. "ഷേത്തിന്റെ മക്കൾ" എന്ന പ്രയോഗം മൊവാബ്യരുടെ പര്യായമായി ഉപയോഗിച്ചിരിക്കുന്നു, "സെയിർ" എദോമിന്റെയും. ഇരുകൂട്ടരുടെയും മേലുള്ള വിജയമാണ് ഇവിടെ പ്രവചിക്കുന്നത്. മൊവാബ്യരെയും ഏദോമ്യരെയും പരാജയപ്പെടുത്തിയ ദാവീദിൽ (2 സാമു 8, 2.13–14) ഈ പ്രവചനം ഒരു പരിധിവരെ പൂർത്തിയായി. എന്നാൽ തിന്മയുടെ സകല ശക്തികളിന്മേലും വിജയം വരിച്ച്, ലോകജനതകളെ മുഴുവൻ തന്റെ രാജ്യത്തിലേക്കു നയിക്കുന്ന യേശുക്രിസ്തുവിൽ പൂർത്തിയായ ഒരു പ്രവചനമായിട്ടാണ് സഭാപിതാക്കന്മാർ ഇതിനെ വ്യാഖ്യാനിച്ചത്. യേശുവിന്റഎ ജനനത്തോടനുബന്ധിച്ച് പൗരസ്ത്യദേശത്തെ ജ്ഞാനികൾ നക്ഷത്രം കണ്ടതും (മത്താ 2, 2) യേശുവിനെ പുലർകാലനക്ഷത്രമായി ചിത്രീകരിക്കുന്നതും (വെളി. 22, 16) ഈ പ്രവചനവുമായി ബന്ധപ്പെട്ടിരിക്കുന്നു.

അമലേക്യരുടെയും കേന്യരുടെയും നാശത്തെക്കുറിച്ച് 24, 20–25ൽ പ്രവചിക്കുന്നു. മരുഭൂമിയിലൂടെ യാത്ര ചെയ്ത ഇസ്രായേൽക്കാരെ ആദ്യമായി ആക്രമിച്ചതിനാലാവാം (പുറ 17, 8) അമലേക്യരെ ജനതകളിൽ ഒന്നാമൻ (24, 20) എന്നു വിളിക്കുന്നത്. അവരെ സാവൂളും (1സാമു 15) പിന്നീട് ദാവീദും (1 സാമു 30) യുദ്ധത്തിൽ നശിപ്പിച്ചപ്പോൾ ഈ പ്രവചനം പൂർത്തിയായി.

24–ാം വാക്യത്തിലെ പ്രവചനം എന്തിനെ സൂചിപിക്കുന്നു എന്ന

കാര്യത്തിൽ അഭിപ്രായഭിന്നതയുണ്ട്. ബി.സി. പന്ത്രണ്ടാം നൂറ്റാണ്ടിൽ കപ്പൽമാർഗ്ഗം വന്ന് കാനാൻദേശം കീഴടക്കാൻ ശ്രമിക്കുകയും അവസാനം ഇസ്രായേൽക്കാരാൽ തോല്പിക്കപ്പെടുകയും ചെയ്ത ഫിലിസ്ത്യരെയാണ് ഇവിടെ വിവക്ഷിക്കുന്നതെന്ന് കരുതുന്നവരുണ്ട്. പടിഞ്ഞാറു നിന്ന് വന്ന് മധ്യപൗരസ്ത്യദേശം മുഴുവൻ കീഴടക്കിയ ഗ്രീക്കുകാരെയോ റോമാക്കാരെയോ ഉദ്ദേശിച്ചിട്ടുള്ളതാണ് ഈ പ്രവചനം എന്നു കരുതുന്നവരുമുണ്ട്.

ഒരു ജനതയ്ക്കും, അവർ എത്ര തന്നെ ശക്തരായാലും, ശാശ്വതമായ നിലനില്പ്പില്ലെന്നും ദൈവരാജ്യത്തിന് അവരെല്ലാം അടിയറ പറയേണ്ടിവരുമെന്നുമുള്ള അടിസ്ഥാന സത്യമാണ് ഈ പ്രവചനങ്ങളിലെല്ലാം പ്രതിധ്വനിക്കുന്നത്. ഒറ്റപ്പെട്ട ജനതകളുടെയും ഇസ്രായേൽജനത്തിന്റെയും ഭാവിയെമറി കടന്ന്, സാർവ്വത്രികരക്ഷയെയും മിശിഹായുടെ രാജത്വത്തെയും ദൈവരാജ്യത്തിന്റെ സംസ്ഥാപനത്തെയും സംബന്ധിക്കുന്ന പ്രവചനങ്ങളായി ഇവയെ മനസ്സിലാക്കണം.

**വിചിന്തനം** : ബാലിശവും ഹാസ്യവുമെന്ന് ചിലപ്പോഴൊക്കെ തോന്നിയേക്കാമെങ്കിലും ബൈബിളിലെ വിവരണങ്ങളെല്ലാം ആഴമേറിയ സത്യം ഉൾക്കൊള്ളുന്ന ദൈവവചനമാണ്. അത് അർഹിക്കുന്ന ആദരവോടെ സ്വീകരിക്കാനും പഠിക്കാനും തയ്യാറാകുമ്പോൾ സത്യത്തിന്റെ ആഴങ്ങളിലേക്ക് ദൈവത്തിന്റെ ആത്മാവ് നമ്മെ കൈപിടിച്ചു നയിക്കും. വചനത്തിന്റെ മുമ്പിൽ മാനുഷിക വക്താവ് നിഷ്പ്രഭനാകുന്നു. ആരു പറയുന്നു എന്നതിനേക്കാൾ എന്തു പറയുന്നു എന്നതാണ് പ്രധാനം. ബാലാമിനെ തന്റെ വചനത്തിന്റെ വക്താവായി നിയോഗിച്ച കർത്താവ് ഇന്നും തനിക്കിഷ്ടമുള്ളവരെ തന്റെ വക്താക്കളായി തിരഞ്ഞെടുക്കുന്നു. എന്നാൽ തിരഞ്ഞെടുപ്പും അതുവഴി ലഭിക്കുന്ന വരങ്ങളും ആരെയും വിശുദ്ധനാക്കണമെന്നില്ല; അത്ഭുതസിദ്ധികൾ ജീവിതവിശുദ്ധിയുടെ അടയാളമായിരിക്കണമെന്നല്ല (മത്താ 7, 21-23); സിദ്ധികളെക്കുറിച്ച് അഹങ്കരിക്കാൻ ആർക്കും അവകാശവുമില്ല (ലൂക്ക 17, 10).

## ചോദ്യങ്ങൾ

1. ആരായിരുന്നു ബാലാക്ക്? എന്തിനു വേണ്ടിയാണ് അയാൾ ബാലാ

മിനെ ക്ഷണിച്ചത്?

2. ദൂതന്മാരുടെയും ബാല്ക്കിന്റെയും അഭ്യർത്ഥനയ്ക്കു നല്കിയ മറുപടിയിൽ ബാലാം ഒരു കാര്യം ആവർത്തിച്ച് ഊന്നിപ്പറഞ്ഞു. എന്താണത്?

3. ബാലാമിനോടു കർത്താവു കോപിക്കാൻ കാരണമെന്ത്?

4. ബാലാമിന്റെ കഴുതയിൽ നിന്ന് എന്തു പാഠമാണ് ലഭിക്കുന്നത്?

5. ബാലാമിനെ ഒരു യഥാർത്ഥ പ്രവാചകനായി വി. ഗ്രന്ഥകാരൻ ചിത്രീകരിച്ചിരിക്കുന്നു. വിശദീകരിക്കുക.

6. ഇസ്രായേലിന്റെ സ്വഭാവത്തെയും ഭാവിയെയും സംബന്ധിച്ച എന്തു പാഠമാണ് ഈ പ്രവചനങ്ങളിൽ നിന്നു ലഭിക്കുന്നത്?

7. നക്ഷത്രത്തെയും ചെങ്കിലിനെയും കുറിച്ചുള്ള പ്രവചനത്തിന്റെ അർത്ഥം വിശദീകരിക്കുക.

**ചർച്ചയ്ക്ക് :**

1. ബാലാമിനു ബുദ്ധി പകർന്ന കഴുതയിൽ നിന്ന് എന്തു പാഠമാണ് നിങ്ങൾക്കു ലഭിക്കുന്നത്?

2. വ്യക്തികളുടെ സ്വാർത്ഥ താല്പര്യങ്ങൾ ദൈവഹിതമായി ചിത്രീകരിക്കാനും മറ്റുള്ളവരുടെ മേൽ അടിച്ചേല്പിക്കാനുമുള്ള ശ്രമങ്ങൾ നമ്മുടെ സമൂഹത്തിൽ നടക്കാറുണ്ടോ? എവിടെ? എങ്ങനെ? എന്താണതിന്റെ ഫലങ്ങൾ?

**പ്രാർത്ഥന :** സങ്കീ. 139, 23-24 ഉപയോഗിച്ചു പ്രാർത്ഥിക്കുക.

## 2. വിവിധ സംഭവങ്ങളും നിയമങ്ങളും 25-36

മൊവാബു സമതലത്തിലെ വാസത്തെക്കുറിച്ചു പ്രതിപാദിക്കുന്ന ഈ അവസാനഭാഗത്ത് ചില സംഭവങ്ങളും നിയമങ്ങളും ഇട കലർത്തി അവതരിപ്പിച്ചിരിക്കുന്നു. കാനാൻദേശത്തു വാസമുറപ്പിക്കുമ്പോൾ ജനം നേരിടാൻ പോകുന്ന പ്രശ്നങ്ങളെയും പ്രതിസന്ധികളെയും

സൂചിപ്പിക്കുന്നവയാണ് സംഭവങ്ങൾ; നിയമങ്ങളാകട്ടെ, ആ പ്രശ്ന ങ്ങൾക്കു പ്രതിവിധി നിർദ്ദേശിക്കുന്നവയും. ജനം കാനാനിലേക്കു കടന്ന് വാഗ്ദത്തഭൂമി കൈവശമാക്കാൻ പോകുന്നു എന്ന ആകാം ക്ഷാഭരിതമായ അന്തരീക്ഷം ഈ അധ്യായങ്ങളിൽ നിറഞ്ഞു നില്ക്കു ന്നു.

**a. വിജാതീയ സ്ത്രീകളുടെ സ്വാധീനം 25, 1-15**

മൊവാബുസമതലത്തെ "ഷിത്തിം" എന്നാണ് 25, 1ൽ വിളിക്കു ന്നത്. ഇവിടെ നിന്നാണ് ജോഷ്വാ ചാരന്മാരെ അയച്ചതും കാനാനി ലേക്ക് പടനീക്കം തുടങ്ങിയതും (ജോഷ്വാ 2, 1; 3, 1). വിജാതീയ സ്ത്രീകളുമായി ബന്ധപ്പെട്ട രണ്ടു സംഭവങ്ങൾ ഇവിടെ വിവരിക്കു ന്നു. കാനാൻദേശത്തു വാസമുറപ്പിച്ച ഇസ്രായേൽക്കാർക്ക് നിര ന്തരം അഭിമുഖീകരിക്കേണ്ടിവന്ന ഒരു പ്രലോഭനമായിരുന്നു വിജാ തീയസ്ത്രീകളുമായുള്ള സംസർഗ്ഗവും അവരിലൂടെ കടന്നുവന്ന വിഗ്ര ഹാരാധനയും. ഈ പ്രലോഭനങ്ങളെ എപ്രകാരം നേരിടണമെന്ന് ഇവിടെ നല്കുന്ന വിവരണത്തിലൂടെ പഠിപ്പിക്കുന്നു.

മൊവാബ്യസ്ത്രീകൾ വഴിയുണ്ടായ പ്രലോഭനവും പാപവു മാണ് ആദ്യമേ (25, 1-5) വിവരിക്കുന്നത്. ഫലപുഷ്ടിയുടെ ദേവ നായ ബാലിന് അർപ്പിക്കുന്ന ആരാധന ലൈംഗികവൃത്തിയുമായി ബന്ധപ്പെട്ടിരുന്നതിനാൽ വിഗാരഹാരാധനയും വ്യഭിചാരവും ഒരുമിച്ചു പോകുന്നു. അരാബാ ഗിരിനിരകളിലെ ഒരു കൊടുമുടിയാണ് പെയോർമല. അവിടേയ്ക്കാണ് ബാലാക്ക് അവസാനമായി ബാലാ മിനെ നയിച്ചത് (23, 28). പെയോറിൽ ആരാധിക്കപ്പെട്ടിരുന്ന ബാൽദേ വനെ 'ബാൽപെയോർ' എന്നു വിളിക്കുന്നു. കർത്താവിന്റെ കോപം ജനത്തിന്റെ മേൽ എന്തു ശിക്ഷയാണ് വരുത്തിവച്ചതെന്നു വിവരി ക്കുന്നില്ല. ജനത്തെ നേർവഴിക്കു നയിക്കാൻ കടപ്പെട്ടവർ അവരുടെ പാപത്തിനും ഉത്തരവാദികളായിത്തീരുന്നു. അതിനാലാണ് നേതാ ക്കന്മാരെ തൂക്കിക്കൊല്ലാൻ കല്പിക്കുന്നത്. ശിക്ഷ നടപ്പിലാക്കിയോ എന്നു പറയുന്നില്ല.

മിദിയാൻകാരിയുമായി ലൈംഗികവേഴ്ചയിൽ ഏർപ്പെട്ട ഇസ്രാ യേൽക്കാരനു നല്കിയ ശിക്ഷയാണ് രണ്ടാമത്തെ സംഭവം (25, 6-15).

പ്രധാന പുരോഹിതനായ എലയാസറിന്റെ പുത്രൻ ഫിനഹാസ് അവരെ കുത്തിക്കൊന്നത് വിശ്വാസതീക്ഷ്ണതയുടെ മാതൃകയായി ബൈബിളിൽ പല തവണ എടുത്തുകാട്ടുന്നുണ്ട് (സങ്കീ. 106, 28-30; പ്രഭാ 45, 23-26; 1 മക്ക 2, 26.54). സോളമന്റെ കാലം മുതൽ ഫിനഹാസിന്റെ വംശത്തിൽപ്പെട്ട സാദോക്കിന്റെ പുത്രന്മാർ മാത്രമേ ഇസ്രായേലിൽ പ്രധാന പുരോഹിതന്മാരായിരുന്നുള്ളൂ.

മിദിയാൻകാരെ ആക്രമിച്ചു നശിപ്പിക്കാൻ 25, 16-18ൽ നല്കിയ കല്പനയുടെ പൂർത്തീകരണം 31-ാം അധ്യായത്തിൽ വിവരിക്കുന്നുണ്ട്. ബാലാമിന്റെ ഉപദേശം അനുസരിച്ചാണ് മിദിയാൻസ്ത്രീകൾ ഇസ്രായേൽക്കാരെ വേശ്യാവൃത്തിയിലേക്കും വിഗ്രഹാരാധനയിലേക്കും നയിച്ചതെന്ന് 31, 16ൽ വിശദീകരിക്കുന്നു. ഇതുവരെ സുഹൃത്തുക്കളായി ചിത്രീകരിച്ച മിദിയാൻകാർക്കെതിരേ ഇസ്രായേൽക്കാർ യുദ്ധത്തിനു പുറപ്പെടാൻ കാരണം എന്തെന്ന് ഈ സംഭവങ്ങളിലൂടെ പുരോഹിതഗ്രന്ഥകാരൻ (P) വിശദീകരിക്കുന്നു.

**വിചിന്തനം** : വിശ്വസാഹോദര്യത്തിന്റെയും മതസൗഹാർദ്ദത്തിന്റെയും സന്ദേശം ഉറക്കെ പ്രഘോഷിക്കപ്പെടുന്ന ആനുകാലിക സമൂഹത്തിൽ ഈ സംഭവങ്ങൾ തികച്ചും അസ്വീകാര്യമായി തോന്നാം. എന്നാൽ അവയിലൂടെ നല്കുന്ന സന്ദേശത്തിന് ഇന്നും പ്രസക്തിയുണ്ട്. മതമൈത്രിയുടെ പേരിലാണെങ്കിലും സത്യം മറച്ചു വയ്ക്കുന്നതും അനാചാരങ്ങളിൽ അകപ്പെടുന്നതും പാപമാണ്. വ്യഭിചാരത്തിലും വിഗ്രഹാരാധനയിലും നിന്നെന്നപോലെ തന്നെ, ക്രിസ്തീയവിശ്വാസത്തിനു നിരക്കാത്ത ആചാരങ്ങളിലും ആഘോഷങ്ങളിലും നിന്ന് ഒഴിഞ്ഞു നില്ക്കണം. ഇപ്രകാരമുള്ള ആഘോഷങ്ങൾ പ്രോത്സാഹിപ്പിക്കുന്ന നേതാക്കന്മാർ മാതൃകാപരമായി ശിക്ഷിക്കപ്പെടുകയും വേണം.

### b. രണ്ടാമത്തെ ജനസംഖ്യ 26, 1-65

സീനായിൽ നിന്നു പുറപ്പെടുന്നതിന്റെ ഒരുക്കമായിട്ടാണ് ആദ്യത്തെ ജനസംഖ്യാകണക്കെടുത്തത് (1, 20-54). രണ്ടാമത്തേതാകട്ടെ കാനാനിലേക്കുള്ള പടനീക്കത്തിനൊരുക്കവും. രണ്ടും തമ്മിൽ ഒരു തലമുറയുടെ അകലമുണ്ട്. ആദ്യത്തെ കണക്കിൽ നിന്ന് മോശ, കാലേബ്, ജോഷ്വാ എന്നിവർ മാത്രമേ ഇവിടെ

അവശേഷിച്ചിട്ടുള്ളൂ. സംഖ്യയെ സംബന്ധിച്ച് ആദ്യത്തെ കണക്കിൽ പറഞ്ഞ കാര്യങ്ങൾ ഇവിടെയും ബാധകമാണ്. ആയിരം എന്നത് ഒരു ഗണം എന്നു വിവർത്തനം ചെയ്താൽ അർത്ഥം ഗ്രഹിക്കുക കൂടുതൽ എളുപ്പമാകും. നാല്പതു വർഷം മരുഭൂമിയിലൂടെ അലയുകയും ഒരു തലമുറ മുഴുവൻ മൺമറയുകയും ചെയ്തിട്ടും ജനസംഖ്യയിൽ കാര്യമായ കുറവുണ്ടായില്ല എന്നത് ദൈവത്തിന്റെ പ്രത്യേക പരിപാലനയുടെ തെളിവാണ്.

ദേശം വിഭജിക്കുന്നതിനെക്കുറിച്ച് രണ്ടു നിർദ്ദേശങ്ങൾ നല്കിയിരിക്കുന്നു (26, 52-56). 1. ഗോത്രത്തിന്റെ അംഗസംഖ്യയനുസരിച്ച് ദേശം വിഭജിക്കണം. 2. നറുക്കിട്ട് സ്ഥലം നിശ്ചയിക്കണം. എല്ലാവർക്കും തുല്യനീതി ഉറപ്പു വരുത്തുന്നതാണ് ആദ്യ നിയമം. രണ്ടാമത്തേതാകട്ടെ ദൈവം നല്കുന്ന ദാനമായി ദേശത്തെ സ്വീകരിക്കാനും സ്വാർത്ഥമോഹങ്ങൾക്കു വേണ്ടി സംഘട്ടനങ്ങൾ ◌ുണ്ടാകാതിരിക്കാനും സഹായിക്കുന്നു. ലേവ്യരുടെ ജനസംഖ്യയിൽ (26, 57-62) മോശയുടെ കുടുംബത്തിനു പ്രത്യേക പ്രാധാന്യം നല്കിയിരിക്കുന്നു. കണക്കെടുപ്പിന്റെ ഉപസംഹാരം (26, 63-65) വാഗ്ദത്തഭൂമിയുടെ പടിവാതില്ക്കൽ എത്തി നില്ക്കുന്ന ജനത്തിന്റെ ആകാംക്ഷ പടിവാതില്ക്കൽ എത്തി നില്ക്കുന്ന ജനത്തിന്റെ ആകാംക്ഷ പ്രകടമാക്കുന്നു. എല്ലാം തയ്യാറായി; ഇനി പുറപ്പെട്ടാൽ മതി എന്ന പ്രതീതിയാണ് ഇതിൽ നിന്നു ലഭിക്കുക.

**c. പിന്തുടർച്ചാവകാശം 27, 1-11**

ഇസ്രായേലിൽ നിലവിലിരുന്ന നിയമമനുസരിച്ച് ആൺമക്കൾക്കു മാത്രമേ പിതൃസ്വത്തിൽ അവകാശമുണ്ടായിരുന്നുള്ളൂ. ആൺമക്കളുടെ എണ്ണത്തിൽ ഒന്നുകൂട്ടി വസ്തു വിഭജിച്ച്, ആദ്യജാതനു രണ്ടു പങ്കും മറ്റുള്ളവർക്ക് ഓരോ പങ്കും നല്കും. (നിയ 21, 15-17). മനാസ്സെയുടെ ഗോത്രത്തിൽപ്പെട്ട സെലോഫഹാദിന് അഞ്ചു പെൺമക്കൽ മാത്രമേ ഉണ്ടായിരുന്നുള്ളൂ (26, 33). ആൺമക്കളില്ലാത്ത തങ്ങളുടെ പിതാവിന്റെ നാമം ഇസ്രായേലിൽ നിന്നു മാഞ്ഞുപോകാതിരിക്കാൻ പിതൃസ്വത്ത് തങ്ങൾക്കവകാശമായി നല്കണം എന്ന് അവർ ആവശ്യപ്പെട്ടു. പിതൃസ്വത്തിൽ പെൺമക്കൾക്കുള്ള

അവകാശം എന്നതിനേക്കാൾ ഓരോ കുടുംബത്തിന്റെയും തലമുറകളിലൂടെയുള്ള നിലനില്പാണ് ഇവിടെ ചർച്ചാവിഷയമാകുന്നത്. ഈ പ്രശ്നത്തിനു കർത്താവു നിർദ്ദേശിച്ച പരിഹാരം ഇസ്രായേലിൽ പൊതുനിയമമായി അംഗീകരിക്കപ്പെട്ടു. പുത്രനില്ലാതെ മരിക്കുന്നവരുടെ അവകാശം പുത്രിക്കും, പുത്രിയുമില്ലെങ്കിൽ ഏറ്റവും അടുത്ത ബന്ധുവിനും നല്കണം.

**വിചിന്തനം** : പിതൃസ്വത്തിൽ എല്ലാ മക്കൾക്കും തുല്യഅവകാശം നല്കണം. അതേസമയം, അവകാശം സ്വീകരിക്കുന്നവരും അവകാശത്തിനു വേണ്ടി വാദിക്കുന്നവരും മാതാപിതാക്കന്മാരോടുള്ള കടമ നിർവഹിക്കുന്നുണ്ടോ എന്നു കൂടി ആലോചിക്കണം. അവകാശവാദങ്ങൾ പലപ്പോഴും സ്വാർത്ഥമോഹങ്ങളാൽ പ്രേരിതങ്ങളാകാം. അതു മാതാപിതാക്കന്മാരെ കണ്ണീരിലാഴ്ത്തുകയും സഹോദരങ്ങൾക്കിടയിൽ കലഹം സൃഷ്ടിക്കുകയും ചെയ്തെന്നും വരാം. ജീവിച്ചിരിക്കുന്ന മാതാപിതാക്കന്മാരെ ആദരിച്ചു പരിപാലിക്കാനും മരിച്ചുപോയവർക്കു വേണ്ടി പ്രാർത്ഥിക്കാനും മക്കൾക്കു കടമയുണ്ട്. പിന്തുടർച്ചാവകാശത്തെപ്പറ്റി ചിന്തിക്കുന്നവർ ഈ കടമകളെക്കുറിച്ചും ചിന്തിച്ചാൽ അതു കുടുംബങ്ങളിൽ ഐക്യവും സാഹോദര്യവും സമൂഹത്തിൽ നീതിയും നിലനില്ക്കാൻ സഹായിക്കും.

### d. നേതൃത്വം ജോഷ്വായ്ക്ക് 27, 12-22

കർത്താവിനോട് അവിശ്വസ്തത കാട്ടിയതിനാൽ വാഗ്ദത്ത ഭൂമിയിൽ പ്രവേശനം നിഷേധിക്കപ്പെട്ട മോശയ്ക്ക് ആ ഭൂമി അകലെ നിന്ന് നോക്കിക്കാണാൻ അനുവാദം ലഭിച്ചു (27, 12-14). തന്റെ പരാജയം ജനത്തിനു മുഴുവൻ നാശകാരണമാകരുതെന്ന് തീവ്രമായി ആഗ്രഹിച്ച മോശ തനിക്കു പകരം മറ്റൊരു നേതാവിനെ നിയമിക്കാൻ കർത്താവിനോടു യാചിച്ചു. മോശയുടെ പിൻഗാമിയായി നിശ്ചയിക്കുന്ന ജോഷ്വായുടെ ഏകസവിശേഷതയായി ഇവിടെ എടുത്തുകാട്ടുന്നത് അയാളിൽ ആത്മാവ് കുടികൊള്ളുന്നു എന്നതാണ്. ദൈവം തന്റെ ആത്മാവിനെ നല്കി തിരഞ്ഞെടുത്ത ജോഷ്വായെ കൈവയ്പു വഴി അധികാരം നല്കി നേതാവായി നിയോഗിക്കാൻ മോശയോടു നിർദ്ദേശിക്കുമ്പോൾ സഭാനേതൃത്വത്തിലെ ദൈവികവും മാനിഷക

വുമായ വശങ്ങൾ എടുത്തുകാട്ടുന്നു.

മോശയുടെ പിൻഗാമിയായി ജോഷ്വായെ നിയോഗിച്ചെങ്കിലും ഇരുവരും തമ്മിലുള്ള വലിയ അന്തരം വിശുദ്ധഗ്രന്ഥകാരൻ എടുത്തു കാട്ടുന്നുണ്ട്. മോശയോടു ദൈവം മുഖാഭിമുഖം സംസാരിച്ചു. ജോഷ്വായ്ക്കാകട്ടെ, ദൈവഹിതം അറിയാൻ പുരോഹിതന്റെയും ഉറി മിന്റെയും സഹായം തേടണം (ഉറിമിനെക്കുറിച്ച് പുറ 28, 30- തീർത്ഥാ ടനം 6, പേജ് 67).

**വിചിന്തനം** : ആത്മാവിന്റെ നിറവും അധികാരികളിൽ നിന്നുള്ള നിയോ ഗവും സമൂഹത്തിന്റെ അംഗീകാരവും യഥാർത്ഥ നേതൃത്വത്തിന് ആവ ശ്യമാണ്. ഞാൻ പരിശുദ്ധാത്മാവിനാൽ നിറഞ്ഞിരിക്കുന്നു; മറ്റാരു ടെയും നിയോഗമോ അംഗീകാരമോ എനിക്കാവശ്യമില്ല എന്നു പറ യുന്നവർ സഭയിൽ ഭിന്നിപ്പുണ്ടാക്കുന്നു. ഔദ്യോഗികനിയമനത്തിന്റെ ബലത്തിൽ ആത്മാവിന്റെ പ്രചോദനത്തെ അവഗണിക്കുന്നവർ സഭയെ വന്ധ്യമാക്കുന്നു.

### e. ബലികളും തിരുനാളുകളും 28, 1-29, 40

ഇസ്രായേൽജനം ഒന്നടങ്കം കർത്താവിന് അർപ്പിക്കേണ്ട ബലി കളുടേയും ആഘോഷിക്കേണ്ട തിരുന്നാളുകളുടെയും പൂർണ്ണമായ ഒരു പട്ടികയാണ് ഈ രണ്ട് അധ്യായങ്ങളിൽ അവതരിപ്പിക്കുന്നത്. തിരുനാളുകളുടെ ഭാഗികമായ പട്ടികകൾ പുറ 12-13; ലേവ്യ 23; നിയ 16 എന്നീ ബൈബിൾ ഭാഗങ്ങളിൽ കാണാം. എന്നാൽ ഇവിടെ ജനം ആചരിക്കേണ്ട പ്രത്യേക തിരുനാളുകളും ഓരോ തിരുനാളിലും അർപ്പി ക്കേണ്ട ബലികളും ഏവയെന്നു വിശദമായി പ്രതിപാദിക്കുന്നു. കാള, ആട് എന്നിവയോടൊപ്പം ധാന്യം, എണ്ണ എന്നിവ നിശ്ചിത അനുപാത ത്തിൽ അർപ്പിക്കാൻ നിർദ്ദേശിച്ചിട്ടുണ്ട്.

‘‘കർത്താവിനു സ്വീകാര്യമായ ബലികൾ അർപ്പിക്കാൻ ജനത യോടു കല്പിക്കണം’’ എന്ന ആമുഖവുമായിട്ടാണ് (28, 1-2) നിർദ്ദേശ ങ്ങൾ ആരംഭിക്കുന്നത്. തുടർന്ന് ബലിയർപ്പണം ആവശ്യമായ എട്ടു സാഹചര്യങ്ങൾ എടുത്തു കാട്ടുന്നു.

1. അനുദിനബലി 28, 38 (പുറ 29, 38-42; ലേവ്യ 6, 8-13) ദിവസം

തോറും പ്രഭാതത്തിലും സായാഹ്നത്തിലും അർപ്പിക്കേണ്ട ബലികളാണിത്.

2. വാരാന്ത്യബലി 28, 9-10 അനുദിനബലിക്കു പുറമേ ആഴ്ചയുടെ അവസാനത്തെ ദിവസമായ സാബത്തിൽ അർപ്പിക്കേണ്ട ബലികൾ.

3. മാസാരംഭത്തിൽ 28, 11-15 ചന്ദ്രപഞ്ചാംഗം അനുസരിച്ച് മാസങ്ങളും വർഷങ്ങളും കണക്കു കൂട്ടിയിരുന്ന ഇസ്രായേൽക്കാർക്ക് മാസത്തിന്റെ ആദ്യദിവസമായ അമാവാസി (കറുത്തവാവ്) ഉത്സവദിനമായിരുന്നു (1 സാമു 20, 5; 1 ദിന 23, 31; എസ്രാ 3, 5; ഏശ 1, 13; എസെ 14, 17).

4. പെസഹാ, പുളിപ്പില്ലാത്ത അപ്പത്തിന്റഎ തിരുനാൾ 28, 16-25 (പുറ 12-13; ലേവ്യ 23, 5-8). ഒന്നാം മാസം 14-ാം ദിവസം ആരംഭിക്കുന്ന പെസഹാത്തിരുനാൾ, തുടർന്നുള്ള ഏഴു ദിവസങ്ങളിൽ ആചരിക്കുന്ന പുളിപ്പില്ലാത്ത അപ്പത്തിന്റെ തിരുനാൾ എന്നിവയിൽ അർപ്പിക്കേണ്ട പ്രത്യേകബലികളെ കുറിച്ചു നിർദ്ദേശിക്കുന്നു.

5. വാരോത്സവം 28, 26-31 (ലേവ്യ 23, 15-22). പെസഹായ്ക്കു ശേഷം ഏഴ് ആഴ്ച കഴിഞ്ഞ് ആഘോഷിക്കുന്നതിനാൽ ആഴ്ചകളുടെ തിരുനാൾ എന്നും, പെസഹാ കഴിഞ്ഞ് 50-ാം ദിവസമായതിനാൽ പന്തക്കുസ്താ എന്നും ഇതിനെ വിളിക്കുന്നു.

6. വർഷാരംഭം 29, 1-6 (ലേവ്യ 23, 23-25 തീർത്ഥാടനം 7, പേജ് 81). കാഹളം മുഴക്കിക്കൊണ്ട് ആരംഭിക്കുന്നതിനാൽ ഇതിനെ ''കാഹളത്തിരുനാൾ'' എന്നും വിളിക്കാറുണ്ട്.

7. പാപപരിഹാരദിനം 29, 7-11 (ലേവ്യ 16; 23, 26-32). ഈ തിരുനാളിനെക്കുറിച്ച് ലേവ്യ 16ൽ വിശദമായി പ്രതിപാദിച്ചിട്ടുണ്ട് (തീർത്ഥാടനം 7, പേജ് 51-61).

8. കൂടാരത്തിരുനാൾ 29, 12-38 (ലേവ്യ 23, 33-36). സമാപനദിവസമടക്കം എട്ടു ദിവസം ദീർഘിക്കുന്ന ഈ തിരുനാളിനാണ് ഏറ്റം കൂടുതൽ ബലികൾ നിർദ്ദേശിച്ചിരിക്കുന്നത്.

ഇസ്രായേൽജനം നിർബന്ധമായും അർപ്പിക്കേണ്ട ബലികളാണ്

ഇവ എന്ന നിർദ്ദേശത്തോടെ (29, 39–40) വിവരണം അവസാനിക്കുന്നു. വ്യക്തികൾ വിവധ ആവശ്യങ്ങൾക്കായി അർപ്പിക്കുന്ന ബലികൾ ഇവയ്ക്കു പുറമേയാണ്.

**വിചിന്തനം** : തിരുനാളാഘോഷങ്ങളും ബലിയർപ്പണങ്ങളും ഇസ്രായേലിന്റെ സമൂഹജീവിതത്തിലെ അതിപ്രധാനമായ ഒരു ഘടകമായിരുന്നു. കർത്താവിന്റെ രക്ഷാകരപ്രവൃത്തികളെ നന്ദിയോടെ അനുസ്മരിക്കുന്നതിനും ഉടമ്പടിയുടെ നിബന്ധനകളനുസരിച്ചു ജീവിക്കാമെന്ന പ്രതിജ്ഞ പുതുക്കുന്നതിനും കർതൃസന്നിധിയിൽ ദൈവജനത്തിന് ഒന്നടങ്കം സന്തോഷിക്കുന്നതിനുമുള്ള അവസരങ്ങൾ മാത്രമായി അധഃപതിച്ചതാണ് പ്രവാചകന്മാരും യേശുവും ഉത്സവാഘോഷങ്ങളെയും ബലിയർപ്പണങ്ങളെയും ശക്തമായി വിമർശിക്കാൻ കാരണം (ഏശ 1, 10–15; ആമോ 5, 21–25; മത്താ 9, 13; മർക്കോ 2, 27–28). നമ്മുടെ ഇന്നത്തെ തിരുനാളാഘോഷങ്ങളെയും ബലിയർപ്പണങ്ങളെയും ഈ വിമർശനങ്ങളുടെ വെളിച്ചത്തിൽ പുനഃപരിശോധിക്കേണ്ടതുണ്ട്.

### f. നേർച്ചകളുടെ സാധുത 30, 1–16

കർത്താവിനു നേരുന്ന നേർച്ചകളെ വളരെ ഗൗരവത്തോടെയാണ് ബൈബിൾ പരിഗണിക്കുന്നത്. നേർച്ച നേരണമെന്ന് നിർബന്ധമില്ല. നേർന്നാൽ നിറവേറ്റാൻ ബാധ്യതയുണ്ട് (സഭാ 5, 4–6; ലേവ്യ 27. തീർത്ഥാടനം 7, പേജ് 92–93). നേർച്ച നിറവേറ്റാനുള്ള ഉത്തരവാദിത്വത്തെക്കുറിച്ച് പൊതുവായി അനുസ്മരിപ്പിച്ചതിനു ശേഷം (30, 1–2) സ്ത്രീകൾ നേരുന്ന നേർച്ചകൾ സാധുവോ അസാധുവോ ആകുന്ന സാഹചര്യങ്ങളെക്കുറിച്ചു പ്രതിപാദിക്കുന്നു.

സ്ത്രീകൾ വിവാഹംവരെ പിതാവിന്റെയും വിവാഹാനന്തരം ഭർത്താവിന്റെയും സംരക്ഷണത്തിൽ കഴിയുന്ന കാഴ്ചപ്പാടിലാണ് നേർച്ചയെ സംബന്ധിച്ച നിർദ്ദേശങ്ങൾ നല്കിയിരിക്കുന്നത്. നേർച്ച നേരാൻ സ്ത്രീകൾക്കു സ്വാതന്ത്ര്യമുണ്ട്. അവ നിറവേറ്റാൻ കടമയും. എന്നാൽ പിതാവിന്റെയോ ഭർത്താവിന്റെയോ അംഗീകാരവും അനുവാദവും ഇതിന് ആവശ്യമുണ്ട്. താൻ നേർച്ച നേർന്ന കാര്യം രക്ഷാകർത്താവിനെ അറിയിക്കുമ്പോൾ അയാൾ അതു വിലക്കിയാൽ

സ്ത്രീയുടെ നേർച്ച അസാധുവാകുന്നു. അയാൾ അതിനെ അംഗീകരിക്കുയോ ഒന്നും പറയാതിരിക്കുകയോ ചെയ്താൽ നേർച്ച സാധുവായിരിക്കും.

**വിചിന്തനം** : മതപരമായ കാര്യങ്ങളിലും ഭക്താനുഷ്ഠാനങ്ങളിൽപോലും ഭാര്യാഭർത്താക്കന്മാർ പരസ്പരം ആലോചിച്ചു തീരുമാനമെടുക്കുന്നത് കുടുംബത്തിൽ ഐക്യവും സമാധാവനവും നിലനിർത്താൻ സഹായിക്കും. കുടുംബത്തോടുള്ള ഉത്തരവാദിത്വങ്ങൾ അവഗണിച്ചു കൊണ്ടുള്ള ഭക്താനുഷ്ടാങ്ങൾ കർത്താവിനു സ്വീകാര്യമായിരിക്കുകയില്ല. നേർച്ചകളും വ്രതങ്ങളും നല്ലതുതന്നെ. എന്നാൽ അതു കുടുംബസമാധാനത്തിനും വ്യക്തിബന്ധങ്ങൾക്കും ഹാനികരമാകരുത്.

**g. മിദിയാനെതിരേ യുദ്ധം 31, 1-54**

ഇസ്രായേൽക്കാരെ വ്യഭിചാരത്തിലേക്കും വിഗ്രഹാരാധനയിലേക്കും നയിച്ചതിന്റെ പേരിൽ മിദിയാൻകാർക്കെതിരേ കർത്താവു പ്രഖ്യാപിച്ച ശിക്ഷാവിധി (25, 16) മോശ നടപ്പാക്കിയതിന്റെ ചരിത്രം ഒരു വിശുദ്ധ യുദ്ധത്തിന്റെ മാതൃകയിലാണ് ചിത്രീകരിച്ചിരിക്കുന്നത്. പുരോഹിതനായ ഫനഹാസാണ് യുദ്ധം നയിച്ചത്. ഇസ്രായേലിന്റെ ശത്രുക്കൾ കർത്താവിന്റെ ശത്രുക്കളാണെന്നും അതിനാൽ അവർക്കെതിരേയുള്ള യുദ്ധത്തിൽ കർത്താവാണ് തങ്ങളെ നയിക്കുന്നതെന്നും ഇസ്രായേൽക്കാർ വിശ്വസിച്ചു. കർത്താവു നയിക്കുന്ന യുദ്ധം വിശുദ്ധ യുദ്ധമാണ്. വിശുദ്ധ യുദ്ധത്തിനു പുറപ്പെടുന്ന സൈന്യം പ്രായേണ ചെറുതായിരിക്കും. കാരണം, സൈനികശക്തിയാലല്ല, കർത്താവിന്റെ സഹായത്താലാണ് വിജയം നേടുന്നത് (ന്യായാ 16). ജയിച്ചുകഴിയുമ്പോൾ ശത്രുക്കളെ ഒന്നൊഴിയാതെ കൊന്നൊടുക്കുന്നതും വിശുദ്ധ യുദ്ധത്തിന്റെ ഭാഗമത്രേ (നിയ 7, 1-5. 16; 20, 16-18). ഇസ്രായേൽക്കാർ വിജാതീയരുമായി സമ്പർക്കത്തിൽ ഏർപ്പെടുകയും അവരുടെ വിഗ്രഹാരാധനയിലേക്ക് ആകർഷിക്കപ്പെടുകുയം ചെയ്യാതിരിക്കാൻ വേണ്ടിയാണ് ഇത്ര ക്രൂരമായ നടപടി നിർദ്ദേശിച്ചിരിക്കുന്നത്.

22-24 അധ്യായങ്ങളിൽ ബാലാം ഇസ്രായേൽക്കാരെ അനുഗ്ര

ഹിക്കുന്ന ഒരു സുഹൃത്തായി പ്രത്യക്ഷപ്പെട്ടു. എന്നാൽ പിന്നീട് അയാൾ മൊവാബ്യർക്കും മിദിയാന്യർക്കും ഉപദേശിച്ചുകൊടുത്ത മാർഗ്ഗം ഉപയോഗിച്ചാണ് അവരുടെ സ്ത്രീകൾ ഇസ്രായേൽക്കാരെ വിഗ്രഹാരാധനയിലേക്കു നയിച്ചത് എന്ന് 31, 16ൽ വിശദീകരിക്കുന്നു. ഇതിന്റെ പേരിൽ ബാലാമിനെ ശത്രുവായി കാണുകയും മിദിയാൻകാരോടൊപ്പം കൊന്നുകളയുകയും ചെയ്തതായി 31, 8ൽ രേഖപ്പെടുത്തിയിരിക്കുന്നു. ബാലാമിനെക്കുറിച്ചു വ്യത്യസ്തപാരമ്പര്യങ്ങൾ നിലവിലിരുന്നതിന്റെ തെളിവാണിത്.

കൊള്ളവസ്തുക്കളുമായി മടങ്ങിവന്നവർ മിദിയാൻ സ്ത്രീകളെ കൊല്ലാതെ സൂക്ഷിച്ചതിനാൽ മോശ കുപിതനായി. വിശുദ്ധ യുദ്ധത്തിന്റെ നിയമത്തെ ലംഘിക്കുന്നതായിരുന്നു ഈ പ്രവൃത്തി. മിദിയാൻകാരി സ്ത്രീകൾ ഇസ്രായേൽ പുരുഷന്മാരെ വിഗ്രഹാരാധനയിലേക്കു നയിച്ചതിനാൽ കന്യകകളല്ലാത്ത സകലരെയും വധിക്കാൻ മോശ നിർദ്ദേശം നല്കി. ഏതാനും വർഷങ്ങൾക്കു ശേഷം മിദിയാൻ വീണ്ടും വലിയൊരു ശക്തിയായി പ്രത്യക്ഷപ്പെടുന്നതിൽ നിന്നും (ന്യായാ 6, 6). പുരുഷന്മാരെ എല്ലാം വധിച്ചു എന്നത് താത്വികമായ ഒരു കാഴ്ചപ്പാടിന്റെ പ്രകടനമായേ കാണാൻ കഴിയൂ. വിശുദ്ധ യുദ്ധമാണെങ്കിലും, മൃതശരീരത്തെ സ്പർശിക്കുന്ന ആളുകളും വസ്തുക്കളും അസുധമാകും എന്ന നിയമം നില നില്ക്കുന്നതിനാൽ ശുദ്ധീകരിണപ്രക്രിയ നിർദ്ദേശിച്ചിരിക്കുന്നു (31, 19–24).

ആളുകളും മൃഗങ്ങളും ആഭരണങ്ങളുമായി ലഭിച്ച കൊള്ളമുതലിന്റെ വിവരണം (31, 25–54) തികച്ചും അതിശയോക്തിയാണ്. കൊള്ളമുതൽ വിതരണം ചെയ്യുന്നതിൽ സ്വീകരിച്ച നിലവാട് തുടർന്നുള്ള എല്ലാ യുദ്ധങ്ങൾക്കും ബാധകമായിരിക്കും. കർത്താവു നയിക്കുന്ന യുദ്ധത്തിൽ നിന്നു ലഭിക്കുന്നത് എല്ലാവർക്കും അവകാശപ്പെട്ടതാകയാൽ ഓരോരുത്തർക്കും ആനുപാതികമായി വിതരണം ചെയ്യുന്നു. സ്വർണ്ണാഭരണങ്ങൾ സ്വമേധയാ കാഴ്ചവച്ച സൈന്യാധിപന്മാർ (31, 48–54) തങ്ങളുടെ ഔദാര്യവും കർത്താവിനോടുള്ള കൃതജ്ഞതയും വെളിപ്പെടുത്തി.

## h. വാഗ്ദത്തഭൂമിക്ക് പുറത്ത് അവകാശം 32, 1–42

അബ്രാഹത്തിനും സന്തതികൾക്കുമായി ദൈവം വാഗ്ദാനം ചെയ്തത് ജോർദ്ദാൻനദിക്കും മധ്യധരണ്യാഴിക്കും ഇടയിലുള്ള പ്രദേശമായിരുന്നു. എന്നാൽ ജോർദ്ദാൻ നദിയുടെ കിഴക്ക് യുദ്ധം ചെയ്തു കീഴടക്കിയ പ്രദേശങ്ങൾ നല്ല മേച്ചിൽസ്ഥലങ്ങളായതിനാൽ ആടുമാടുകൾ കൂടുതലുള്ള റൂബെർ, ദാൻ ഗോത്രങ്ങൾ അവിടെ വാസമുറപ്പിക്കാൻ താൽപര്യപ്പെട്ടു (32, 1–5). വാഗ്ദത്തഭൂമിയിലേക്കുള്ള പ്രയാണം ഇടയ്ക്കു വച്ചു നിർത്തിക്കളയുന്നത് വിശ്വാസത്യാഗവും വലിയ അപരാധവുമായി കണ്ട മോശ അവരെ ശകാരിച്ചു (32, 6–15). കാദേശ് ബർണയായിലെ വിശ്വാസത്യാഗത്തോടാണ് (സംഖ്യ 13–14) ഇതിനെ ഉപമിച്ചത്.

റൂബെൻ-ഗാദ് ഗോത്രജൻ തങ്ങളുടെ കന്നുകാലികൾക്ക് ആലകലും കുഞ്ഞുങ്ങൾക്കും സ്ത്രീകള്ക്കും പാർക്കാൻ പട്ടണങ്ങളും നിർമ്മിച്ചതിനുശേഷം, കാനാൻദേശം മുഴുവൻ കീഴടക്കുന്നതുവരെ അവർ മറ്റു ഗോത്രങ്ങളോയൊപ്പം മുൻപന്തിയിൽത്തന്നെ നിന്നു യുദ്ധം ചെയ്യുമെന്നു വാഗ്ദാനം ചെയ്തു (32, 16–32). അവർ വാക്കു പാലിച്ചതായി ജോഷ്വാ 4, 12–13; 22, 1–4ൽ രേഖപ്പെടുത്തിയിട്ടുണ്ട്. റൂബെൻ -ഗാദ് ഗോത്രങ്ങളാണ് അഭ്യർത്ഥനയുമായി മോശയെ സമീപിച്ചതെഹ്കിലും മാനാസ്സെയുടെ ഗോത്രത്തിലെ ചില കുലങ്ങൾക്കും ജോർദ്ദാനു കിഴക്ക് മോശ അവകാശം നല്കി (32, 33–42; ജോ,്വാ 13, 8–33).

ഇസ്രായേൽ ജനം ഒരുമിച്ചു നിന്ന് യുദ്ധം ചെയ്തു മുന്നേറുകയായിരുന്നില്ല, ഗോത്രങ്ങളും കുലങ്ങളും പടവെട്ടി പ്രദേശങ്ങൾ കീഴടക്കി വാസമുറപ്പിക്കുകയായിരുന്നു. ഈ സ്ഥലങ്ങൾ അവർക്ക് ഔദ്യോഗികമായി അംഗീകരിച്ചു നല്കുകയാണ് ജോഷ്വാ ചെയ്തത്. ഇതിനു മോശയുടെ അംഗീകാരം നല്കുന്നതാണ് ഈ അധ്യായത്തിലെ വിവരണം. അതേ സമയം ഗോത്രങ്ങളുടെയും കുലങ്ങളുടെയും സംരംഭങ്ങളും യുദ്ധങ്ങളും ജനത്തിന്റഎ പൊതുമുന്നേറ്റത്തിന്റെ ഭാഗമാണെന്നും ഇതിലൂടെ വ്യക്തമാകുന്നു.

**വിചിന്തനം** : വാഗ്ദത്തഭൂമിയിലേക്കുള്ള യാത്രയിൽ വഴിക്കു കാണുന്ന

ശാദ്വലഭൂമികളിൽ വാസമുറപ്പിക്കാൻ പ്രലോഭനമുണ്ടാകാം. അതിൽ വീണു പോകുന്നവർക്കു ലക്ഷ്യത്തിൽ എത്താൻ കഴിയാതെ വരും. ഒരുമിച്ചുള്ള യാത്രയിൽ കൂട്ടം വിട്ട്, സ്വന്തം താൽപര്യങ്ങൾ സ്ഥാപി ച്ചെടുക്കാൻ ശ്രമിക്കുന്നത് ദൈവത്തോടും സഹോദരങ്ങളോടും കാട്ടുന്ന വഞ്ചനയാണ്. ഓരോരുത്തരും സ്വന്തം താൽപര്യങ്ങൾ മാത്രം നോക്കിയാൽ പോരാ, മറ്റുള്ളവരുടെ താൽപര്യവും പരിഗണി ക്കണം (ഫിലി 2, 4).

**i. യാത്രയിലെ താവളങ്ങൾ 33, 1–56**

ഈജിപ്തിലെ അടിമത്തത്തിൽ നിന്ന് വാഗ്ദത്തഭൂമിയുടെ സ്വാത ന്ത്ര്യത്തിലേക്ക് ഇസ്രായേൽജനം നടത്തിയ തീർത്ഥാടനത്തിന്റെ സംഭി പ്തചരിത്രമാണ് ഇവിടെ വിവരിക്കുന്നത്. സങ്കീ 106ൽ ഈ യാത്ര യുടെ ഗാനാത്മകമായ ചിത്രീകരണം കാണാം. യാത്രാമധ്യേ പാളയ മടിച്ച സ്ഥലങ്ങളുടെ പട്ടിക കർത്താവിന്റെ കല്പനയനുസരിച്ച് മോശ തന്നെ കുറിച്ചു വച്ചു (33, 1–2). യാത്രയുടെ തുടക്കത്തെക്കുറിച്ചുള്ള ചെറിയ ഗാനം (33, 3–4) പുറപ്പാടു സംഭവത്തെ അനുസ്മരിപ്പിക്കു ന്നു. ഇസ്രായേൽ ജനത്തിന്റെ തീർത്ഥാടനത്തിൽ പങ്കുചേരുന്ന പ്രതീതി അനുവാചകർക്കു ലഭ്യമാകത്തക്കരീതിയിലാണ് 42 താവള ങ്ങളുടെ പട്ടിക അവതരിപ്പിച്ചിരിക്കുന്നത് (ആവർത്തനം ഒഴിവാക്കാൻ പി.ഒ.സി. ബൈബിളിൽ പല താവളങ്ങളെയും ഒരുമിച്ച് ഒരേ ക്രിയയ്ക്കു കീഴിൽ ചേർത്തിരിക്കുന്നു).

സുദീർഘമായ ഈ പട്ടികയുടെ ഇടയിൽ അഹറോന്റെ മരണം എന്ന ഒറ്റ സംഭവം മാത്രമേ (33, 38–39) എടുത്തു പറയുന്നുള്ളൂ. പ്രത്യേക സംഭവങ്ങളേക്കാൾ യാത്ര എന്ന പ്രമേയത്തിനാണ് ഇവിടെ പ്രധാന്യം നല്കിയിരിക്കുന്നത്. അതു കർത്താവിന്റെ സംരക്ഷണ യിൽ വാഗ്ദത്തഭൂമിയെ ലക്ഷ്യം വച്ചുള്ള യാത്രയായിരുന്നു.

വാഗ്ദത്തഭൂമിയിലെത്തുമ്പോൾ തദ്ദേശവാസികളോട് ഇസ്രാ യേൽക്കാർ സ്വീകരിക്കേണ്ട നിലപാടിനെക്കുറിച്ച് കർത്താവ് മോശയ്ക്കു നല്കിയ നിർദ്ദേശങ്ങൾ 33, 50–56ൽ വിവരിക്കുന്നു. ഭൂമി മുഴുവന്റെയും ഉടയവനായ കർത്താവ് കാനാൻദേശം ഇസ്രായേൽ ജനത്തിനു നല്കിയിരിക്കുന്നു. കർത്താവിനോടുള്ള വിശ്വസ്തതയ്ക്കു

വിഘാതമായേക്കാവുന്ന ഒന്നിനെയും അവിടെവച്ചു പൊറുപ്പിക്കരുത്. ഇതിനായി മൂന്നു കാര്യങ്ങൾ നിർദ്ദേശിക്കുന്നു. 1. ദേശവാസികളെ ഓടിച്ചു കളയുക. 2. അവരുടെ വിഗ്രഹങ്ങൾ തകർക്കുക. 3. പൂജാഗിരികൾ നശിപ്പിക്കുക. ബാബിലോണിൽ പ്രവാസികളായി കഴിഞ്ഞ ജനത്തോടു ദൈവവചനം പ്രഘോഷിക്കുന്ന പുരോഹിത ഗ്രന്ഥകാരന്മാരാണ് (P) കാനാൻകാരെ ഉന്മൂലനം ചെയ്യാൻ കർത്താവു നല്കിയിരുന്ന കല്പനയെ കുറിച്ചു പറയുന്നത്. കാനാൻകാരുമായി ഇടപഴകി, അവരുടെ വിഗ്രഹാരാധനയിൽ പങ്കു ചേരുകയും, അങ്ങനെ കർത്താവുമായുള്ള ഉടമ്പടി ലംഘിക്കുകയും ചെയ്തതാണ് പ്രവാസത്തിനു കാരണമെന്ന് വി. ഗ്രന്ഥകാരൻ പ്രവാസികളെ ഉദ്ബോധിപ്പിക്കുന്നു. കർത്താവിനോടുള്ള വിശ്വസ്തതയ്ക്കു കോട്ടം വരുത്താവുന്ന യാതൊന്നിനോടും ഒത്തുതീർപ്പു പാടില്ല എന്ന് ആ നിർദ്ദേശങ്ങളിലൂടെ അനുസ്മരിപ്പിക്കുന്നു.

വിചിന്തനം : വ്യക്തികളും സമൂഹങ്ങളും തങ്ങൾ കടന്നുപോന്ന വഴികളെ കുറിച്ച് അനുസ്മരിക്കുന്നത് രക്ഷാകരമാണ്. വിജയങ്ങൾ മാത്രമല്ല പരാജയങ്ങളും പാപങ്ങളും പോലും അവിടുത്തെ കരുണയുടെയും പരിപാലനയുടെയും അടയാളങ്ങളായി അനുഭവപ്പെടും.

നന്ദിയിലും വിശുദ്ധിയിലും വളരാനും ജീവിതത്തിൽ സന്തോഷം പകരാനും സഹായിക്കും.

### j. വാഗ്ദത്തഭൂമിയുടെ അതിരുകൾ 34, 1-29

ഇസ്രായേൽ ജനത്തിനു ദൈവം വാഗ്ദാനം ചെയ്ത ഭൂമിയുടെ അതിരുകളാണ് ഇവിടെ കുറിച്ചിരിക്കുന്നത്. ബി.സി. 15-ാം നൂറ്റാണ്ടു മുതൽ ഈജിപ്തിന്റെ ഒരു പ്രവിശ്യായിരുന്ന കാനാൻദേശത്തിന്റെ അതിരുകൾ തന്നെയാണ് ഇതെന്നു ചരിത്രകാരന്മാർ കരുതുന്നു. അതിരുകളായി എടുത്തുകാണിക്കുന്ന ഉപ്പുകടൽ ചാവുകടലും മഹാമസുദ്രം മധ്യധരണ്യാഴിയും കിന്നേരത്തു കടൽ ഗലീലിത്തടാകവുമാണ്. ഇസ്രായേലിന്റെ രാജ്യാതിർത്തികൾ ഏറ്റം കൂടുതൽ വിസ്തൃതമാക്കിയ ദാവീദിന്റെ കാലത്തുപോലും ഈ പ്രദേശം മുഴുവൻ കീഴടക്കാൻ അവർക്കു കഴിഞ്ഞില്ല. ബാബിലോൺ പ്രവാസത്തിനു ശേഷം ഇതേ ്തിരുകളിൽപ്പെട്ട പ്രദേശം ഇസ്രായേലിനു നല്കുമെന്ന വാഗ്ദാനം

എസെ 47, 13-29ൽ രേഖപ്പെടുത്തിയിരിക്കുന്നു. വാഗ്ദത്തഭൂമിയിലുള്ള അവകാശം ഉടമ്പടിയോടു വിശ്വസ്തത പാലിക്കുന്നതിനെ ആശ്രയിച്ചിരിക്കും എന്ന പാഠമാണ് ഇതിൽ നിന്നും ലഭിക്കുക. ദേശം വിഭജിച്ചുകൊടുക്കാൻ എലെയാസറിനെയും ജോഷ്വായെയും ഗോത്രത്തലവന്മാരെയും ചുമതലപ്പെടുത്തിയിരിക്കുന്നതിലൂടെ (34, 16-29) കർത്താവു സൗജന്യമായി നല്കുന്ന ദാനമാണ് വാഗ്ദത്തഭൂമി എന്ന് വീണ്ടും ഒരിക്കൽ കൂടി അനുസ്മരിപ്പിക്കുന്നു.

### k. ലേവ്യരുടെ പട്ടണങ്ങൾ 35, 1-34

ഇതരഗോത്രങ്ങളെപ്പോലെ വാഗ്ദത്തഭൂമിയിൽ അവകാശം ലഭിക്കാത്ത ലേവ്യർക്ക് വസിക്കാനും അവരുടെ കന്നുകാലികൾക്കു മേയാനുമായി 48 പട്ടണങ്ങളും അവയോടനുബന്ധിച്ച മേച്ചിൽ സ്ഥലങ്ങളും നല്കണമെന്ന നിർദ്ദേശം (35, 1-8) നടപ്പിലാക്കിയതായി ജോഷ്വാ 21, 1-42ൽ വിവരിച്ചിട്ടുണ്ട്. 1 ദിന 54-81ൽ 48 പട്ടണങ്ങളുടെയും പട്ടിക ഒരിക്കൽകൂടി ആവർത്തിച്ചിരിക്കുന്നു.

ലേവ്യർക്കു നല്കുന്നതിൽ ആറു പട്ടണങ്ങൾ അഭയ നഗരങ്ങളായിരിക്കണം (35, 9-15). കൊലയാളിയെ കൊന്ന് പ്രതികാരം ചെയ്യാൻ കൊല്ലപ്പെട്ട ആളിന്റെ ഏറ്റം അടുത്ത ബന്ധുവിന് അവകാശവും കടമയും ഉണ്ടായിരുന്നു. അബദ്ധവശാൽ ആരെയെങ്കിലും കൊല്ലാൻ ഇടയായവന് തന്റെ നിരപരാധിത്വം തെളിയിക്കാൻ അവസരവും പ്രതികാരകനിൽ നിന്ു സംരക്ഷണവും ലഭിക്കുന്നതിനു വേണ്ടിയുള്ള സംവിധാനമാണ് അഭയനഗരങ്ങൾ. ദേശത്തിന്റെ ഏതു ഭാഗത്തുള്ളവർക്കും ഓടിയൊളിക്കാൻ പറ്റുന്ന നഗരങ്ങളെക്കുറിച്ച് പുറ 21, 12-14; നിയ 9, 41-43; 19, 1-13; ജോഷ്വാ 20, 1-9 എന്നീ ഭാഗങ്ങളിൽ വീണ്ടും പ്രതിപാദിക്കുന്നുണ്ട്.

സംരക്ഷണം അനുവദനീയമല്ലാത്ത, മനഃപൂർവ്വമുള്ള കൊലപാതകത്തെക്കുറിച്ച് 35, 16-21ൽ പ്രതിപാദിക്കുന്നു. പ്രതികാരം ചെയ്യാൻ കടപ്പെട്ട ബന്ധുതന്നെ കൊലപാതകിയെ കൊല്ലണം എന്നു നിർദ്ദേശിച്ചിരിക്കുന്നു. മനഃപൂർവ്വമല്ലെങ്കിലും മറ്റൊരാളുടെ മരണത്തിനു കാരണമായവൻ തന്റെ തെറ്റിനു പരിഹാരമായി നിശ്ചിതകാലാവധിവരെ അഭയനഗരത്തിൽ കഴിയണം. ഇത് ഒരുവിധം തടങ്കൽ

ജീവിതമാണ്. പ്രധാനപുരോഹിതൻ മരിക്കുമ്പോൾ ദേശത്തുള്ള സകല അഭയനഗരങ്ങളിലെയും അഭയാർത്ഥികൾക്കു മോചനം നല്കണം. അഭിഷിക്തനായ പുരോഹിതന്റെ മരണം പാപപരിഹാരബലി പോലെ പരിഗണിക്കപ്പെട്ടിരുന്നു എന്ന് ഇതിൽ നിന്ന് അനുമാനിക്കാം.

33–34 വാക്യങ്ങളിൽ കൊലപാതകത്തെയും വധശിക്ഷയെയും, സർവ്വോപരി ജീവനയെും സംബന്ധിച്ച ദൈവശാസ്ത്രപരമായ കാഴ്ചപ്പാട് വ്യക്തമാക്കുന്നു. ഇസ്രായേലിനു ദൈവം നല്കിയ ദേശം അവിടുത്തെ പ്രത്യേക സാന്നിധ്യത്താൽ വിശുദ്ധമാണ്. നിരപരാധരുടെ രക്തം വീണാൽ നാട് അശുദ്ധമാകും. കുറ്റവാളിയുടെ രക്തം കൊണ്ടേ അതു ശുദ്ധീകരിക്കാൻ കഴിയൂ. മനഃപൂർവ്വം കൊല ചെയ്യുന്നവന് പണം വാങ്ങി ശിക്ഷ ഇളവു ചെയ്തുകൊടുക്കാൻ പാടില്ല. വാഗ്ദത്തഭൂമിയിൽ പ്രവേശിക്കുന്നതിനു മുമ്പേ നല്കുന്ന ഈ വിശദീകരണം ഉടമ്പടിയുടെ പ്രമാണങ്ങൾ അനുസരിച്ച്, സഹോദരങ്ങളുടെ ജീവനെ മാനിച്ചും സംരക്ഷിച്ചും ജീവിക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ചു ബോധ്യം നല്കുന്നു.

വിചിന്തനം : അഭയനഗരവാസികൾക്കു മോചനം നല്കുന്ന പ്രധാന പുരോഹിതന്റെ മരണം സകല പാപികൾക്കും മോചനം നല്കുന്ന യേശുക്രിസ്തുവിന്റെ മരണത്തിലേക്കാണ് വിരൽ ചൂണ്ടുന്നത്. നിരപരാധരുടെ രക്തം ദേശത്തെ അശുദ്ധമാക്കുന്നു എന്ന കാഴ്ചപ്പാട് എന്നത്തേക്കാളേറെ ഇന്നു പ്രസക്തമായിരിക്കുന്നു.

### i അവകാശിനിയുടെ വിവാഹം 36, 1–13

പുത്രിമാരുടെ അവകാശത്തെ കുറിച്ച് 27, 1–11ൽ നല്കിയ നിയമങ്ങൾക്ക് ഒരു വിശദീകരണമാണ് ഇവിടെ അവതരിപ്പിക്കുന്നത്. പിതാവിന്റെ സ്വത്തിൽ അവകാശികളാകുന്ന പുത്രന്മാർ തങ്ങളുടെ പിതൃഗോത്രത്തിൽപ്പെട്ടവരുമായി മാത്രമേ വിവാഹബന്ധത്തിൽ ഏർപ്പെടാവൂ. ഒരു ഗോത്രത്തിന് അവകാശമായി നല്കിയ ഭൂമി വിവാഹം വഴി മറ്റു ഗോത്രത്തിലേക്കു കൈമാറിപ്പോകാതിരിക്കാൻ വേണ്ടിയാണ് ഈ പരിമിതി കല്പ്പിച്ചിരിക്കുന്നത്.

‘‘ഇവയാണ് ജെറീക്കോയുടെ എതിർവശത്ത്, ജോർദ്ദാനു സമീപം മൊവാബുസമതലത്തിൽവെച്ച് മോശ വഴി ഇസ്രായേൽ ജന

ത്തിനു നല്കിയ നിയമങ്ങളും ചട്ടങ്ങളും'' (36, 13). പുരോഹിതരചന യുടെ സവിഷേഷത വ്യക്തമാക്കുന്ന ഈ പ്രസ്താവനയോടെ മരു ഭൂമിയിലൂടെയുള്ള തീർത്ഥാടനത്തിന്റെ വിവരണം അവസാനിക്കുന്നു.

## ചോദ്യങ്ങൾ

1. ബാൽപെയോർ സംഭവം എന്നാൽ എന്ത്?

2. മിദിയാൻകാരെ ശിക്ഷിക്കാൻ കാരണമെന്ത്? എപ്രകാരമാണ് ശിക്ഷാവിധി നടപ്പിലാക്കിയത്?

3. പെൺമക്കൾക്ക് പിതൃസ്വത്തിലുള്ള അവകാശത്തെക്കുറിച്ച് എന്തു നിർദ്ദേശങ്ങളാണ് നല്കിയിരിക്കുന്നത്?

4. നേതൃത്വം ജോഷ്വായ്ക്ക് കൈമാറുന്നതിൽ നിന്ന് എന്തു പാഠമാണ് ലഭിക്കുക?

5. ആണ്ടുതോറും ആഘോഷിക്കേണ്ട അഞ്ചു പ്രധാന തിരുനാളു കളെ കുറിച്ച് ഇവിടെ പ്രതിപാദിക്കുന്നുണ്ട്. ഏവ?

6. ഏതെല്ലാം ഗോത്രങ്ങലാണ് ജോർദ്ദാനു കിഴക്ക് വാസമുറപ്പിച്ചത്? അവരുടെ അഭ്യർത്ഥനയെ മോശ എതിർക്കാൻ കാരണമെന്ത്?

7. പാളയങ്ങളുടെ പട്ടികയിൽ നിന്ന് എന്തു സന്ദേശമാണ് ലഭിക്കു ന്നത്?

8. അഭയനഗരം എന്നാൽ എന്ത്? അതിനെ സംബന്ധിച്ച നിയമങ്ങൾക്ക് ഇന്ന് എന്തു പ്രസക്തിയുണ്ട്?

**ചർച്ചയ്ക്ക്** : നിരപരാധരുടെ രക്തം ദേശത്തെ അശുദ്ധമാക്കുന്നു. ഈ വിശ്വാസത്തിൻരെ വെളിച്ചത്തിൽ നമ്മുടെ സമൂഹത്തെയും വ്യക്തിപരമായ ജീവിതത്തെയും വിലയിരുത്തുക. ഗർഭഛിദ്രം, പട്ടി ണിമരണം, ആത്മഹത്യ, മദ്യവും മയക്കുമരുന്നുകളും മൂലമുണ്ടാകുന്ന രോഗങ്ങൾ, കൊലപാതകങ്ങൾ മുതലായവ മേൽപ്പറഞ്ഞ വിശ്വാസ ത്തിന്റെ വെളിച്ചത്തിൽ വിശകലനം ചെയ്ത് നിങ്ങൾക്ക് എന്തു ചെയ്യാ നാവുമെന്ന് കണ്ടുപിടിക്കുക.

**പ്രാർത്ഥന** : 106-ാം സങ്കീർത്തനം ഉപയോഗിച്ചു പ്രാർത്ഥിക്കുക.